# ഉള്ളടക്കം

കത്തുകൾ....4
എഡിറ്റോറിയൽ....5

കവർ സ്റ്റോറി

06 മതംമാറ്റം: കെണി പുതിയതെങ്കിലും ഇര പഴയത് തന്നെ
മൗലാനാ സജ്ജാദ് നുഅ്മാനി

തീജാനീ ത്വരീഖത്തും സാമ്രാജ്യത്വ ദാസ്യ വൃത്തിയും 11
പ്രൊഫസർ അബ്ദുർറഹ്മാൻ ആദൃശ്ശേരി

15 ഹിജാബ് ഒരു കഷ്ണം തുണിയല്ല അതൊരു സംസ്കാരമാണ്
സൈൻ

ഹിജാബ്: ഇസ്ലാമിലും മതങ്ങളിലും 21
ആഷിഖ് ഹുസ്നി ചുനക്കര

മദീനത്തുൽ മുനവ്വറ അഥവാ സുരക്ഷിത നാട് 28
നജീം കശ്ശാഫി, കരുനാഗപ്പള്ളി

ഹിജാബ് വിശുദ്ധിയാണ് വ്യക്തിത്വമാണ് 34
ഹാഫിസ് മുഹമ്മദ് ഹുസൈൻ അൻസാരി ഖാസിമി

ലേഖനം

മൾട്ടി ലെവൽ മാർക്കറ്റിംഗ്
ഉസ്താദ് മുഫ്തി ഇ.എം സുലൈമാൻ കൗസരി .... 26

അനുഭവങ്ങൾ ഓർമയിൽ തെളിയുമ്പോൾ - 2
എഎച്ച്ജവാദ്മൗലവിഅൽ കൗസരി ....31

ചോദ്യോത്തരങ്ങൾ
ദാറുൽ ഇഫ്താ അൽ ജാമിഅ കഷ്ഷാഫുൽ ഉലൂം, പത്തനംതിട്ട.... 32

സ്ത്രീകളും നിയമസഭാ അംഗത്വവും
മൗലാനാ മുഹമ്മദ് മൻള്ളൂർ നുഅ്മാനി.... 37

മീഡിയ മെസേജ്....41

കുട്ടികളുടെ പംക്തി/ ജെ. കെ ....42

ബലാഗ്
Message മാസിക

അൽകൗസർ ഉലമാ കൗൺസിൽ പ്രസിദ്ധീകരണം

നൂറുൽ ഹുദാ മസ്ജിദ് ബിൽഡിംഗ്, II ഫ്ളോർ എറണാകുളം നോർത്ത്, കൊച്ചി – 682018

പുസ്തകം 24 | ലക്കം 12
1 മാർച്ച് 2022
1443 റജബ് – ശഅ്ബാൻ

**രക്ഷാധികാരി**
ഇ. എം. സുലൈമാൻ മൗലവി അൽകൗസരി

**ഡയറക്ടർ**
റ്റി. എ അബ്ദുൽ ഗഫാർ മൗലവി അൽ കൗസരി

**ചീഫ് എഡിറ്റർ**
ഹാഫിസ് മുസമ്മിൽ മൗലവി അൽകൗസരി

**അസോസിയേറ്റ് എഡിറ്റർ**
പി. എച്ച്. സൈനുൽ ആബിദീൻ മൗലവി അൽകൗസരി

**ഫൗണ്ടർ**
ഹാഫിസ് അബ്ദുശ്ശക്കൂർ മൗലവി ഖാസിമി

**മാനേജിംഗ് എഡിറ്റർ**
ഹാഷിം ജവാദ് മൗലവി അൽ കൗസരി

**മാനേജർ**
ശിഫാർ കൗസരി

**സർകുലേഷൻ മാനേജർ**
യൂനുസ് മൗലവി അൽകൗസരി

## കത്തുകൾ



# ഓർമ്മ കുറിപ്പ്

ജവാദ് മൗലവി അൽ കൗസരിയുടെ ഓർമ്മയിൽ തെളിയുമ്പോൾ.. എന്ന ഓർമ്മ കുറിപ്പ് വായിച്ചു. മൂസാ മൗലാനാ യുടേയും യൂസുഫ് ഹസ്റത് ജിയുടേയുമൊക്കെ ദഅ് വത്തിന്റെ മാർഗ്ഗത്തിൽ, അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ടുള്ള പരിശ്രമം ലോകത്തു വരുത്തിയ മാറ്റവും ഉമ്മത്തിൽ ഉണ്ടാക്കിയ ദീനിയായ അഭിവൃദ്ധിയും എത്ര വലുതാണ്. അന്നു മൗലാനയുടെ ജീവിത മാർഗ്ഗങ്ങളെ സംബന്ധിച്ച് ഉത്ക്കണ്ഠ തോന്നിയ സ്നേഹിതന്മാരുടെ അഭിപ്രായം കേട്ട് ആ രീതി സ്വീകരിച്ചിരുന്നെങ്കിൽ ഉണ്ടാകുന്ന അവസ്ഥ നമുക്കു ആലോചിക്കാവുന്നതേയുള്ളൂ. എല്ലാം അല്ലാഹുവിന്റെ തെരഞ്ഞെടുപ്പും തീരുമാനങ്ങളുമാണല്ലോ.!

അവൻ ഉദ്ദേശിക്കുന്നവരെ നന്മയുടെ താക്കോലും തിന്മയുടെ തടസ്സക്കാരുമാക്കും. നമുക്ക് ഏറെ ചിന്തിക്കാനും ഗുണപാഠം ഉൾക്കൊള്ളാനും ഈ മഹത്തുക്കളുടെ ജീവിതരേഖ ഒരു മാർഗ്ഗമാണ്. അല്ലാഹു ലേഖകനും ബലാഗിന്റെ പ്രവർത്തകർക്കും നല്ല പ്രതിഫലം നൽകട്ടെ. ആമീൻ.

**ബഷീർ കുട്ടി,**
കൊല്ലം.

# വിശ്വാസ ശാസ്ത്രം

ഫെബ്രുവരി ബലാഗ് വായിച്ചു. ഇസ്ലാമിക വിശ്വാസ ശാസ്ത്രം വളരെ ഗൗരവമേറിയതാണ്. ആദ്യം അറിയേണ്ട വിജ്ഞാനവും അതുതന്നെയാണല്ലോ.ബാക്കി സകല വിജ്ഞാന ശാഖകളും അതിനു പിറകേ വരുന്നതാണ്. അല്ലാഹുവിനെ അറിയുക എന്നതാണല്ലോ പരമ പ്രധാനം. അല്ലാഹുവിനെ അറിയാനുള്ള മാർഗ്ഗം അല്ലാഹുവിന്റെ സിഫാത്തുകളെ മനസ്സിലാക്കലാണ്. അതു സഹാബികളും മുൻഗാമികളും മനസ്സിലാക്കിയ രീതിയിൽ നാമും മനസ്സിലാക്കുകയാണ് വേണ്ടത്. അല്ലാഹുവിന്റെ സിഫാത്തുകളെ നിഷേധിക്കുകയോ, നിഷ്ക്രിയമാക്കുകയോ,രൂപം നിശ്ചിയിക്കുകയോ, സദൃശപ്പെടുത്തുകയോ ചെയ്യാൻ പാടില്ല. 'അല്ലാഹു അർഷിൽ ഉപവിഷ്ടനായി' എന്നതിനെ സംബന്ധിച്ച് ഇമാം മാലികി(റ) നോട് ഒരാൾ ചോദിച്ചപ്പോൾ ഇമാം അവർകൾ പറഞ്ഞു. ' അൽ-ഇസ്തിവു മഅ്ലൂമുൻ വൽ കയ്ഫ് മജ്ഹൂലുൻ വൽ ഈമാനു ബിഹീ വാജിബുൻ വസ്സുആലു അൻഹു ബിദ്അതുൻ' (അല്ലാഹു അർഷിൽ ഉപവിഷ്ടനായി എന്നത് (ഖുർആനിലൂടെ) അറിയപ്പെട്ടതാണ്. അതിന്റെ രൂപം (നമുക്ക്) അജ്ഞാതമാണ്. അതിൽ വിശ്വസിക്കൽ നിർബന്ധമാണ്. അതിനെ കുറിച്ച് ചോദിച്ചുകൊണ്ടു നടക്കുൽ ബിദ്അത്താണ്) എന്നാണ്.

അപ്പോൾ അല്ലാഹുവും റസൂലും പഠിപ്പിച്ച രീതിയിൽ അല്ലാഹുവിലും ഈമാൻ കാര്യങ്ങളിലും വിശ്വസിക്കലാണ് രക്ഷാമാർഗ്ഗം.

**ബിൻ അലി,**
മയ്യത്തുംകര

### പ്രപഞ്ചനാഥന്റെ അനുഗ്രഹത്താൽ

# ഒരു വിശ്വാസി

വിശുദ്ധ ഖുർആൻ ഭൗതിക ജീവിതത്തെ വിനോദം എന്നാണ് പരിചയപെടുത്തിയത് (ഹദീദ് 20).അതിന് അല്ലാഹു വലിയ വിലയൊന്നും കൽപ്പിച്ചിട്ടുമില്ല. 'പക്ഷേ, നിങ്ങൾ ഐഹിക ജീവിതത്തെ തെരഞ്ഞെടുക്കുന്നു. പരലോകമാകുന്നു ഏറ്റവും ഉത്തമവും നിലനിൽക്കുന്നതും.' (അഅ്‌ലാ: 16,17) അതുകൊണ്ടു തന്നെ ഇവിടുത്തെ സുഖ സൗകര്യങ്ങൾ സത്യവിശ്വാസത്തിന് പകരമായി അല്ലാഹു നിശ്ചയിച്ചില്ല.വിശ്വാസിക്കു വാഗ്ദാനം ചെയ്യുന്ന 'ഹയാതൻ തയ്യിബ' (നല്ല ജീവിതം) നിറഞ്ഞ ഈമാനിലൂടെ ലഭിക്കുന്ന മനസമാധാനവും സംതൃപ്തിയുമാണ്.അല്ലാഹുവിന് വേണ്ടി തന്നെ സമർപ്പിക്കുന്നതിനാൽ അവനിൽ നിന്നും ലഭിക്കുന്ന അത്ഭുതകരമായ അഭയവും ആശ്രയവുമാണ്.

മക്കയിലെ പൊള്ളുന്ന വെയിലിൽ ബിലാലിബിൻ റബാഹിനെ മലർത്തി കിടത്തി ഉമയ്യതുബിൻ ഖലഫും അബൂജഹലും കഠിനമായ പ്രഹരം ഏൽപ്പിക്കുകയാണ് . ബിലാൽ അടിമയും അപരർ യജമാനരും നേതൃസ്ഥാനീയരുമാണ്. ബിലാൽ കറുത്ത കാപ്പിരിയും ഹബിഷിയും മർദ്ദകർ വെളുത്തവരും ഖുറൈശികളുമാണ്. അസഹ്യമായ പീഡ അനുഭവിക്കുന്ന ബിലാൽ അപ്പോഴും ആ അഹങ്കാരികളെ കണ്ടത് ഇരുട്ടിൽ തപ്പിതടയുന്ന അന്ധന്മാരായിട്ടാണ്. അദ്ദേഹം ശിരസ്സുയർത്തി അഭിമാന ബോധത്തോടെ പറഞ്ഞു 'അഹദ്,അഹദ്' (അല്ലാഹു ഏകനാണ്, അവൻ ഒരുവനാണ്) ബാഹ്യശരീരം വേദനിപ്പിക്കപ്പെടുമ്പോഴും മനസ്സും ആത്മാവും സമാധാനത്തിലും സംതൃപ്തിയിലുമായിരുന്നു. ഹറാംബിൻ മിൽഹാ (റ)നെ ആമിറിബ്നു തുഫൈൽ കുന്തംകൊണ്ടു കുത്തുകയും അത് അദ്ദേഹത്തിന്റെ നെഞ്ചു പിളർന്നു മറുപുറം കടക്കുകയും ചെയ്തപ്പോൾ,'കഅ്ബയുടെ റബ്ബിൽ സത്യം ഞാൻ വിജയിച്ചു' എന്നു പറഞ്ഞാണ് അദ്ദേഹം ശഹാദത്ത് വരിച്ചത്. ആമിറിബ്നു ഫുഹൈറ( റ)യെ ജബ്ബാറിബ്നു സലമി കുന്തംകൊണ്ടു കുത്തുകയും അദ്ദേഹം നിലം പതിക്കുകയും ചെയ്തപ്പോഴും പറഞ്ഞു 'ഫുസ്തു വറബ്ബിൽ കഅ്ബ' എന്ന്. അതു കേട്ട ഘാതകൻ ആ വാചകത്തിന്റെ പൊരുൾ മനസ്സിലാക്കാൻ ശ്രമിക്കുകയും ശേഷം ഇസ്‌ലാം സ്വീകരിക്കുകയുമായിരുന്നു.

ഇസ്‌ലാമിക ചരിത്രത്തിൽ ഇങ്ങനെയുള്ള ആയിരക്കണക്കിന് സംഭവങ്ങൾ കാണാൻ കഴിയും. അതു ഒരു വിശ്വാസിയും അവിശ്വാസിയും തമ്മിലുള്ള വ്യത്യാസമാണ്. രണ്ടു പേരുടേയും ജീവിതം രണ്ടു റൂട്ടിലുടെയാണ്.

ഖുർആൻ ഇരുവരേയും പരിചയപെടുത്തുന്ന ചില ഉപമകൾ ഇതാ;

ഒരാൾ ജീവിച്ചിരിക്കുന്നവനും അടുത്തയാൾ മൃതിയടഞ്ഞവനും (ഫാത്വിർ,22) . ഒരാൾ ചൊവ്വായ പാഥയിലൂടെ നേരേ നടക്കുന്നവനും അപരൻ മുഖം നിലത്തു കുത്തി കീഴ്ക്കാം തൂക്കായി നടക്കുന്നവനും (അൽ മുൽക്ക് 22) ഒരാൾ കാഴ്ചയുള്ളവനും രണ്ടാമൻ അന്ധനും.(അൽ അൻആം,50). ഒരാൾ പ്രകാശത്തിൽ ചരിക്കുന്നവനും അപരൻ അന്ധകാരത്തിൽ തപ്പിതടയുന്നവനും.(അൽ ബഖറ,257) അതു കൊണ്ട് തന്നെ രണ്ടു പേരുടേയും ജീവിത ലക്ഷ്യവും രണ്ടാണ്. ഒരാൾക്ക് തന്റെ ശാരീരിക മോഹങ്ങളുടേയും ഇച്ഛകളുടേയും പൂർത്തീകരണത്തിന് അപ്പുറം ജീവിതത്തിനു മറ്റൊരു ലക്ഷ്യവും ഇല്ല. കേവല ഭൗതിക സൗഖ്യവും സന്തോഷവും എന്നതിലുപരി മറ്റൊരു അജണ്ടയും ലക്ഷ്യമല്ല. എന്നാൽ, മറുഭാഗത്ത് വിശ്വാസിയായ മനുഷ്യന് വലിയ ജീവിത ലക്ഷ്യമുണ്ട്. അഥവാ, താൻ പ്രപഞ്ച നാഥന്റെ അടിമയാണന്നും അവന് ആരാധനകൾ അർപ്പിച്ച്, ആ രക്ഷിതാവിനെ തൃപ്തിപെടുത്തലാണ് തന്റെ ജീവിത രഹസ്യം എന്നും അവൻ മനസ്സിലാക്കുന്നു. ഈ ലോകത്തു നിന്നും ഒരിക്കലും അവസാനിക്കാത്ത യഥാർത്ഥ സന്തോഷത്തിൽ എത്തി ചേരേണ്ടവനാണെന്നുള്ള ലക്ഷ്യബോധത്തോടെ അവൻ

ജീവിക്കുന്നു.ഇക്കാര്യത്തിലേക്കു ജനങ്ങളെ ക്ഷണിക്കാൻ ഞാൻ ബാധ്യസ്ഥനാണെന്നു അവൻ തിരിച്ചറിയുന്നു. ഉടമസ്ഥന്റെ കോപം ഉണ്ടാകുന്ന സകല കാര്യങ്ങളിൽ നിന്നും, ഭൗതിക ലോകത്ത് എത്ര നഷ്ടം സംഭവിച്ചാലും അകന്നു മാറണം എന്നവൻ മനസ്സിലാക്കുന്നു. അതുകൊണ്ട് തന്നെ ഐഹിക നഷ്ടമൊന്നും അവനെ അലോസര പ്പെടുത്തുകയില്ല. അവിശ്വാസികൾക്ക് ഇവിടെ ലഭിക്കുന്ന തരത്തിലുള്ള അതിരുകളിലാത്ത സ്വതന്ത്ര്യവും എങ്ങനെയും ഇഹ ലോകത്തെ ഔന്നത്യം നേടണം എന്ന ചിന്തയും അവനില്ല.സൗഭാഗ്യമെന്നത്, സമ്പത്തോ സന്താനങ്ങളോ കൂടുന്നതോ പ്രസിദ്ധി ലഭിക്കലോ ഭൗതിക വിദ്യാഭ്യാസം കരസ്ഥമാക്കലോ അധികാരം നേടലോ കണ്ടുപിടുത്തങ്ങൾക്ക് സാധിക്കലോ ഒന്നുമല്ലെന്ന് അവന് ബോധ്യമുണ്ട്. കാരണം,എന്നും ഭൗതിക അലങ്കാരങ്ങളും സൗകര്യങ്ങളും അധികമായി അല്ലാഹു വിശുദ്ധർക്കു നൽകിയില്ല.മാത്രമല്ല, അല്ലാഹു പ്രവാചകരെ സംബോധന ചെയ്തു കൊണ്ടു പറയുന്നു 'അവരുടെ സമ്പത്തും സന്താനങ്ങളും താങ്കളെ ആശ്ചര്യ പ്പെടുത്താതിരിക്കട്ടെ'. (അത്തൗബ.85) ' അവരിൽ പല വിഭാഗങ്ങൾക്ക് നാം ഭൗതിക ജീവിതാലങ്കാരം അനുഭവിപ്പിച്ചതിലേക്ക് താങ്കളുടെ ദൃഷ്ടികൾ താങ്കൾ പായിക്കരുത്.അതിലൂടെ നാം അവരെ പരീക്ഷിക്കുന്നു.'( ത്വാഹാ 131).

അതു കൊണ്ട് അധികാരം, വിദ്യാഭ്യാസം, സമ്പത്ത്, തുടങ്ങിയ ബാഹ്യമായ ഒന്നിനു വേണ്ടിയും ഒരു യഥാർത്ഥ വിശ്വാസി ദീനീ നിയമങ്ങളെ ലംഘിക്കുകയില്ല. അക്കാര്യത്തിൽ വലിയ നഷ്ടമെന്നു മറ്റുള്ളവർ കരുതുന്ന് അവന്റെ മുന്നിൽ നഷ്ടമേയല്ല. 'എന്റെ നമസ്കാരവും ഇതര കർമ്മങ്ങളും എന്റെ ജീവിതവും മരണവും സർവ ലോക രക്ഷിതാവനാണ്' എന്നു ദിനം പ്രതി പ്രതിജ്ഞ ചെയ്യുന്ന മുഅ്മിൻ അല്ലാഹുവോടൊപ്പം ജീവിക്കുന്നവനാണ്. 'നിങ്ങൾ എവിടെയായിരുന്നാലും അല്ലാഹു നിങ്ങളോടൊപ്പമുണ്ട്'. (ഹദീദ്, 4).

■ ചീഫ് എഡിറ്റർ

കവർ സ്റ്റോറി

**മൗലാനാ സജ്ജാദ് നുഅ്മാനി**
വിവ: അബ്ദുശ്ശകൂർ ഹസനി അൽ ഖാസിമി

# മതംമാറ്റം: കെണി പുതിയതെങ്കിലും ഇര പഴയത് തന്നെ

കാലഘട്ടം അതിവേഗതയിൽ മാറിമറിഞ്ഞുകൊണ്ടിരിക്കുകയാണ്. ഓരോ പ്രഭാതവും പൊട്ടിവിടരുന്നത് പ്രശ്നങ്ങളുടെ ഓരോ പട്ടികയുമായിട്ടാണ്. ഓരോ സൂര്യനും അസ്തമിക്കുന്നത് കുഴപ്പങ്ങളുടെ വലിയൊരു കൂന അവശേഷിപ്പിച്ചുകൊണ്ടാണ്. മുസ്‌ലിംകളിൽ വലിയൊരു വിഭാഗം ഈ ഒരു അവസ്ഥയിലും സാധാരണ ജീവിതത്തിൽ മുഴുകിക്കഴിയുന്നു. ആഹാര-പാനിയം, വാഹന-പാർപ്പിടങ്ങൾ, വിവാഹ ആഘോഷങ്ങൾ മുതലായവയിൽ യാതൊരു മാറ്റവും വന്നിട്ടില്ല. പരിസരത്തെക്കുറിച്ച് ഒരു ബോധവും ഇല്ലാതെ സുഖ-സമാധാനങ്ങളോടെ അവർ ജീവിക്കുന്നു. എന്നാൽ, വലിയൊരു വിഭാഗം സഹോദരങ്ങൾ മാനവരാശിയുടെ വിശിഷ്യാ മുസ്‌ലിം സമുദായത്തിന്റെ ഓരോ പ്രശ്നങ്ങളും കണ്ട് ദു:ഖിക്കുകയും പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇന്ത്യൻ മുസ്‌ലിംകളുടെ കഴുത്തിൽ വന്നു വീണിരിക്കുന്ന പുതിയ പരീക്ഷണം മതം മാറ്റത്തിന്റെ തരംഗമാണ്. പ്രത്യേകിച്ചും യുവതീ-യുവാക്കളിൽ ഇത് വ്യാപകമായിക്കൊണ്ടിരിക്കുന്നു. അമുസ്‌ലിം യുവതികളെ മുസ്‌ലിം യുവാക്കൾ ലൗ ജിഹാദിന്റെ പേരിൽ മതം മാറ്റുന്നുവെന്നാണ് പ്രചണ്ഡ പ്രചാരണമെങ്കിലും ആയിരക്കണക്കിന് പെൺകുട്ടികൾ ദീനും ഈമാനും വിട്ട് മറ്റുള്ളവരുടെ ചതിയിൽ കുടുങ്ങുന്നു എന്നതാണ് യാഥാർത്ഥ്യം.

ഈ അവസ്ഥയെ ശരിയായ നിലയിൽ വിലയിരുത്തുന്നതിനും പ്രശ്നത്തെ പരിഹരിക്കുന്നതിനും ആദ്യമായി ഇസ്‌ലാമിക ചരിത്രം വിശിഷ്യാ അതിന്റെ പ്രഥമ കാലഘട്ടം ഒരിക്കൽ കൂടി നാം മറിച്ച് നോക്കേണ്ടതാണ്. കാരണം ഇതിലൂടെയാണ് നാം ഭാവിലോകത്തേക്കുള്ള മാർഗ്ഗം കണ്ടെത്തേണ്ടത്. മുഹമ്മദുർ റസൂലുല്ലാഹി (സ)യുടെ യുഗം മുതൽ ഇന്നുവരെയുള്ള ചരിത്രത്തെ പരിശോധിച്ചാൽ രണ്ട് യാഥാർത്ഥ്യങ്ങൾ തിരിച്ചറിയാൻ സാധിക്കും. ഒന്ന്, മുസ്തഫാ നബിയുടെ വിളക്കിനും അബൂ

ലഹബിയൻ കുതന്ത്രങ്ങൾക്ക് ഇടയിലുമുള്ള പോരാട്ടം, സർവ്വ കാലത്തുമുള്ള ഒരു സത്യമാണ്. (ഇഖ്ബാൽ) അതെ, സത്യാസത്യങ്ങൾക്കും അക്രമ-നീതികൾക്കും ഇടയിലുള്ള പോരാട്ടം സർവ്വ കാലഘട്ടത്തിലും നടന്നിരുന്നു. വിശിഷ്യാ സത്യം മനസ്സിലാക്കിയിട്ടും അഹന്തയോടെ അതിനെ തകർക്കാൻ പരിശ്രമിക്കുകയും തടസ്സങ്ങൾ സൃഷ്ടിക്കുകയും സ്നേഹത്തിന്റെ ശൈലിയിൽ പോലും ശത്രുത പുലർത്തുകയും ചെയ്ത വംശീയ ശക്തികൾ എന്നും ഇസ്‌ലാമിനെതിരിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയിരുന്നു... (ആലുഇംറാൻ 118). രണ്ട്, സത്യാസത്യങ്ങൾക്കിടയിലുള്ള ഈ നിരന്തര പോരാട്ടങ്ങളിൽ അന്ത്യമ വിജയം എന്നും സത്യവിശ്വാസികൾക്ക് തന്നെയായിരുന്നു. അതായത് യഥാർത്ഥ സത്യവിശ്വാസികൾ എല്ലാ കാലത്തും സർവ്വ സ്ഥലങ്ങളിലും വിജയിച്ച് ഉയർന്ന് നിന്നു. മനസ്സിൽ ഈമാനിന്റെ പ്രകാശമില്ലാത്ത നാമമാത്ര മുസ്‌ലിംകൾ പലപ്പോഴും വിജയികളുടെ അണിയിൽ നിന്നും തെന്നിമാറി ശത്രുക്കളുടെ കൂടാരത്തിൽ അഭയം തേടിയിരുന്നു.

ഈ രണ്ട് യാഥാർത്ഥ്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ട് ആദ്യമായി ഇസ്‌ലാമിക ചരിത്രത്തിന്റെ ആദ്യ കാലത്തേക്ക് ഒന്ന് എത്തി നോക്കുക: അന്ന് ജാഹിലീ വംശീയ വാദത്തിന്റെ ഒരു കാലഘട്ടമായിരുന്നു. വംശീയ, ഗോത്ര പെരുമകളും കുടുംബ പോരിശകളും അന്നത്തെ അഭിവാജ്യ ഘടകമായിരുന്നു. സത്യാസത്യങ്ങളുടെ അളവുകോൽ പോലും വംശവും കുടുംബവുമായിരുന്നു. അതായത് ഒരാൾ തന്റെ വംശത്തിലോ, കുടുംബത്തിലോ പെട്ട ആളാണെങ്കിൽ അയാൾ പറയുന്നതെല്ലാം സത്യമായും അന്യർ പറയുന്ന സകല കാര്യങ്ങളും അസത്യമായും ഗണിക്കപ്പെട്ടിരുന്നു. ഇതിനിടയിൽ മുഹമ്മദീ സൂര്യൻ ഉദിച്ചുയരുകയും ലോകത്തിന് മുന്നിൽ സരളവും സമുന്നതവുമായ ഒരു ജീവിത പദ്ധതി സമർപ്പിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ആയിരക്കണക്കിന് നന്മകളിൽ ഏറ്റവും പ്രധാനപ്പെട്ട നന്മ പടച്ചവന്റെ അടിമകൾ എന്ന നിലയിൽ മുഴുവൻ മാനവരാശിയെയും സാഹോദര്യത്തിന്റെ ചരടിൽ ബന്ധിപ്പിച്ചു എന്നതാണ്. പ്രത്യേകിച്ചും ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വിശുദ്ധ വചനത്തിന്റെ കീഴിൽ സത്യവിശ്വാസികളെ മുഴുവൻ ഏകോദര സഹോദരങ്ങളാക്കി. വർഗ്ഗ, വർണ്ണ, ദേശ, ഭാഷകളുടെ നാല് അതിർത്തികളെയും തകർത്ത് ലോകത്തെ ഒരൊറ്റ നാടും വീടുമാക്കി. ഈ ഒരു വീക്ഷണമാണ് തുടർന്ന് ലക്ഷക്കണക്കിന് ആളുകളെ ഇസ്‌ലാമിലേക്ക് പ്രധാനമായും ആകർഷിച്ചത്. എന്നാൽ ഈ വീക്ഷണം മറ്റുള്ളവർക്ക് വളരെ ബുദ്ധിമുട്ടുമായിരുന്നു. ഇതിന്റെ പേരിൽ അവർ വിശ്വാസി സമൂഹത്തെ ധാരാളം പീഢിപ്പിക്കുകയും അവസാനം സ്വദേശ പരിത്യാഗം നടത്താൻ അവരെ നിർബന്ധിതരാക്കുകയും ചെയ്തു. പക്ഷേ, ഹിജ്റ എന്ന പേരിൽ അറിയപ്പെട്ട ഈ പലായനം മുഹാജിർ, അൻസാർ എന്ന രൂപത്തിൽ ലോകം ഇന്നുവരെയും ദർശിച്ചിട്ടില്ലാത്ത സുവർണ്ണ സാഹോദര്യത്തിന്റെ ചിത്രം ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടി. ശേഷം ഈ സാഹോദര്യ ബന്ധം വീണ്ടും വിശാലമാവുകയും അറബികൾ അല്ലാത്ത എല്ലാവരെയും അജം (മൂകന്മാരായ അനറബികൾ) എന്ന പേരിൽ പരിഹസിക്കപ്പെട്ടിരുന്ന അനറബികളിലേക്കും കടന്നുചെന്ന് അവരെയെല്ലാം സഹോദരങ്ങളാക്കി. പേർഷ്യയിലെ സൽമാൻ (റ), റോമിലെ സുഹൈബ് (റ), എത്യോപ്യയിലെ ബിലാൽ (റ) തുടങ്ങി വിവിധ ദേശക്കാരെല്ലാം അറബികളോടൊപ്പം തോളുരുമി മുന്നേറുന്ന സമുന്നത രംഗം സംജാതമായി. മറുഭാഗത്ത് ഈ സമുൽകൃഷ്ട മഹത്വം തന്നെ വംശീയ പ്രാദേശിക നിറങ്ങളിൽ മുങ്ങിക്കിടന്നിരുന്ന അഹങ്കാരികൾക്ക് വലിയ അസ്വസ്ഥതകൾ ഉണ്ടാക്കി. ഇസ്‌ലാം സ്വീകരിക്കാൻ

“
**യഥാർത്ഥ സത്യവിശ്വാസികൾ എല്ലാ കാലത്തും സർവ്വ സ്ഥലങ്ങളിലും വിജയിച്ച് ഉയർന്ന് നിന്നു. മനസ്സിൽ ഈമാനിന്റെ പ്രകാശമില്ലാത്ത നാമമാത്ര മുസ്‌ലിംകൾ പലപ്പോഴും വിജയികളുടെ അണിയിൽ നിന്നും തെന്നിമാറി ശത്രുക്കളുടെ കൂടാരത്തിൽ അഭയം തേടിയിരുന്നു.**
”

അവർക്ക് ഏറ്റവും വലിയ തടസ്സം ഈ മാതൃകാ സാഹോദര്യമായിരുന്നു. യഹൂദികൾ പറഞ്ഞു: ആയിരക്കണക്കിന് വർഷങ്ങളായി ഞങ്ങളിൽ തുടരുന്ന പ്രവാചകത്വം ഇസ്മാഈൽ കുടുംബത്തിൽ എങ്ങനെ പരിസമാപ്തി കുറിക്കപ്പെട്ടു? ക്രൈസ്തവ ഭരണാധികാരികളായ ഹിർഖലും മുഖൗഖിസും പറഞ്ഞു: സത്യത്തിന്റെ അന്ത്യമ സന്ദേശവുമായി വന്ന ഈ പ്രവാചകൻ ശാം പോലെ സസ്യ ശ്യാമളമായ പ്രദേശത്ത് വരുന്നതിന് പകരം മക്ക പോലെ താഴ്ന്ന പ്രദേശത്ത് എങ്ങനെ വന്നു? മക്കയിലെ നിഷേധികളുടെ പ്രധാന പരാതി ഇതായിരുന്നു: പടച്ചവന് പ്രവാചകനെ അയക്കണമെങ്കിൽ അനാഥനായ മുഹമ്മദിനെ എന്തിന് തെരഞ്ഞെടുത്തു? മക്കയിലും ത്വാഇഫിലുമുള്ള സമ്പന്നനും സ്ഥാനീയനുമായ ആരെയെങ്കിലും തെരഞ്ഞെടുക്കാമായിരുന്നല്ലോ? മക്കയിലെ ബുദ്ധി കേ

ന്ദ്രവും എന്നാൽ ഈ ബുദ്ധി ശരിയായ വഴിയിൽ ചിലവഴിക്കാത്തതിനാൽ റസൂലുല്ലാഹി (സ)യുടെ കഠിന ശത്രുവായി മാറുകയും ചെയ്ത അബൂജഹ്ലി ന്റെ അടിസ്ഥാന പരാതി ഇതായിരുന്നു: ഖുറൈശ് വംശത്തിലെ ഒരു ശാഖയായ അബ്ദു മനാഫ് പരമ്പ രയിൽ ഈ പ്രവാചകത്വം എന്തിന് പോയി? ഞങ്ങൾ മഖ്സൂമി പരമ്പര അവരെക്കാൾ മികച്ചവരാണല്ലോ?

നാം ഒന്ന് ചിന്തിക്കുക: ഇസ്‌ലാമിന്റെ പ്രഥമ യുഗ ത്തിലെ ഏറ്റവും വലിയ ശത്രുതയുടെ അടിസ്ഥാന കാ രണം ഈ കുടുംബ, വംശീയ, പ്രാദേശിക പക്ഷപാതി ത്വമായിരുന്നു. റസൂലുല്ലാഹി (സ)യോടുള്ള ശത്രുത യിലും അസൂയയിലും എല്ലാവരെയും കവച്ചുവെച്ച യഹൂദികളുടെ ചിത്രം ഖുർആൻ ഇപ്രകാരം തന്നെ സമർത്ഥിക്കുന്നു: ....... (ബഖറ 109). എന്നാൽ, ആദ്യ കാലക്കാരായ ഇസ്‌ലാമിക സമൂഹം അടിയുറച്ച വി ശ്വാസത്തിലും ആരാധനാ കാര്യങ്ങളിലും സമുന്നത സ്വഭാവത്തിലും അടിയുറച്ച് നിന്നുകൊണ്ടു സഹന തയോടെ മുന്നോട്ട് നീങ്ങിയപ്പോൾ അല്ലാഹു അവ രെ സഹായിക്കുകയും അത്ഭുതകരമായ നിലയിൽ അവർ വിജയിച്ച് മുന്നേറുകയും നിഷേധികളുടെ സകല കുതന്ത്രങ്ങളും തകർന്നു തരിപ്പണമാവുക യും ചെയ്തു.

ഇസ്‌ലാമിന്റെ പ്രഥമ യുഗത്തെക്കുറിച്ചുള്ള ഈ ചെറുവിവരണം നന്നായി മനസ്സിലാക്കിയ ശേഷം ഇത് നമ്മുടെ കാലഘട്ടത്തിലേക്ക് വിശിഷ്യാ നാം ജീവി ക്കുന്ന ഇന്ത്യാ മഹാരാജ്യത്തേക്ക് വരിക. ഒരു പക്ഷേ, നമുക്ക് അത്ഭുതം ഉണ്ടായേക്കാം. നമ്മുടെ രാജ്യത്തി ന്റെയും ഇന്നത്തെ യഥാർത്ഥ പ്രശ്നം അന്നത്തെ അറ ബികളുടെ വംശീയത തന്നെയാണ്. ആധുനിക യു ഗത്തിൽ ബ്രാഹ്മണൻ എന്ന പേരിലും പഴയെ കാ ലത്ത് ആര്യൻ എന്ന പേരിലും അറിയപ്പെട്ട കടുത്ത വംശീയ വാദികളെയാണ് ഇന്ത്യയിൽ ഇസ്‌ലാമിന് അഭിമുഖീകരിക്കേണ്ടി വന്നത്. ബ്രാഹ്മണ വംശീ യതയുടെ ഏറ്റവും വലിയ പ്രത്യേകത ഇതര മത ങ്ങളെയും സംസ്കാരങ്ങളെയും സമുദായങ്ങളെയും അൽപ്പം പോലും അവശേഷിപ്പിക്കാതെ പൂർണ്ണമായ നിലയിൽ വിഴുങ്ങിക്കളയുക എന്നതാണ്. അങ്ങനെ ധാരാളം മതങ്ങളെ അവർ വിഴുങ്ങുകയുണ്ടായി. ഇന്ന് ഇന്ത്യയിലെ പല മതങ്ങളും അൽപ്പം പോലും അവ ശേഷിക്കുന്നില്ല. അവശേഷിക്കുന്ന ചില മതങ്ങളാ കട്ടെ അവരുടെ മുഴുവൻ വ്യക്തിത്വവും കളഞ്ഞ് കു ളിച്ച് ബ്രാഹ്മണ സംസ്കാരത്തിലേക്ക് അലിഞ്ഞ് ചേ രുകയുണ്ടായി. ഇസ്‌ലാമിനോടും ഇതേ സമീപനം ബ്രാഹ്മണ സംസ്കാരം ആദ്യം മുതൽ സ്വീകരിച്ചു. എന്നാൽ പടച്ചവന്റെ അളവറ്റ കാരുണ്യത്താൽ ഓ രോ കാലഘട്ടത്തിലും സ്ഥലങ്ങളിലും ഉദിച്ചുയർന്ന പരിഷ്കർത്താക്കളിലൂടെ അല്ലാഹു ഇസ്‌ലാമിനെയും മുസ്‌ലിംകളെയും കാത്തു രക്ഷിച്ചു. വിശിഷ്യാ അക് ബർ ചക്രവർത്തിയുടെ കാലത്ത് നടന്ന അതിഭയങ്ക രമായ ഗൂഢാലോചനയുടെ വെളിച്ചത്തിൽ ഇസ്‌ലാ മിനെ പ്രത്യേകിച്ചും മറ്റ് മതങ്ങളെ പൊതുവായും ബ്രാഹ്മണ മതത്തിൽ മുക്കിക്കൊല്ലാനുള്ള വലിയ പരിശ്രമം നടക്കുകയുണ്ടായി. ശൈഖ് അഹ്മദ് സർ ഹിന്ദി മുജദ്ദിദ് അൽഫ്ഥാനിയുടെ മേൽ പടച്ചവ ന്റെ കാരുണ്യത്തിന്റെ തേൻമഴ വർഷിക്കട്ടെ: അദ്ദേ ഹത്തിന്റെ തന്ത്രജ്ഞത നിറഞ്ഞ പരിശ്രമത്തിലൂടെ ഈ മഹാദുരന്തത്തിൽ നിന്നും ഇന്ത്യൻ മുസ്‌ലിം കൾ രക്ഷ പ്രാപിച്ചു. ഈ കാര്യത്തെക്കുറിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ദു:ഖം കലർന്ന ശൈലിയിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ബ്രാഹ്മണന്മാരു ടെ യഥാർത്ഥ ലക്ഷ്യങ്ങൾ വ്യക്തമാകുന്ന നിലയിൽ നെഹ്റു കുറിച്ചു: ഇന്ത്യയിൽ വന്ന ഇസ്‌ലാമും അതി ന് മുമ്പേ ഇന്ത്യയിലുള്ള ഹിന്ദു മതവും പരസ്പരം വലിച്ച് ചേർത്ത് ഒന്നാക്കാനുള്ള പരിശ്രമം പലപ്പോ ഴും നടന്നിട്ടുണ്ട്. ഗുരുനാനാക്ക്, കബീർ, അക്ബർ മുതലായവരുടെ പരിശ്രമങ്ങളിലൂടെ ഇത് വളരെയ ധികം ശക്തി പ്രാപിച്ചു. വിശിഷ്യാ മതങ്ങളെ കൂട്ടി ക്കലർത്താൻ അക്ബർ നടത്തിയ പരിശ്രമം വളരെ യധികം സ്മരണീയമാണ്. പക്ഷേ, ഇതിൽ അദ്ദേഹ ത്തിന് പ്രതീക്ഷിച്ചതുപോലെ വിജയം വരിക്കാൻ സാ ധിച്ചില്ല. എങ്കിലും ഈ വിഷയത്തിലെ വലിയൊരു മഹത്വം അദ്ദേഹത്തിന് തന്നെയാണ്. അതിന് ശേഷം ഈ പരിശ്രമത്തിന് ശക്തി ക്ഷയിച്ചെങ്കിലും പരിശ്ര മം നിലച്ചില്ല. പതുക്കെ പതുക്കെ അത് മുന്നേറിക്കൊ ണ്ടിരുന്നു. എന്നാൽ ഖേദകരമെന്ന് പറയട്ടെ, ലക്ഷ്യ സ്ഥാനത്ത് എത്തിച്ചേരുന്നതിന് മുമ്പ് വിദേശ ശക്തി യായ ബ്രിട്ടീഷുകാർ ഇന്ത്യയിൽ വന്നുചേരുകയുണ്ടാ യി. (ലേറ്റ് പത്രം 1939 ഫെബ്രുവരി 16).

ഈ കുറിപ്പിൽ പണ്ഡിറ്റ് നെഹ്റു പറഞ്ഞിരിക്കുന്ന ലക്ഷ്യസ്ഥാനം എന്താണെന്ന് വിശദീകരിക്കേണ്ട ആവശ്യമില്ല. ചുരുക്കത്തിൽ ഈ രാജ്യത്ത് മുസ്‌ലിം കൾ എന്നും നേരിട്ട ഒരു പ്രശ്നമാണ് വംശീയത. മു സ്‌ലിം ഭരണാധികാരികളുടെ ഭരണകാലഘട്ടത്തിലും ഇത് നിലനിന്നിരുന്നു. പലപ്പോഴും മുസ്‌ലിം ഭരണാ ധികാരികൾ ഇവരിലേക്ക് ചായുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹുവിന്റെ ഇഷ്ട ദാസന്മാരായ മുജദ്ദി ദുകളുടെയും സൂഫിവര്യന്മാരുടെയും പരിശ്രമങ്ങൾ കാരണം അവർക്ക് വിജയിക്കാൻ സാധിച്ചില്ല. അതി ന് ശേഷം ബ്രിട്ടീഷുകാർ ഈ രാജ്യം പിടിച്ചടക്കി. ബ്രിട്ടീഷുകാരുടെ പ്രധാന ശത്രുക്കൾ മുസ്‌ലിംകളാ യിരുന്നു. അന്നത്തെ മുസ്‌ലിംകളുടെ ഏറ്റവും വലിയ ജീവിത ഉപാധി ഭൂസ്വത്തായിരുന്നു. ധാരാളം സ്ഥല ങ്ങളിൽ മുസ്‌ലിംകൾക്ക് ചെറുതും വലുതുമായ ഭൂമി കളുണ്ടായിരുന്നു. അതിന്റെ കീഴിൽ ആയിരക്കണക്കി

ന് ആളുകൾ ജീവിത കാര്യങ്ങൾ നിർവ്വഹിച്ചിരുന്നു. എന്നാൽ ബ്രിട്ടീഷുകാർ പലരിൽ നിന്നും ഭൂമികൾ പിടിച്ചെടുത്തു. മുസ്‌ലിംകളുടെ വലിയൊരു വിഭാഗം ഭരണ സ്ഥാപനങ്ങളിലായിരുന്നു. ബ്രിട്ടീഷുകാർ വന്നതോടെ അത് നഷ്ടമായി. എന്നാൽ ബ്രാഹ്മണന്മാരുടെ പ്രധാന മാർഗ്ഗം കച്ചവടമായിരുന്നു. ഇംഗ്ലീഷുകാരും കച്ചവടക്കാരായിരുന്നത് കൊണ്ട് അവരുമായി പെട്ടെന്നുതന്നെ ഇണങ്ങുകയും ചെയ്തു. കൂടാതെ, 1857-ൽ നടന്ന പോരാട്ടത്തിലെ മുഖ്യവിഭാഗം മുസ്‌ലിംകളായിരുന്നതുകൊണ്ട് മുസ്‌ലിംകളുടെ മേൽ ബ്രിട്ടീഷുകാർ അക്രമങ്ങൾ അഴിച്ച് വിടുകയും ചെയ്തു. അങ്ങനെ മുസ്‌ലിംകൾ രാഷ്ട്രീയമായും സാമ്പത്തികമായും തകർന്നു. പിന്നീട് സ്വാതന്ത്ര്യ സമരം പുനരാരംഭിച്ചപ്പോൾ മുസ്‌ലിംകൾ നേതൃത്വത്തിലേക്ക് വരാൻ സാധിക്കുന്ന സ്ഥിതിയിലായിരുന്നില്ല. ഇതിനിടയിൽ ഇന്ത്യയിൽ സ്വാതന്ത്ര്യ സമരത്തിന് പുതിയൊരു നേതൃത്വം മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ മുന്നോട്ട് വന്നു. ഇവരുടെ പരിശ്രമങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടായെങ്കിലും ഇവരുടെ വീക്ഷണങ്ങളിൽ വ്യക്തതയില്ലായിരുന്നു. മുസ്‌ലിം, ഹിന്ദു, സിഖ്, ക്രൈസ്തവ വിഭാഗങ്ങളെല്ലാം സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുക്കാൻ ഇവർ ആഹ്വാനം ചെയ്തതിനോടൊപ്പം ഈ മതങ്ങളുടെ പേരുകൾ ഉപയോഗിക്കരുതെന്ന് ഭാരതീയർ എന്ന നിലയിൽ സമരം നടത്തണമെന്നും അവർ നിർദ്ദേശിച്ചു. എന്നാൽ ഭാരതീയർ എന്നതുകൊണ്ടുള്ള വിവക്ഷ ഹൈന്ദവ സംസ്കാരമാണെന്ന് വ്യാഖ്യാനിച്ചുകൊണ്ട് ബ്രാഹ്മണ വിഭാഗം പ്രവർത്തനം ആരംഭിച്ചു. ഇത് തിരിച്ചറിഞ്ഞ മുസ്‌ലിം പണ്ഡിതർ ഇന്ത്യക്കാർ എന്ന നിലയിൽ നാമെല്ലാവരും ഒന്നാണെങ്കിലും ഓരോരുത്തരും അവരവരുടെ മതം അനുസരിച്ച് ജീവിക്കാൻ അവകാശമുള്ള ഒരു ഇന്ത്യയ്ക്ക് വേണ്ടിയാണ് പരിശ്രമിക്കുന്നതെന്ന് നിരന്തരം ഉണർത്തിത്തുടങ്ങി. സ്വാതന്ത്ര്യ സമരത്തിന്റെ നേതൃത്വം ഇത് അംഗീകരിച്ചെങ്കിലും ബ്രാഹ്മണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളും സജീവമായി. പ്രത്യേകിച്ചും രാജ്യം സ്വാതന്ത്ര്യം പ്രാപിക്കാൻ അടുത്തപ്പോൾ മുസ്‌ലിം പണ്ഡിതരും നേതാക്കളും ഈ കാര്യം നിരന്തരം ഇന്ത്യൻ നാഷണൽ കോൺഗ്രസിനോട് ആവശ്യപ്പെടുകയും കോൺഗ്രസ് നേതൃത്വം അംഗീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. അവസാനം ഇന്ത്യ സ്വതന്ത്രമായി. സ്വാതന്ത്ര്യത്തിന് ശേഷം മഹത്തായ ഒരു ഭരണഘടന നിലവിൽ വന്നെങ്കിലും ബ്രാഹ്മണ ലോബിയുടെ പരിശ്രമങ്ങൾ തുടരുകയും അവർ പലതിലും വിജയിക്കുകയും ചെയ്തു. എല്ലാവരും അവരവരുടെ മതം പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും സ്വാതന്ത്ര്യമുണ്ടെങ്കിലും ഗവർമെന്റ് മേഖലകൾ മത മുക്തമായിരിക്കും എന്ന പ്രഖ്യാപനത്തിന് വിരുദ്ധമായി ഹൈന്ദവ ഉത്സവങ്ങളും ബ്രാഹ്മണ ആചാരങ്ങളും ദേശീയ പരിപാടികളെന്നോണം നടത്തപ്പെട്ടു. ഗവൺമെന്റ് സ്ഥാപനങ്ങളിലും മറ്റും ധാരാളമായി ഹൈന്ദവ ആരാധനാലയങ്ങൾ നിർമ്മിക്കപ്പെട്ടു. മറുഭാഗത്ത് വിദ്യാഭ്യാസം എന്ന പേരിൽ ഹൈന്ദവ വിശ്വാസങ്ങളും ചരിത്രങ്ങളും പഠിപ്പിക്കപ്പെടുകയും സാംസ്കാരിക പരിപാടികളെല്ലാം ഹൈന്ദവമയമാക്കപ്പെടുകയും ചെയ്തു. യഥാർത്ഥത്തിൽ ഇതെല്ലാം മുസ്‌ലിംകളെ പ്രധാനമായും ലക്ഷ്യം വെച്ചുകൊണ്ടുള്ളതായിരുന്നു. പല സന്ദർഭങ്ങളിൽ മുസ്‌ലിംകളിലും ഇത് ഗുരുതരമായ വ്യതിചലനങ്ങൾക്ക് കാരണമായി. വിഗ്രഹാരാധന കണ്ട് മനസ്സിൽ വേദനയുണ്ടാകാത്ത അവസ്ഥ സംജാതമായി. പലരും ഇസ്‌ലാമിക ആരാധനാ സ്വഭാവങ്ങൾ മാത്രമല്ല, വിശ്വാസങ്ങളും കൈവെടിയുന്ന അവസ്ഥ വന്നു. എങ്കിലും ഇസ്‌ലാമിക പ്രബോധന സംസ്കരണ വൈജ്ഞാനിക പ്രവർത്തനങ്ങൾ കാരണം ഈ പ്രവർത്തനങ്ങൾക്ക് വലിയ മുന്നേറ്റമുണ്ടായില്ല.

എന്നാൽ ഇപ്പോൾ അവസ്ഥ തീർത്തും മാറിമറിഞ്ഞിരിക്കുകയാണ്. മൈതാനം തയ്യാറാക്കപ്പെടുകയും സംശയ, തെറ്റിദ്ധാരണകളുടെ വിത്തുകൾ വിതയ്ക്കപ്പെടുകയും ചെയ്തുകഴിഞ്ഞുവെന്ന് മനസ്സിലാക്കിയ തൽപ്പര കക്ഷികൾ മുസ്‌ലിംകളെ പരസ്യമായ നിലയിൽ തന്നെ ഇസ്‌ലാമിൽ നിന്നും മാറ്റാനുള്ള പരിശ്രമം ആരംഭിച്ചു കഴിഞ്ഞു. നമ്മുടെ പരിസരങ്ങളിലേക്ക് മാത്രം നോക്കിയാൽ ഓരോ മാസവും ഏതാനും മുസ്‌ലിം യുവതികളെങ്കിലും അമുസ്‌ലിംകളോടൊപ്പം ഒളിച്ചോടിയതായും മറ്റുമുള്ള വാർത്തകൾ ലഭിക്കുന്നതാണ്. സാമ്പത്തിക ഞെരുക്കം വ്യാപകമായ ഈ കാലഘട്ടത്തിൽ ഹൈന്ദവ യുവാക്കളെ സംബന്ധിച്ചിടത്തോളം ധാരാളം സമ്പത്ത് ലഭിക്കാൻ സാധ്യതയുള്ള വിവാഹം ഇപ്രകാരം ഒന്നും ലഭിക്കാത്ത നിലയിൽ നടത്തുന്നതിന്റെ പിന്നിൽ വൻ സാമ്പത്തിക പ്രലോഭനങ്ങളുണ്ടെന്ന കാര്യം പരസ്യമായിക്കഴിഞ്ഞു. എന്താണെങ്കിലും മുസ്‌ലിംകളെ ഇസ്‌ലാമിൽ നിന്നും പരസ്യമായ നിലയിൽ തന്നെ മാറ്റാനുള്ള പരിശ്രമങ്ങൾ തുടങ്ങിയിരിക്കുകയാണ്. ഇവിടുത്തെ നമ്മുടെ വിഷയം ഇതിന് പരിഹാരമെന്നോണം എന്ത് ചെയ്യണം എന്നതാണ്.

ഒന്നാമതായി നാം ചെയ്യേണ്ട കാര്യം, ഓരോ സഹോദരങ്ങളിലും വിശിഷ്യാ പുത്തൻ തലമുറയിലെ ഓരോ അംഗങ്ങളിലും സത്യവിശ്വാസത്തിന്റെ ശുദ്ധജലം പകർന്ന് കൊടുക്കുക എന്നതാണ്. ഈ വിഷയം ഓരോ മാതാപിതാക്കളും ഉത്തരവാദിത്വത്തോടെ ഏറ്റെടുക്കുക. സ്കൂളുകളിലേക്കും കോളേജുകളിലേക്കും മക്കളെ വിടുന്നതിന് മുമ്പ് അവർക്ക് ഈ

മാനിന്റെ വെള്ളവും വളവും നൽകാൻ ഇസ്‌ലാമിക സംസ്കാരത്തോടുള്ള സ്നേഹം മനസ്സിൽ ഉറപ്പിക്കാനും പരിശ്രമിക്കുക. ഇസ്‌ലാമിക വിശ്വാസങ്ങൾ പഠിപ്പിക്കുക മാത്രമല്ല, സർവ്വലോക പരിപാലകനായ അല്ലാഹുവിനെക്കുറിച്ചുള്ള ഉറച്ച വിശ്വാസവും അവലംബവും അവരുടെ മനസ്സുകളിൽ ഉണ്ടാക്കിയെടുക്കുക. പ്രഥമ നൂറ്റാണ്ടിലെ മഹത്തുക്കളുടെ ഈമാനിക സംഭവങ്ങൾ വിവരിക്കുകയും അവർ തീർത്തും പ്രതികൂലമായ സാഹചര്യത്തിലും ഈമാൻ കൈയ്യൊഴിയാതിരുന്ന രംഗങ്ങൾ സന്താനങ്ങളുടെ മനസ്സുകളിൽ കൊത്തി വെക്കുകയും ചെയ്യുക.

രണ്ടാമതായി, യുവതീയുവാക്കളെ പ്രത്യേകം ശ്രദ്ധിക്കുകയും അവരെ നമ്മോടൊപ്പം പിടിച്ച് നിർത്തുകയും ഇസ്‌ലാമിക സംസ്കാരവുമായി ബന്ധിപ്പിക്കുകയും ചെയ്യുക. സംസ്കാരത്തിൽ നിന്നും അകലുന്നവർ അടുത്ത് തന്നെ വിശ്വാസ ആരാധനകളും കൈയ്യൊഴിന്നതാണെന്ന് ഓർക്കുക. യുവ സമൂഹത്തെ ദീനിൽ ഉറപ്പിച്ച് നിർത്താനുള്ള പ്രധാന മാർഗ്ഗവും മുൻഗാമികളുടെ ചരിത്രങ്ങൾ തന്നെയാണ്. യുവ സമൂഹത്തിന്റെ മനസ്സിൽ സമ്പൂർണ്ണമായ കരുത്തും ധീരതയും നിറയത്തക്ക നിലയിൽ അവരുടെ ആധികാരിക ചരിത്ര സംഭവങ്ങൾ ആവർത്തിച്ച് കേൾപ്പിക്കുക. കൂട്ടത്തിൽ ഓരോ പ്രദേശത്തെയും പണ്ഡിതരുടെയും ഭയഭക്തരുടെയും സഹവാസത്തിൽ കഴിച്ച് കൂട്ടാൻ അവരെ പ്രേരിപ്പിക്കുകയും അതിനുള്ള വഴികൾ കണ്ടെത്തുകയും ചെയ്യുക. തീർച്ചയായും ഇത് അൽപ്പം പ്രയാസകരമായ ഒരു കാര്യം തന്നെയാണ്. കാരണം ഇവരിൽ നിന്നും യുവ വിഭാഗം വളരെ അകന്നുപോയി. എന്നാൽ ആത്മാർത്ഥമായി ആലോചിക്കുകയും പരിശ്രമിക്കുകയും ചെയ്താൽ ഇതിന്റെ വഴികൾ തുറന്ന് കിട്ടുന്നതാണ്.

മൂന്നാമതായി ചെയ്യേണ്ട സുപ്രധാന കാര്യം ഓരോ പ്രദേശത്തുമുള്ള നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സജീവമാക്കാനും സ്ഥാപനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ സ്കൂളുകളും കോളേജുകളും സ്ഥാപിക്കാനും പരിശ്രമിക്കലാണ്. ഈ സ്ഥാപനങ്ങളിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്യുക. ക്ലാസുകൾക്ക് മുമ്പോ പിമ്പോ മതപരമായ കാര്യങ്ങൾ പകർന്ന് കൊടുക്കാൻ ശ്രദ്ധിക്കുക. തീർച്ചയായും വളരെ മുമ്പ് തന്നെ ചെയ്യേണ്ടിയിരുന്ന ഈ കാര്യം നിർവ്വഹിക്കുന്നതിൽ ഇനി അൽപ്പം പോലും പിന്തൽ വരുത്താൻ പാടില്ല. പടച്ചവൻ നൽകിയിരിക്കുന്ന വിശാലമായ മസ്ജിദുകളുടെ മുകൾ ഭാഗങ്ങളിലും ബാലപാഠ ശാലകളിലും ലളിതമായ നിലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താൻ സാധിക്കും. ഇവയുടെ ഭാരവാഹികൾ ഈ സ്ഥാപനങ്ങൾ നേരിട്ട് നടത്തുകയോ അല്ലെങ്കിൽ അവരുടെ മേൽ നോട്ടത്തിൽ നടത്താൻ അർഹരായ ആളുകളെ ഏൽപ്പിക്കുകയോ ചെയ്യുക. ശരിയ്ക്കും ഓർക്കുക: ഇനിയെങ്കിലും നമ്മുടെ സമ്പത്തും കഴിവുകളും സമയങ്ങളും ഇത്തരം അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങളിൽ ചിലവഴിച്ചില്ലെങ്കിൽ, ഇപ്പോൾ ആരംഭിച്ചിരിക്കുന്ന മതം മാറ്റം വലിയ പ്രവാഹമായി രൂപാന്തരപ്പെട്ട് പുത്തൻ തലമുറയെ മുഴുവൻ ഒഴുക്കിക്കൊണ്ട് പോകാൻ സാധ്യതയുണ്ട്. അപ്പോൾ സങ്കടപ്പെട്ട് കൈ കടിക്കുന്നതുകൊണ്ട് യാതൊരു ഗുണവും ഉണ്ടാകുന്നതല്ല.

അവസാനമായി പറയട്ടെ, സത്യാസത്യങ്ങൾക്കിടയിലുള്ള പോരാട്ടത്തിൽ എന്നും വിജയം സത്യത്തിന് തന്നെയായിരുന്നു. ഇനിയും വിജയം സത്യത്തിന് തന്നെയായിരിക്കുമെന്നതിൽ ഒരു സംശയവുമില്ല. എന്നാൽ വിജയം അനുഭവിക്കാനുള്ള സൗഭാഗ്യം അല്ലാഹുവിന്റെ സത്യസന്ധരായ ദാസന്മാർക്ക് മാത്രമായിരിക്കും. പ്രത്യേകിച്ചും റസൂലുല്ലാഹി (സ)അവിടുത്തെ ജീവിത സായാഹ്നത്തിൽ ജനങ്ങളെല്ലാവരും രണ്ടു വിഭാഗമായി മാറുമെന്ന് ഉണർത്തിക്കൊണ്ട് അരുളി: അൽപ്പം പോലും കാപട്യമില്ലാത്ത ഈമാനിന്റെ വിഭാഗവും അൽപ്പം പോലും ഈമാനില്ലാത്ത കാപട്യത്തിന്റെ വിഭാഗവും ഉണ്ടായിത്തീരുന്നതാണ്! ഏതാണ്ട് ഇതിന്റെ സമയം സമാഗതമായി എന്നാണ് ചുറ്റുവട്ടങ്ങളിൽ നിന്നും മനസ്സിലാകുന്നത്. അതെ, വിജയത്തിന്റെ അന്ത്യമ ഘട്ടത്തിലേക്ക് പ്രവേശിക്കാൻ സമയമായി. അതിന് മുമ്പുള്ള പരീക്ഷണങ്ങളാണ് ഇപ്പോൾ അരങ്ങേറുന്നത്. ഇതിലൂടെ നിഷ്കളങ്കരും കപടന്മാരും വേർതിരിയുന്നതാണ്. വിജയത്തിന്റെ സുവർണ്ണ കിരീടം നിഷ്കളങ്കരുടെ ശിരസ്സുകളിൽ തീർച്ചയായും അണിയിക്കപ്പെടുന്നതാണ്. ആകയാൽ ഉപര്യുക്ത പരിശ്രമങ്ങളോടൊപ്പം, നമ്മെയും നമ്മുടെ അടുത്ത തലമുറകളെയും അവസാന ശ്വാസം വരെയും സത്യസന്ധരായ സത്യവിശ്വാസികളുടെ അണിയിൽ ഉറപ്പിച്ച് നിർത്താനും നമ്മുടെ എന്തെങ്കിലും പാപങ്ങൾ കാരണം നിഷ്കളങ്കരുടെ ഗണത്തിൽ നിന്നും പുറം തള്ളാതിരിക്കാനും പ്രത്യേക ശ്രദ്ധയോടെ നിത്യവും താണുകേണ് ദുആ ചെയ്തുകൊണ്ടിരിക്കുക. അതുപോലെ നാം യഥാർത്ഥ അർത്ഥത്തിൽ മുസ്‌ലിംകളാണോ, സത്യസന്ധരും നിഷ്കളങ്കരുമാണോ, നമ്മുടെ വ്യക്തിപരമായ ഉദ്ദേശ ലക്ഷ്യങ്ങളേക്കാൾ ഇസ്‌ലാം നമുക്ക് പ്രിയങ്കരമാണോ, സാമൂഹ്യ, കുടുംബ ഭയപ്പാടുകളെയും ആക്ഷേപങ്ങളെയും അവഗണിച്ചുകൊണ്ട് ഇസ്‌ലാമിന്റെ ഓരോ വിധിവിലക്കുകളും തീരുമാനങ്ങളും നാം പാലിക്കാറുണ്ടോ എന്നീ കാര്യങ്ങൾ നമ്മോട് തന്നെ ആത്മ വിചാരണ നടത്തുകയും ചെയ്യുക. വാദങ്ങൾ ഉന്നയിക്കുക വളരെ എളുപ്പമാണ്. വാദത്തിന് അർഹരാവുക എന്നത് അൽപ്പം പ്രയാ

## കവർ സ്റ്റോറി

പ്രൊഫസർ അബ്ദുർറഹ്മാൻ ആദൃശ്ശേരി

# തീജാനീ ത്വരീക്വത്തും സാമ്രാജ്യത്വ ദാസ്യ വൃത്തിയും

1737ൽ അൽ ജീരിയയിലെ അഗവാതിൽ ജനിച്ച, അബുൽ അബ്ബാസ് അഹ്മദ് തീജാനീ എന്നയാൾ രൂപം നൽകിയ ഒരു സൂഫീ തരീക്വതാണ് തീജാനി.മൊറോക്കോയിലെ ഫാസ് നഗരത്തിലായിരുന്നു ഇതിന്റെ ആദ്യ കേന്ദ്രം. സിറിയ, ഫലസ്തീൻ, ആഫ്രിക്ക തുടങ്ങി പല സ്ഥലങ്ങളിലും ഇതിന് അനുയായികൾ ഉണ്ട്. മൗലാനാ അബുൽ ഹസൻ അലി നദ് വിയുടെ ഗുരുനാഥനും മൊറോക്കോ ക്കാരനുമായിരുന്ന, ഡോക്ടർ തഖിയുദ്ദീൻ അൽ ഹിലാലി ഈ തരീക്വത്തിൽ പ്രവർത്തിച്ച ശേഷം അതിന്റെ അപകടം തിരിച്ചറിഞ്ഞു അതിൽ നിന്നും ഒഴിവായവരിൽ പ്രമുഖനാണ്. അദ്ദേഹം'അൽ ഹിദായത്തുൽ ഹാദിയ ലി ത്വാഇഫത്തി തീജാനിയ്യ' എന്ന പേരിൽ, തന്റെ അനുഭവം വിവരിച്ചു കൊണ്ടും ഇതിന്റെ അപകടം ബോധ്യപ്പെടുത്തിക്കൊണ്ടും ഗ്രന്ഥം എഴുതുകയുണ്ടായി. ഈ തരീക്വതിന്റെ ശൈഖിന്റെ ഉപദേശങ്ങളും കത്തുകളും ഒരുമിച്ചു കൂട്ടി രചിച്ച ' ജവാഹിറുൽ മആനീ വബുലൂഗിൽ അമാനീ ഫീ ഫയ്ളി സയ്യിദി ത്തീജാനീ' എന്ന ഗ്രന്ഥമാണ് ഇവരുടെ പ്രധാന കൃതി. അതിൽ ശരീരത്തിനു നിരക്കാത്ത അനേകം പിഴച്ച വാദങ്ങൾ കാണാൻ കഴിയും. ഇവരുടെ ശൈഖ് കെട്ടി ചമച്ച 'സ്വലാത്തുൽ ഫാതിഹ് ' പ്രവാചകർ(സ) നേരിട്ട് വന്നു പറഞ്ഞു കൊടുത്തതാണെന്നു വരെ അയാൾ പറഞ്ഞു. ആ സ്വലാത്ത് ഒരു തവണ പറയുന്നത് ആറായിരം പ്രാവശ്യം ഖുർആൻ ഓതുന്നതിനേക്കാൾ മഹത്വമാണെന്ന വളരെ വഴിപിഴച്ച വാദം വരെ അയാൾ പറഞ്ഞിട്ടുണ്ട്. സോഷ്യൽ മീഡിയ സമ്പാദ്യ മാർഗമാക്കിയ ചില മുസ്‌ലിയാക്കന്മാർ ഈ നവ നിർമ്മിത സ്വലാത്തിന്റെ കെട്ടിചമച്ച മഹത്വങ്ങൾ പ്രചരിപ്പിച്ചത് കേട്ട് അനേകം സാധുക്കൾ സലാത്തുൽ ഫാതിഹ് അന്വേഷിച്ചു നടക്കുന്നത് ഇന്നു കാണാം. അൽ ജീരിയ അധിനിവേശം നടത്തിയ ഫ്രഞ്ച് ശക്തികൾക്ക് ഈ തീജാനീ തരീക്വതുകാർ നൽകിയ സഹായവും അവർ ഇസ്‌ലാമിക സമൂഹത്തോട് ചെയ്ത വഞ്ചനയും ഈ ലേഖനം ചർച്ച ചെയ്യുന്നു.

നവീന വാദികളും ദേഹേച്ഛയെ പിന്തുടരുന്നവരും എക്കാലത്തും ഇസ്‌ലാമിന് കനത്ത ആഘാതം സൃഷ്ടിച്ചതായി ചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്. ശീഇകളും ചില സൂഫികളും ഇക്കാര്യത്തിൽ വലിയ പങ്ക് വഹിച്ചതായി കാണാം.

അബ്ബാസീ ഖലീഫ അൽ മുസ്തഅ്സിം ബില്ലയുടെ പ്രധാനമന്ത്രി ശീഈ വിശ്വാസിയായിരുന്ന ഇബ്നുൽ അൽക്വമിയായിരുന്നു. ക്രൂരൻമാരായ താർത്താരികളെ വിളിച്ച് വരുത്തി ഇറാക്വിനെ ശവപ്പറമ്പാക്കിയത് ഇയാളായിരുന്നു. ഇരുപത് ലക്ഷത്തോളം മുസ്‌ലിംകളെയാണ് താർത്താരികൾ കൊന്നൊടുക്കിയത്. അതേ ചരിത്രമാണ് ഇറാക്വിൽ വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. സദ്ദാം ഹുസൈനെ തൂക്കിലേറ്റിയ ശേഷം അമേരിക്ക അധികാരത്തിലേറ്റിയ നൂരി മാലികി എന്ന ശിയാ ഭരണാധികാരി മുപ്പത് ലക്ഷം സുന്നീ മുസ്‌ലിംകളെ കൊലപ്പെടുത്തി. അയാളുടെ ശീഈ പാർട്ടി 'ഹിസ്ബുദ്ദഅവ'യെ സഖ്യത്തിലൂടെ അധികാരത്തിലേറ്റിയത് ഇഖ്വാൻ പാർട്ടിയായ 'ഹിസ്ബുൽ ഇസ്‌ലാമി'യായിരുന്നു.

ഇമാം ഇബ്നു കഥീർ(റ) ബാഗ്ദാദിന്റെ തകർച്ചയെക്കുറിച്ച് പറയുന്നത് കാണുക. "റാഫിദിയായ ഇബ്നുൽ അൽക്വമിയെ അല്ലാഹു നശിപ്പിക്കട്ടെ.

മുസ്തൻസിറിന്റെ കാലത്ത് ദീർഘകാലം ഖലീഫയുടെ കൊട്ടാരത്തിൽ അധ്യാപകനായി സേവനമനുഷ്ഠിച്ച ഇയാളെ പിന്നീട് ഖലീഫ മുസ്തഅ്സിം മന്ത്രിയായി നിശ്ചയിച്ചു. അയാൾ പ്രമാണിയും സാഹിത്യകാരനുമായിരുന്നുവെങ്കിലും സത്യസന്ധനായിരുന്നില്ല. നീചനായ ശീഇയായിരുന്നു. ഇസ്ലാമിനോടും മുസ്ലിംകളോടും ഉള്ളിൽ കടുത്ത പകവെച്ചു പുലർത്തിയിരുന്നു. തനിക്ക് മുമ്പ് ഒരു മന്ത്രിക്കും ലഭിക്കാത്ത ആദരവും പ്രശസ്തിയും ഇയാൾക്ക് ലഭിച്ചു. മുസ്ലിംകൾക്കെതിരിൽ 'ഹൂലാക്കുഖാന്റെ' കക്ഷികളോട് ഇയാൾ സഖ്യം ചേർന്നു. അവർ തക്കം പാർത്തു ഇറാഖിലെത്തി. പിന്നീട് അവരുടെ വാഴ്ച്ചക്കാലത്ത് നിന്ദ്യതയും നാശവും സംഭവിച്ചു. അല്ലാഹു പവിത്രത കൽപ്പിച്ച ജീവനും അഭിമാനവും അവർണനീയമാം വിധം ധ്വംസിക്കപ്പെട്ടു." (അൽ ബിദായ വന്നിഹായ 17/379).

ശീഇകൾ മുസ്ലിംകൾക്കെതിരിൽ ശത്രുക്കളോടൊപ്പം ചേർന്ന് അവരെ ഒറ്റിക്കൊടുത്ത സംഭവങ്ങൾ നിരവധിയാണ്. ലേഖനദൈർഘ്യം ഭയന്ന് അതിവിടെ പരാമർശിക്കുന്നില്ല. പലപ്പോഴും സാമ്രാജ്യത്വ ശക്തികൾക്ക് ദാസ്യവേല ചെയ്യുകയും മുസ്ലിംകൾക്കെതിരിൽ അവരെ സഹായിക്കുകയും ചെയ്ത ചരിത്രം പല സൂഫികൾക്കുമുണ്ട്. അവരുടെ ദല്ലാൾ പണിയിലൂടെ പല മുസ്ലിം രാഷ്ട്രങ്ങളും സാമ്രാജ്യത്വ ശക്തികൾക്ക് അധിനിവേശപ്പെടുത്താൻ സാധിച്ചു. ആഫ്രിക്കയിലെ ഫ്രഞ്ച് അധിനിവേശത്തിന് ചുക്കാൻ പിടിച്ച ഫിലിപ്പ് ഫോണ്ടാസ് പറയുന്നത് കാണുക.

"ആഫ്രിക്കയിലെ ഭരണനിർവ്വഹണരംഗത്തെ നമ്മുടെ മേധാവികളും സൈനികരും ത്വരീഖത്ത് പ്രവർത്തനങ്ങൾക്ക് ശക്തി പകരേണ്ടതുണ്ട്. കാരണം, ഫ്രഞ്ച് അധികൃതരോട് ഏറ്റവുമധികം വിധേയത്വം പുലർത്തിയിരുന്നവർ അവരായിരുന്നു. മറ്റു മതവിഭാഗങ്ങളുടെ ആത്മീയ നേതൃത്വത്തേക്കാൾ നല്ല ഗ്രാഹ്യതയും ചിട്ടയായ പ്രവർത്തനങ്ങളും നടത്തുന്നത് അവരാണ്." (അൽ ഇസ്തിഅ്മാറുൽ ഫറൻഫീ അഫ്രീബിയ്യ അസ്സൗദാഅ് 52).

ഫ്രഞ്ചുകാരോട് വിധേയത്വം പുലർത്തിയവരെക്കുറിച്ച് "ആധുനിക അറബ് ചരിത്രം' എന്ന ഗ്രന്ഥത്തിൽ പറയുന്നത് കാണുക.

"ഇവർ അധികവും ഫ്രഞ്ച് സ്കൂളുകളിൽ പഠിച്ചവരാണ്. അവരുടെ അറബ് സ്വത്വത്തെ അധിനിവേശ ശക്തികൾ റദ്ദ് ചെയ്തു. അതുപോലെ, അന്ധവിശ്വാസവും അനാചാരങ്ങളും പ്രചരിപ്പിക്കുന്ന ചില സൂഫീ ത്വരീഖതുകളും ഇതിൽ പെടും. നിഷേധാത്മക സമീപനവും വിധേയത്വ മനോഭാവവുമാണ് അവരെ നയിക്കുന്നത്. സാമ്രാജ്യത്വ ശക്തികൾ അവരെ തങ്ങളുടെ ചാരൻമാരായി ഉപയോഗിച്ചു." (പേജ് 373).

തീജാനീ ത്വരീഖത്തിന്റെ സാമ്രാജ്യത്വ പാദസേവ ഫ്രഞ്ച് അധിനിവേശ കാലത്ത് അൾജീരിയയിലും മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിലും ഫ്രാൻസിന് ഏറ്റവുമധികം പ്രയോജനം ലഭിച്ചത് തീജാനീ ത്വരീഖത്തിന്റെ വക്താക്കളിൽ നിന്നായിരുന്നു. (1870)പത്ത് ലക്ഷം മുസ്ലിംകളെ കശാപ്പ് ചെയ്ത ഫ്രഞ്ച് അധിനിവേശ ശക്തികളെ തീജാനീ ത്വരീഖത്തുകാർ പല വിധേനയും സഹായിച്ചു. അവർ ഫ്രഞ്ചുകാർക്ക് വേണ്ടി ചാരപ്രവർത്തനങ്ങൾ നടത്തുകയും അവരുടെ ദല്ലാളൻമാരാവുകയും അവരുടെ പക്ഷത്ത് നിന്ന് നാട്ടുകാർക്കെതിരെ യുദ്ധം ചെയ്യുകയും ചെയ്തു. അവരുടെ ശൈഖുമാർ മഹത്തായ കൃത്യമായിട്ടാണ് ഇതിനെ കണ്ടത്.

അൾജിയേഴ്സിൽ നിന്നും പ്രസിദ്ധീകരിച്ച "ലാ പ്രസ് ലിബർ' എന്ന ഫ്രഞ്ച് പത്രം തീജാനീ ത്വരീഖത്തിന്റെ പരമോന്നത നേതാവായിരുന്ന സയ്യിദീ മുഹമ്മദ് അൽ കബീർ, ഫ്രഞ്ച് കേണൽ സി കോണി കിഴക്കൻ അൾജീരിയയിൽ നടത്തിയ സൈനിക പര്യടനത്തിനിടെ നിർവ്വഹിച്ച പ്രസംഗം പ്രസിദ്ധീകരിച്ചത്, മുഹിബുദ്ദീൻ ഖതീബ് തന്റെ "അൽ ഫത്ഹ്' മാസികയിൽ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത സംഘം അഗ്വാത് പ്രവിശ്യ സന്ദർശിച്ച ശേഷം തീജാനീ ശൈഖിന്റെ ക്ഷണപ്രകാരം അവരുടെ ഐനുമാഇയിലെ ആസ്ഥാനം സന്ദർശിച്ച ശേഷം തീജാനികളുടെ ശൈഖുമാരായ സയ്യിദ് അഹ്മദിന്റെയും അയാളുടെ സഹോദരന്റെയും ഭാര്യയായിരുന്ന ഫ്രഞ്ച് ക്രൈസ്തവ വനിത 'മാഡം ഒറിലി ബേകാറി'ന്റെ കൊട്ടാരത്തിലേക്ക് പോയി. അതിലെ ഹാളിൽ നടന്ന വിരുന്നിനിടെ തീജാനികളുടെ അക്കാലത്തെ ശൈഖ് മുഹമ്മദ് അൽ കബീറിന് വേണ്ടി ഹുസ്നീ അഹ്മദ് ബിൻ താലിബ് ദീർഘമായ ഒരു പ്രഭാഷണം നടത്തി. അതിൽ, തീജാനാ ത്വരീഖത്ത് ഫ്രാൻസിനും അൾജീരിയയിൽ ഫ്രഞ്ച് അധിനിവേശം ശക്തിപ്പെടുത്തുന്നതിനും നടത്തിയ സഹായം എടുത്ത് പറഞ്ഞ പ്രസ്തുത പ്രസംഗത്തിൽ ഫ്രാൻസിനെ സ്തുതികീർത്തനങ്ങൾ കൊണ്ട് മൂടിയ ശൈഖ് അതിനെ 'മഹത്തായ മാതൃരാജ്യം' എന്ന് വിശേഷിപ്പിച്ചു. ഫ്രാൻസിന്റെ എതിരാളികളെ നിന്ദ്യരും നികൃഷ്ടരും നന്ദിയില്ലാത്തവരുമെന്ന് കുറ്റപ്പെടുത്തി. നമ്മുടെ നാട്ടിൽ സമാധാനവും സുരക്ഷിതത്വവും കൈവന്നത് ഫ്രാൻസിന്റെ ഔദാര്യം കൊണ്ടാണെന്ന് തുടർന്ന് പറഞ്ഞു. 1883 ൽ തന്റെ പിതാമഹനും അന്നത്തെ തീജാനീ ശൈഖുമായ സയ്യിദീ മുഹമ്മദ് ബശീർ ഫ്രാൻസിന്റെ ഏറ്റവും വലിയ ശത്രുവായിരുന്ന അമീർ അബ്ദുൽ ഖാദിർ ജസാഇരിയെ പ്രതിരോധിക്കുന്നതിൽ ധീരോദാത്തമായ പങ്കാണ് വഹിച്ചത്, ഞങ്ങളുടെ ഗ്രാമം അയാൾ ഉപരോധിച്ചു, എട്ട് മാസക്കാലം ജീവിതം ദുഃസഹമാക്കി, ഈ ഉപരോധം ഗ്രാമത്തിന്റെ കീഴടങ്ങലിലാണ് കലാശിച്ചത്, ഫ്രഞ്ചുകാ

രുടെ കഠിന ശത്രുവായിരുന്ന അമീർ ജസാഇരിയുടെ മുഖത്ത് നോക്കാൻ എന്റെ പിതാമഹൻ തയ്യാറായില്ല. 1840 ൽ തന്റെ പിതൃവ്യനും അന്നത്തെ തീജാനീ പരമാധികാരിയുമായിരുന്ന സയ്യിദീ അഹ്മദാണ് ഫ്രഞ്ച് മേധാവിക്ക് ബസ്കറ നഗരം കീഴടക്കാൻ സൗകര്യം ചെയ്ത്കൊടുത്തത്. അത് അധിനിവേശപ്പെടുത്തുവാൻ അവരെ സഹായിക്കുകയും ചെയ്തു.

1870 ൽ ശൈഖ് അഹ്മദ് ഫ്രഞ്ചുകാരോടുള്ള തന്റെ ഉറച്ച വിധേയത്വവും ആത്മാർത്ഥതയും തെളിയിക്കാനും അവരോടുള്ള തന്റെ ഹൃദയബന്ധം ഊട്ടിയുറപ്പിക്കാനും ഫ്രഞ്ചു വനിത മാഡം ഒറിലി ബേകാറിനെ തന്റെ ജീവിത സഖിയാക്കി. (പിന്നീട് അദ്ദേഹത്തിന്റെ വിയോഗാനന്തരം തീജാനീ ഖലിഫയായ തന്റെ സഹോദരനും അവരെ വിവാഹം കഴിച്ചു. "സൗജതു സയ്യിദൈൻ' എന്ന പേരിൽ അവർ തീജാനികൾക്കിടയിൽ പ്രസിദ്ധയായി. ഭക്തർക്കിടയിൽ അവർക്ക് വിശുദ്ധ പദവി ലഭിക്കുകയുണ്ടായി). ക്രൈസ്തവ ആചാരപ്രകാരം കർദിനാൾ ലാവിഗ്രിയുടെ മേൽനോട്ടത്തിലാണ് വിവാഹ ചടങ്ങുകൾ നടന്നത്. വഹ്റാനിലെ തന്റെ തോട്ടത്തിൽ കൊട്ടാര സമാനമായ വീട്ടിൽ സർവ്വ സുഖാഢംബരങ്ങൾക്കിടയിലാണ് അവർ ജീവിച്ചത്. തീജാനീ മുരീദൻമാർ അവരുടെ ഭൗതികാവിശിഷ്ടങ്ങൾ കൊണ്ട് പുണ്യം തേടുകയും അവരുടെ പാദസ്പർശമേറ്റ മണ്ണ് കൊണ്ട് അംഗശുദ്ധി വരുത്തുകയും ചെയ്തു. അറുപത്തിയഞ്ച് വർഷക്കാലം മുസ്‌ലിംകൾക്കിടയിൽ കഴിഞ്ഞ അവർ ക്രൈസ്തവ വിശ്വാസിയായാണ് ജീവിച്ചത്.

മരുഭൂമിയിലെ ചില പ്രദേശങ്ങൾ കീഴടക്കാൻ ഫ്രഞ്ച് കേണൽ ഫ്ളാറ്ററിനെ സഹായിക്കുന്ന ദൗത്യത്തിനിടയിൽ തീജാനീ നേതാവായ അബ്ദുൽ ക്വാദിർ 1881 ൽ മരണപ്പെട്ടു.

1894 ൽ അൾജിയേഴ്സിലെ ഫ്രഞ്ച് ഗവർണർ ജനറൽ ജോ കോമിയേ കത്തെഴുതി. തങ്ങൾ സുഡാനും അൾജീരിയയിലെ ഹകാറും ആക്രമിച്ച് കീഴടക്കാൻ ഒരുങ്ങുന്നതായും അതിനാൽ ആ പ്രദേശങ്ങളിലെ തീജാനികളോട് പൂർണമായും തങ്ങൾക്ക് കീഴടങ്ങാനും പ്രസ്തുത ദൗത്യത്തിൽ തങ്ങളെ സഹായിക്കാനും ആവശ്യപ്പെടണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

1906-1907 ൽ അൾജീരിയയിലെ ഫ്രഞ്ച് ഗവർണർ മിസിയോ ജോനാർ തന്റെ അഭ്യന്തരകാര്യ സെക്രട്ടറി മിറാന്റിനെ ഒരു കത്തുമായി എന്റെ പിതാവിന്റെ അടുക്കലേക്കയച്ചു. രാഷ്ട്രീയ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി അദ്ദേഹം ഒരു മാസം പിതാവിന്റെ ആശ്രമത്തിൽ കഴിഞ്ഞുകൂടി. എന്റെ പിതാവിന്റെ കൈയ്യൊപ്പുള്ള കത്തുകൾ മൊറോക്കോയിലെ തീജാനികളായ രാഷ്ട്രീയ നേതാക്കൾക്കും പ്രമുഖർക്കും അയക്കുകയുണ്ടായി. ഫ്രഞ്ച് അധിനിവേശത്തെ സഹായിക്കുവാനും അനുസരിക്കാനും ജനങ്ങളെക്കൊണ്ട് അത് അംഗീകരിപ്പിക്കാനും ഫ്രഞ്ച് സൈന്യത്തിന് ആ രാഷ്ട്രം പ്രയാസം കൂടാതെ കീഴടക്കാൻ സൗകര്യം ചെയ്ത് കൊടുക്കാൻ പ്രസ്തുത കത്തുകളിൽ അവരെ ഉണർത്തി.

രണ്ടാംലോക യുദ്ധ കാലത്ത് ഫ്രാൻസിനും അതിന്റെ ആദരണീയരായ സഖ്യകക്ഷികൾക്കുമെതിരിൽ തുർക്കികളുടെ ഇടപെടലിനെ അപലപിച്ചു കൊണ്ട് ഞങ്ങൾ വടക്കൻ ആഫ്രിക്കൻ പ്രദേശങ്ങളിലേക്ക് കത്തുകളും ടെലഗ്രാമും അയക്കുകയുണ്ടായി. അതിൽ ഞങ്ങളുടെ തീജാനീ സഹോദരങ്ങളോട് ഫ്രാൻസിനോട് സ്നേഹവും കൂറും പുലർത്താൻ ആഹ്വാനം ചെയ്യുകയുണ്ടായി.

1913 ൽ അൾജീരിയയിലെ ഫ്രഞ്ച് ഗവർണർ ജനറലിന്റെ അഭ്യർത്ഥന മാനിച്ച് സെനഗലിലെ തീജാനീ കാര്യദർശി സയ്യിദീ അൽ ഹാജ് മാലിക് ഉസ്മാൻ സായിയോട് പടിഞ്ഞാറൻ ആഫ്രിക്കയുടെ വടക്ക് മരുപ്പച്ചയിൽ ഫ്രഞ്ച് അധിനിവേശത്തിന് നേതൃത്വം നൽകുന്ന ജനറൽ ക്ലോസിലിനെ സഹായിക്കാൻആ നാട്ടിലെ മതരംഗത്തുള്ള നമ്മുടെ സ്വാധീനം ഉപയോഗപ്പെടുത്താൻ ആവശ്യപ്പെട്ടുകൊണ്ട് കത്തയക്കുകയുണ്ടായി.

1916 ൽ മറാക്കിഷിലെ ഫ്രഞ്ച് വൈസ്രോയ് മാർഷൽ ല്യൂട്ടിയുടെ താൽപര്യപ്രകാരം തീജാനീ ത്വരീക്വത്തിന്റെ നായകനായിരുന്ന എന്റെ പൂർവ്വീകൻ സയ്യിദീ അലി ഫ്രഞ്ചുകാരെ തങ്ങളുടെ സാമ്രാജ്യത്വം വികസിപ്പിക്കുവാനും സ്വാധീനം ശക്തിപ്പെടുത്താനും സഹായിക്കാൻ മതരംഗത്തെ തങ്ങളുടെ സ്വാധീനം ഉപയോഗപ്പെടുത്താൻ അവരാവശ്യപ്പെട്ടു കൊണ്ട് മൊറോക്കോയിലെ മുന്നൂറ്റിപ്പതിമൂന്ന് പ്രമുഖർക്ക് കത്തയക്കുകയുണ്ടായി.

1925 ൽ രീഫ് പ്രദേശത്ത് നടന്ന യുദ്ധത്തിൽ ഞാൻ എന്റെ ആത്മാർത്ഥ സുഹൃത്തും ഞങ്ങളുടെ ത്വരീക്വത്തിന്റെ മുരീദും ഉപദേഷ്ടാവുമായ ഹുസ്നീ അഹ്മദ് താലിബിനെ മൊറോക്കോയിലേക്കയച്ചു. അദ്ദേഹം വിപ്ലവകാരികളുടെ പ്രദേശത്ത് ചെന്ന് അവർക്കെതിരിൽ വലിയ പ്രചാരവേലകൾ നടത്തി.

ഗ്രാമമുഖ്യന്മാരുടെയും നാട്ടുകാരണവൻമാരുടെയും മേൽവിലാസങ്ങൾ ശേഖരിച്ച് അവരോട് ഫ്രാൻസിനെ അനുസരിക്കാനും അവർക്ക് കീഴടങ്ങാനും ആവശ്യപ്പെട്ടു കൊണ്ട് ഞങ്ങളുടെ ഫെസ്സിലെ കാര്യദർശി മുഖേന കത്തുകളയക്കുകയുണ്ടായി. ചുരുക്കത്തിൽ, തങ്ങളുടെ മതസ്വാധീനം ഉപയോഗിക്കാൻ തീജാനികളോട് ആവശ്യപ്പെട്ടപ്പോഴെല്ലാം പൂർണ്ണമനസ്സോടും നിറഞ്ഞ സന്തോഷത്തോടും ഞങ്ങൾ അത് അനുസരിച്ചു. അതെല്ലാം ഞങ്ങൾ ചെയ്തത് മഹത്തായ ഞങ്ങളുടെ ഫ്രാൻസിന്റെ മഹത്വവും അഭിവൃദ്ധിയും ലക്ഷ്യം വെച്ചായിരുന്നു."

തീജാനീ ശൈഖിന്റെ സുദീർഘമായ ഈ പ്രഭാഷ

ണം കഴിഞ്ഞയുടനെ ലെഫ്റ്റനന്റ് കേണൽ സികൂനി അദ്ദേഹത്തെ അഭിനന്ദനങ്ങൾ കൊണ്ട് മൂടി.

മറ്റൊരു ഫ്രഞ്ച് മേധാവി പോൾ റഡിനോ പറയുന്നു. "കഴിഞ്ഞ അറുപത് വർഷങ്ങൾക്കിടയിൽ തീജാനികൾ ഞങ്ങൾക്ക് സഹായങ്ങൾ നൽകുന്നു. 1911 മുതൽ കിഴക്കൻ അറബ് പ്രവിശ്യയിലും മൗറിത്താനിയയിലും രീഫ് പ്രദേശത്തുമുള്ള അവരുടെ ശക്തമായ സ്വാധീനം ഞങ്ങൾ ഉപയോഗപ്പെടുത്തുന്നു." (താരീഖുൽ മഗ്രിബ് ഫിൽ ഖർനിൽ ഇശ്രീൻ. 143).

റോംലാൻഡോ പറയുന്നത് കാണുക. "സൂഫീ ത്വരീഖത്തുകളെയും അവർ നിർവ്വഹിക്കുന്ന ദൗത്യത്തെയും കുറിച്ച് ഫ്രഞ്ചുകാർ പല തവണ മനസ്സിലാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജനങ്ങൾക്കറിയാവുന്ന രണ്ട് സുപ്രധാന ചരിത്ര രേഖകളുണ്ട്.

നൂറ് വർഷം മുമ്പ് അൾജീരിയയിലെ ആദ്യത്തെ ഫ്രഞ്ച് ഭരണാധികാരി മാർഷൽ ബോജോ തീജാനീ ശൈഖിന് എഴുതിയ കത്താണ് ഒന്ന്.

അതിൽ ശൈഖിന്റെ ദയാവായ്പോടെയുള്ള നിലപാട് ഇല്ലായിരുന്നുവെങ്കിൽ ഫ്രഞ്ചുകാർക്ക് അവർ അധിനിവേശം നടത്തിയ രാഷ്ട്രങ്ങളിൽ പിടിച്ചു നിൽക്കാൻ സാധിക്കുമായിരുന്നില്ലെന്നും താങ്കൾക്ക് എന്താവശ്യമുണ്ടെങ്കിലും ബന്ധപ്പെടണമെന്നും പറയുന്നുണ്ട്.

ഫ്രാൻസും അമീർ അബ്ദുൽ കരീമും തമ്മിൽ 1925 ൽ നടന്ന യുദ്ധസമയത്ത് തീജാനീ ശൈഖ് തന്റെ അനുയായികൾക്കയച്ച കത്താണ് രണ്ടാമത്തേത്. അതിൽ, ഫ്രാൻസ് എന്ന ക്രൈസ്തവ രാഷ്ട്രത്തിന്റെ കൂടെ നിന്ന് മാതൃരാഷ്ട്രത്തിലെ മുസ്‌ലിംകൾക്കെതിരിൽ പോരാടാൻ ആഹ്വാനം ചെയ്യുന്നുണ്ട്.

സൂഫീ ചരിത്രകാരനായ ശൈഖ് ശഫഖ് പറയുന്നു. "സാമ്രാജ്യത്വം നമ്മുടെ നാട്ടിലും ഈജിപ്തിലും സൂഫികളെ എതിർത്തില്ലെന്ന് മാത്രമല്ല, അവരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ ശൈഖുമാരെ ആദരിക്കുകയും അവരെ സ്വീകരിക്കുകയും അവരുടെ ആവശ്യങ്ങൾ നിവർത്തിച്ചു കൊടുക്കുകയും ചെയ്തു." (അത്തസവ്വുഫു ബൈനൽ ഹഖി വൽ ഖൽക്. 616).

ശൈഖ് ത്വൻത്വാവി തന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ പറയുന്നു. "മിക്ക സൂഫികളും സുഖാഢംബരങ്ങൾ നുകർന്നു ആനന്ദിച്ച് ജീവിച്ചു. ജനങ്ങൾ അവർക്ക് നാനാ വിധേന സമ്പത്ത് വാരിക്കൊടുത്തു. അവർ അല്ലാഹുവിന്റെ അടുപ്പക്കാരാണെന്ന ധാരണ ജനമനസ്സുകളിൽ വേരോടിയതിനാൽ അവരുടെ കൂടെ നിന്നു. ഫ്രഞ്ചുകാർ രാജ്യം കീഴടക്കാൻ വന്നപ്പോൾ സമാധാനത്തോടെ കഴിയാൻ രാജ്യഭരണം അവരെ ഏൽപ്പിക്കുന്നതാണ് നല്ലതെന്ന് അവർ മനസ്സിലാക്കി. ഇതാണ് നമ്മുടെ കാലത്ത് സംഭവിച്ചത്. ഫ്രഞ്ചുകാർ ഇക്കാര്യം തുറന്ന് പറഞ്ഞിട്ടുണ്ട്.

"മുസ്‌ലിം ബഹുജനത്തിന്റെ അജ്ഞത മുതലെടുത്ത് ഇക്കൂട്ടർ സുഖസൗകര്യങ്ങൾ ആസ്വദിച്ച് ജീവിക്കുകയാണ്. നാമവർക്ക് സുഖസൗകര്യങ്ങൾ നൽകിയാൽ അവർ നമ്മോടൊപ്പം നിൽക്കും. സമ്പത്ത് വാരിക്കൂട്ടുന്നതിൽ നമ്മെ പിന്തുണക്കും. തുറന്ന് പറയുകയാണെങ്കിൽ സിംഹവും പുലിയും കഴിച്ചതിന്റെ ഉച്ഛിഷ്ടം തിന്നുന്ന കാക്കയുടെയും പരുന്തിന്റെയും അവസ്ഥയാണ് അവരുടേത്." (അൽ ജവാഹിർ ഫീ തഫ്സീരിൽ ഖുർആൻ. 9/137138).

ഈജിപ്ഷ്യൻ ദേശീയ പ്രസ്ഥാന നായകൻ മുസ്ഥഫാ കാമിൽ തന്റെ "കിഴക്കിന്റെ പ്രശ്നം' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ച ഒരു കഥ ഡോ: ഉമർ ഫർറൂക് ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്. "ഫ്രഞ്ചുകാർ തൂനിസിലെ ഖൈറുവാൻ നഗരം പിടിച്ചടക്കിയ സന്ദർഭത്തിൽ ഒരു ഫ്രഞ്ചുകാരൻ ഇസ്‌ലാം സ്വീകരിച്ചു. സയ്യിദ് അഹ്മദ് അൽ ഹാദി എന്ന നാമകരണം സ്വീകരിച്ചു. അയാൾ മതപാണ്ഡിത്യം നേടി ഖൈറുവാനിലെ ഒരു പള്ളിയിൽ ഇമാമായി. ഫ്രഞ്ച് സൈന്യം നഗര പരിസരത്തെത്തിയപ്പോൾ ജനങ്ങൾ അവരെ നേരിടാനൊരുങ്ങി. അവർ ഇമാമിന്റെ അടുത്തെത്തി പള്ളിക്കടുത്ത് മറവ് ചെയ്ത ദിവ്യന്റെ ഉപദേശം തേടാൻ ആവശ്യപ്പെട്ടു. ദിവ്യന്റെ ശവകുടീരത്തിൽ പ്രവേശിച്ച ഇമാം ഭീതിയോടു കൂടി പുറത്ത് കടന്നു; ഫ്രഞ്ചുകാർക്ക് കീഴടങ്ങാനാണ് ദിവ്യൻ കൽപ്പിക്കുന്നത് എന്നറിയിച്ചു. രാജ്യത്തിന്റെ പതനം ഉറപ്പാണെന്നും അയാൾ തട്ടിവിട്ടു. അത് വിശ്വസിച്ച പാവം പൊതുജനം യാതൊരു പ്രതിരോധ നടപടികൾക്കും മുതിർന്നില്ല. അങ്ങനെ 1881 ഒക്ടോബർ ഇരുപത്തിയാറിന് ഫ്രഞ്ചുകാർ യാതൊരു എതിർപ്പും കൂടാതെ ഖൈറുവാൻ കീഴടക്കി." (അത്തസവ്വുഫു ഫിൽ ഇസ്‌ലാം. 11).

അൾജീരിയ കീഴടക്കിയ വേളയിൽ ഒരു ഫ്രഞ്ച് സേനാ നായകൻ പറഞ്ഞത്, ഒരു വലിയ സൈന്യത്തെ ഒരുക്കുന്നതിലും നല്ലത് ഒരു സൂഫീ ശൈഖിനെ സ്വന്തമാക്കുന്നതാണ് എന്നായിരുന്നു. (ആസാറു ശൈഖ് ബശീറുൽ ഇബ്റാഹീമി. 5/143).

ഖലീലുല്ലാഹി ഇബ്റാഹീം നബി(അ)യെയും അബൂബക്ർ സിദ്ദീക്(റ)വിനെയും കഅ്ബാ ശരീഫിനേയും ചവിട്ടിത്താഴ്ത്തിയും ഖുമൈനിയെ ഇമാമാക്കിയും ശൈഖ് മുഹമ്മദിബിന് അബ്ദിൽ വഹാബിനെ തെറിയഭിഷേകം ചെയ്തും ശീഇസം ഒളിച്ചു കടത്തുന്ന കേരളത്തിലെ ചില തീജാനീ വേതാളങ്ങളെ കേരള മുസ്‌ലിംകൾ ജാഗ്രതയോടു കൂടി കാണേണ്ടതുണ്ട്. ഇന്ന് ആഫ്രിക്കയിലെ പ്രമുഖ ശീഈ പ്രബോധകനായ ടുണീഷ്യൻ പൗരൻ, മുഹമ്മദ് തീജാനീ അസ്സമാവീ മുമ്പ് തീജാനീ ത്വരീഖത്തിന്റെ പ്രമുഖ വക്താവായിരുന്നു എന്ന കാര്യവും നാം സഗൗരവം ശ്രദ്ധിക്കേണ്ടത് തന്നെയാണ്. ■

സൈൻ

# ഹിജാബ് ഒരു കഷ്ണം തുണിയല്ല അതൊരു സംസ്കാരമാണ്

കടലിലും കരയിലും അന്തരീക്ഷത്തിലും ഭൂമിയിലും ആകാശത്തിലും ഒക്കെയായി അല്ലാഹു രൂപകൽപന ചെയ്ത അനേകായിരം സൃഷ്ടി വിഭാഗങ്ങളിൽ അതിശ്രേഷ്ഠനാണ് മനുഷ്യൻ.

ബഹുമാന്യനാണ് മനുഷ്യനെന്ന് സ്രഷ്ടാവ് തന്നെ പ്രഖ്യാപിച്ചതുമാണ്.

മനുഷ്യനാണ് പ്രപഞ്ചത്തിന്റെ കേന്ദ്രകഥാപാത്രം എന്ന സൂചന ചില നബി(സ)വചനങ്ങളിൽ നിന്ന് നമുക്ക് ഗ്രഹിക്കാം. സ്വർഗ്ഗത്തിൽ സൃഷ്ടിക്കപ്പെടുകയും പ്രാതിനിധ്യാധികാരം നൽകി ഭൂമിയിലേക്ക് നിയോഗിക്കപ്പെടുകയും ചെയ്യപ്പെട്ട ഏക സൃഷ്ടി മനുഷ്യനാണെന്ന സന്ദേശം വിശുദ്ധ ഖുർആനിൽ നിന്ന് വായിച്ചെടുക്കാം.

നാമോരോരുത്തരുടേയും രൂപവും ഭാവവും ഭാഷയും വർണവും ആകാരവും വലിപ്പവും മനുഷ്യരാർക്കും ഇടപെടാൻ സാധ്യമാകാത്ത വിധം ജനിതക കോഡിൽ അല്ലാഹുവിന്റെ പരിപൂർണ്ണമായ വിവേചനാവകാശം ഉപയോഗപ്പെടുത്തി അവൻ രൂപകൽപന ചെയ്തതാണ്.

നമ്മുടെ ഭൂഖണ്ഡവും രാജ്യവും വംശവും ഗോത്രവും കുടുംബവും മാതാപിതാക്കളുമെല്ലാം സ്രഷ്ടാവായ അല്ലാഹുവിന്റെ അലംഘനീയമായ അധികാരത്തിന്റെ വിവിധങ്ങളായ പ്രകടനപരതകളാണ്.

ഞാൻ ഈ വീട്ടിലെ കുട്ടി ആകേണ്ടായിരുന്നു തൊട്ടപ്പുറത്തെ വീട്ടിലെ കുട്ടി ആയാൽ മതിയായിരുന്നു. ഇദ്ദേഹത്തിനു പകരം അദ്ദേഹം എന്റെ പിതാവായാൽ മതിയായിരുന്നു. ഇന്ത്യക്കാരനാകുന്നതിന് പകരം എനിക്ക് യൂറോപ്യൻ ആകണമായിരുന്നു.

ഇത്തരം ചിന്തകളൊക്കെ കേവലം അർത്ഥശൂന്യമായ വ്യാമോഹമെന്നതിനപ്പുറത്തേക്ക് യാതൊരു നിലനിൽപ്പും ഇല്ലാത്ത വെറും അബദ്ധങ്ങളുടെ ഘോഷയാത്രയാണ്.

ബുദ്ധി ശക്തിയും വിവേചനാ സ്വാതന്ത്ര്യവും സ്വന്തം വഴി തിരഞ്ഞെടുക്കാനുള്ള ഇച്ഛാശക്തിയും വിശ്വാസ കാര്യങ്ങളിലും കർമ്മവീഥിയിലും മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു.

മറ്റ് ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തമായി നന്മയും തിന്മയും ശരിയും തെറ്റും വ്യക്തമാക്കി കൊടുക്കാൻ സന്മാർഗ ബോധന ഗ്രന്ഥങ്ങളും നേർവഴിയുടെ ഊർജ്ജസ്വല ഗുരുനാഥന്മാരായ ലക്ഷത്തിലധികം ഇലാഹി ദൂതരേയും സ്രഷ്ടാവ് നിയോഗിച്ചു. ഇവിടെ മനുഷ്യൻ രണ്ടു വിഭാഗമായിത്തിരിഞ്ഞു. മൂന്നാമതൊരു വിഭാഗം ഇല്ലാത്തവിധം രണ്ടേരണ്ട് വിഭാഗം മാത്രം. ഇലാഹീ ഗ്രന്ഥങ്ങളിൽ നിന്നും പ്രവാചകാധ്യാപനങ്ങളിൽ നിന്നും തന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യം തിരിച്ചറിഞ്ഞ മുസ്‌ലികളും ആതിരിച്ചറിവില്ലാത്തവരും.

ചാപ്റ്റർ വൺ പ്രഥമ മനുഷ്യൻ എന്ന ഒന്നാം അദ്ധ്യായം മുതൽ ഇന്നത്തെ സായംസന്ധ്യ വരെയും നീണ്ടുനിൽക്കുന്ന അനന്തമായ പ്രകട വൈരുദ്ധ്യങ്ങളുടെ ഘോഷയാത്രാ പരമ്പരകളാണ് ഇസ്‌ലാമിനും ഇസ്‌ലാമിതര സങ്കൽപങ്ങൾക്കുമിടയിൽ നിലനിൽക്കുന്നത്.

തലയുടെ നെറുക മുതൽ കാൽച്ചുവടു വരെ, ചെറുവിരലനക്കം മുതൽ അതീവ സങ്കീർണമായ സാഷ്ടാംഗപ്രണാമം വരെ,

കൺപോളകളുടെ ചെറുചലനം മുതൽ ഹൃദയത്തിന്റെ അതീവ സാധ്യതാ സമ്പന്നമായ മഹാ വിശ്വാസ ദാർഢ്യതകൾ വരെ, മനുഷ്യൻ എന്ന പദത്തിന്റെ നിർവചനം മുതൽ മനുഷ്യോല്പത്തി ഉൾപ്പെടെ മനുഷ്യന്റെ ഉപസംഹാരം വരെയും ഈ വൈവിധ്യത്തിന്റെ പെരുമ്പറകൾ മുഴങ്ങുന്നുണ്ട്. ജലാശയത്തിൽ രൂപപ്പെട്ട അമീബ പോലൊരു ഏകകോശ ജീവി ബഹുകോശ ജീവിയാകുന്നതും അതു പിന്നെ

വരാഹ രൂപം പ്രാപിക്കുന്നതും കടലിൽനിന്ന് കരയിലേക്ക് ഇഴഞ്ഞെത്തുന്നതും ചെകിളകളും മറ്റും അപ്രത്യക്ഷമായി കരയിൽ നടക്കാൻ കൈകാലുകൾ രൂപപ്പെടുന്നതും കാലുകൾകൊപ്പം കൈകൾ കൂടി നിലത്ത് കുത്തി നടന്ന നാൽക്കാലി ക്രമേണ എഴുന്നേറ്റ് ലേശം കുനിഞ്ഞ് നടന്നുവരുന്നതും ഉണ്ടായിരുന്ന ചെറിയ വളവും പിന്നീട് സ്വയം നിവർന്ന് ചിമ്പാൻസി വഴി മനുഷ്യനിലേക്ക് കടന്നെത്തുന്നതും രണ്ടു മുൻ കാലുകൾ ശത്രുവിനെ നേരിടാൻ ഉപയോഗിക്കുകയും അവരണ്ടും ക്രമേണ കൈയായി മാറുകയും ചെയ്തെന്നാണ് ചിലരുടെ ഒരിക്കലും ടാലിയാകാത്ത മനുഷ്യ ചരിത്രം.

എണ്ണൂറ്റിയമ്പത് ലക്ഷം വർഷമെടുത്താണ് ഐതിഹാസികമായ ഈ പരിണാമം സാധ്യമായതെന്ന് പ്രസ്താവിക്കുകയും അമ്പത്തിയഞ്ച് ലക്ഷം വർഷം പഴക്കമുള്ള പോസിലുകളിൽ നടത്തിയ പഠനത്തിൽ നിന്നാണ് ഇത് ബോദ്ധ്യമായതെന്ന് നിസ്സങ്കോചം വാചോപാടത്തിന്റെ ചർവിതചർവണം ഗീബൽസിന്റെ വിശ്വവിഖ്യാതമായ ആയിരത്തി ഒന്നിലുമേറെ തവണ ആവർത്തിക്കുന്നതും നമുക്ക് കാണാം.

അരോചകമാവുന്നത്ര ആവർത്തിക്കുന്ന സ്വയം, സ്വയം, സ്വയം, എന്നതിനോട് ചേരുന്നത് കടപ്പാടുകളും ഉത്തരവാദിത്തങ്ങളും ബാധ്യതകളും ഒന്നും ആരോടും ലവലേശം നിറവേറ്റാൻ ഇല്ലാത്ത വികല മനസ്സിൽ രൂപപ്പെടുന്നതെന്തും പ്രവർത്തിക്കാൻ കഴിയുന്ന അപകടകാരിയായ തോന്യവാസം എന്ന തലത്തിലേക്ക് മനുഷ്യ ചിന്തകളും കർമ്മങ്ങളും ലക്ഷ്യരഹിതമാകുമെന്നതാണ് ഈ വൈകല്യത്തിന്റെ അന്വർത്ഥം.

ധർമബോധം വേണോ വേണ്ടേ, സത്യസന്ധത നിലനിൽകേണ്ടതുണ്ടോ ഇല്ലേ,

ത്യാഗം സഹിച്ച് സഹവർത്തിത്വം സംരക്ഷിക്കണമോ വേണ്ടേ, മൂല്യങ്ങൾ മുറുകെ പിടിക്കേണ്ടതുണ്ടോ ഇല്ലേ, ലജ്ജ അവിവേകമാണോ അനിവാര്യമാണോ, എന്തിനധികം ഉടുതുണി വേണമോ വേണ്ടേ, വേണമെങ്കിൽ കഷ്ടിച്ചോ അതോ ആവശ്യത്തിനോ, വരാഹത്തിൽ നിന്ന് ചിമ്പാൻസിയിലേക്കും അവിടെ നിന്ന് മനുഷ്യനിലേക്കും സ്വയം പരിണമിച്ചെത്തിയവനാണെങ്കിൽ വരാഹത്തിനും ചിമ്പാൻസികൾക്കുമില്ലാത്ത ഏതെങ്കിലുമൊരു മൂല്യം മുറുകെപ്പിടിച്ച് ജീവിച്ചേ പറ്റൂ എന്ന് വാശി പിടിക്കുന്നത് അർത്ഥശൂന്യമാണെന്ന് ചിന്തിക്കാവുന്നതാണ്.

ഇസ്‌ലാമിക വീക്ഷണത്തിൽ മനുഷ്യരാശിയും മനുഷ്യത്വവും മാത്രമല്ല മനുഷ്യ വർഗ്ഗത്തിലെ ഓരോ വ്യക്തിയുടേയും മനസാ വാചാ കർമ്മണാ സമസ്ത ചലനനിശ്ചലനങ്ങളും ഒരിക്കലും അവസാനിക്കാത്തതും അതീവ ഗൗരവകരവും ആത്മപ്രേരിതവും സ്വർഗ്ഗനരകങ്ങൾക്കപ്പുറത്ത് യാതൊരു സാധ്യതയും ലവലേശം ശേഷിക്കാത്ത ശുദ്ധവൈരുദ്ധ്യാത്മക പരലോക ജീവിതത്തിന്റെ ഭാഗധേയവുമായി ബന്ധിതമായ ഗുരുതര ചിന്തയിൽ കടഞ്ഞെടുത്തതും സധാ ജാഗരൂകവുമായിരിക്കണം.

“
**മാനവിക മൂല്യാധിഷ്ഠിതം, ജനഹിതാത്മകം, ഭരണാഘടനാവിധേയം, മൗലികാവകാശാനുസൃതം, വ്യക്തിസ്വാതന്ത്ര്യപരം, എന്നിത്യാദി മനുഷ്യ സ്വാശ്രയ വ്യവഹാരങ്ങളല്ല ‘ഇലാഹീ നിർദ്ദേശാനുസൃത ജീവിതം‘എന്ന ഏകമുഖ വീക്ഷണമാണ് ഇസ് ലാം എന്ന സമഗ്രതയുടെ കഴമ്പും കാതലും.**
”

മാനവിക മൂല്യാധിഷ്ഠിതം, ജനഹിതാത്മകം, ഭരണാഘടനാവിധേയം, മൗലികാവകാശാനുസൃതം, വ്യക്തിസ്വാതന്ത്ര്യപരം, എന്നിത്യാദി മനുഷ്യ സ്വാശ്രയ വ്യവഹാരങ്ങളല്ല ‘ഇലാഹീ നിർദ്ദേശാനുസൃത ജീവിതം‘എന്ന ഏകമുഖ വീക്ഷണമാണ് ഇസ് ലാം എന്ന സമഗ്രതയുടെ കഴമ്പും കാതലും. ശൈശവം, ബാല്യം, കൗമാരം, യൗവനം, മധ്യവയസ്കത, വാർദ്ധക്യം, സർവ്വോപരി ജീവിതം, പിന്നെ മരണം,ആരാധനകൾ, ഉപാസനകൾ, കുടുംബം, വൈവാഹിക ജീവിതം, സന്താനപാലനം, ധനാഗമന വിനിമയ മാർഗ്ഗങ്ങൾ, സ്വഭാവം, കുറ്റവും- ശിക്ഷയും, അടുക്കള ജീവിതം, അന്താരാഷ്ട്ര ഭരണം, ഉഭയകക്ഷി ബന്ധങ്ങൾ, വളരെ സ്വകാര്യവും സാമൂഹികവും അതീവ രഹസ്യവും മഹാ പരസ്യവും ഏത് കാര്യത്തിലും ഗണിച്ചും കപടി നിരത്തിയും കണിയാന്റെ നിർദ്ദേശാനുസരണവും എന്നതൊന്നുമല്ല ജീവനും ജീവിതവും തന്ന അല്ലാഹുവിന്റെ നിർദ്ദേശങ്ങൾ അക്ഷരാർത്ഥത്തിൽ ശിരസ്സാവഹിക്കുക എന്നതാണ് മുസ്‌ലിം ജീവിതത്തിന്റെ അകക്കാമ്പ്.

വിശ്വ ദാർശനികൻ ഇമാം ഗസാലി എഴുതുന്നു. പ്രശാന്തമോ അശാന്തമോ ആയ ഓരോ മുസ്‌ലിം പ്രഭാതവും ആരംഭിക്കുന്നത്... എന്റെ ജീവിതവും എന്റെ മരണവും നാഥാ നിനക്ക് വേണ്ടിയും നിന്റേ നിർദ്ദേശാനുസരണവും ആയിരിക്കും എന്ന നിസ്വാർത്ഥമായ പ്രതിജ്ഞയോടെ ആകുന്നു.

നാം ഓരോരുത്തരും ചെയ്ത പ്രതിജ്ഞ പൂർത്തീകരിച്ചോ ലംഘിച്ചോയെന്ന് മനസ്സാക്ഷിയോട് ചോദിക്കുക.

ഇവിടെയാണ് ഹിജാബ് കേവലം ഒരു കഷ്ണം

തുണിയല്ലെന്നും മസ്തിഷ്കത്തിന്റെ ആഴങ്ങളിൽ വേരുറച്ച് നിൽകുന്ന പിഴുതെടുക്കാനാവാത്ത ഒരു സംസ്കാരമാണതെന്നും നമുക്ക് തിരിച്ചറിയുക. തുണിയില്ലായ്മയാണ് പരിഷ്കാരം എന്ന തെറ്റായ അവബോധം ഉപബോധ മനസ്സിൽ പതിഞ്ഞുറഞ്ഞ ഒരാൾക്ക് അത് മനസ്സിലാകുന്നില്ലങ്കിൽ പഴിചാരുന്നതിനുപകരം സഹിഷ്ണുത പുലർത്താനുള്ള മാന്യത പ്രകടിപ്പിക്കുകയും വൈജ്ഞാനികമായ ആശയസംവാദത്തിനുള്ള സന്നദ്ധതയുമാണ് മൂല്യവത്തായ സമിപനം.

മനസ്സിൽ രൂഢമായ വിശ്വാസം അവയവങ്ങളിൽ

> **മറ്റുള്ളവരുടെ മാദകത്വവും ആസ്വാദ്യത തോന്നുന്ന അവയവ ഭാഗങ്ങളും മറഞ്ഞിരിക്കേണ്ടതാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്ന – ശരീരഭാഗങ്ങളും നമ്മുടെ കണ്ണ് കൊണ്ട് അബദ്ധത്തിൽ അല്ലാതെ കണ്ടു പോകാതിരിക്കുക എന്നത് നമ്മുടെ ഇസ്‌ലാമിന്റെ പൂർണ്ണതയാണ്. അന്യരുടെ ഔറത് കാണാതിരിക്കുന്നത് നമ്മുടെ കടമയാണെന്നെതുപോലെ നമ്മുടെ ഔറത് മറ്റുള്ളവർ കാണാൻ അവസരവും സാഹചര്യവും സൃഷ്ടിക്കാതിരിക്കാനുള്ള ഉത്തരവാദിത്വവും വിശുദ്ധ ദീൻ നമ്മെ ഏൽക്കുന്നുണ്ട്.**

മുഴുവനും നിറഞ്ഞു തുളുമ്പുകയും കർമ്മങ്ങളിൽ ആസകലം ബഹിർഗമിക്കുകയും ഭയലേശമന്യേ പ്രഖ്യാപിക്കുകയും ചെയ്യുമ്പോഴാണ് സമസ്ത തലങ്ങളിലും പൂത്തുലഞ്ഞു പരിലസിക്കുന്ന ഈമാൻ എന്ന മഹാ സൗഭാഗ്യം ലഭിച്ചു എന്ന് ആത്മനിർവൃതിപ്പെടാൻ നമുക്ക് സാധിക്കുക.

ലജ്ജ ഈമാന്റെ സുപ്രധാനമായ ഒരു ഭാഗമാകുന്നുവെന്ന് നബി തിരുമേനി(സ) അരുളിയിട്ടുണ്ട്.

മനസ്സെന്ന മയൂര സിംഹാസനത്തിൽ ലജ്ജയെന്ന കോഹിനൂർ രത്നം എന്തുമാത്രം പ്രഭാപൂരിതമാണോ അത്രയ്ക്കാണ് ഏഴഴകുള്ള ഇസ്‌ലാമിക ജീവിത സംസ്കൃതി ജാജ്ജ്വല്യമാനമായി പ്രശോഭിക്കുക.

ഒരാൾ എത്ര അളവിൽ നാണംകെട്ട ലജ്ജാരഹിതനാണോ അത്രയ്ക്ക് അയാളുടെ ജീവിതം വിരസവും സുഖരഹിതവും ആസ്വാദ്യങ്ങൾ കേവലം നാമമാത്രവും വെറും നാട്യം മാത്രവുമായിരിക്കും എന്നതാണ് വസ്തുത.

ബോധപൂർവ്വം അല്ലാഹുവിനെ ഭയന്ന് അനുവദനീയമല്ലാത്തത്

നോക്കാത്തവർക്ക് കേവല ബാഹ്യനയനങ്ങൾ കൊണ്ട് സ്വപത്നിയേ നോക്കുന്ന നോട്ടത്തിന് അല്ലാഹു നൽകുന്നത് കണ്ണുകളെ ശ്രദ്ധിക്കാത്ത ഞരമ്പുരോഗിക്കും അലസന്മാർക്കും ചിന്തിക്കാൻ പോലുമാവാത്ത വിവരണാതീതമായ

ആസ്വാദനം നിറഞ്ഞ ദർശന സുഖമാണെന്ന് ഉലമാഅ് വിവരിക്കുന്നുണ്ട്.

മണ്മറഞ്ഞ അതിപ്രഗൽഭനായ ഹദീസ് പണ്ഡിതൻ മൗലാനാ യൂനുസ് (റ)യെ കാണാൻ ചെന്ന ഒരു സംഘം ഉലമാക്കൾ നമസ്കാരത്തിൽ കോൺസൻട്രേഷൻ ലഭിക്കുന്നതിന് ഉപകരിക്കുന്ന ഏതെങ്കിലും ഒരു ദിക്റ് പറഞ്ഞുതരണമെന്ന് അപേക്ഷിച്ചു.

ഗൗരവകരമായ കുറെ കാര്യങ്ങൾ സൂചിപ്പിച്ചതിനുശേഷം മൗലാനാ പറഞ്ഞു 'നമസ്കാരത്തിൽ ധ്യാനം ലഭിക്കുന്നതിന് ഉപകരിക്കുന്ന എന്തെങ്കിലുമൊരു ദിക്റോ വദീഫയോ എനിക്കറിയില്ല. എന്നാൽ ഹറാമായ നോട്ടങ്ങളിൽ നിന്ന് കണ്ണുകളെ സംരക്ഷിക്കുന്നത് നമസ്കാരത്തിൽ കോൺസൻട്രേഷൻ ലഭിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം.'

മനുഷ്യശരീരത്തിലെ അവയവങ്ങളിൽ വമ്പിച്ച പ്രാധാന്യമാണ് കണ്ണിനുള്ളതെന്ന് നബി(സ്വ)വചനങ്ങളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. നരകാഗ്നിയെ കെടുത്തിക്കളയാൻ ഉപകരിക്കുന്ന ഏക ദ്രാവകമായ കണ്ണുനീർ കണ്ണിന്റെ മാത്രം ഉൽപന്നമാണ്. കാഴ്ച ശക്തി നഷ്ടപ്പെട്ടവർക്ക് പകരം സ്വർഗ്ഗം ലഭിക്കാതിരിക്കുകയില്ല. ഹറാമായ നോട്ടത്തിൽ നിന്ന് കണ്ണുകളെ ശ്രദ്ധിക്കുന്നവരുടെ ഹൃദയത്തിലേക്ക് തത്വജ്ഞാനത്തിന്റെ ഉറവിടങ്ങൾ ഒഴുകിയെത്തുന്നതാണ്. അനുവദനീയമല്ലാത്ത ഓരോ നോട്ടവും മനുഷ്യരുടെ നെഞ്ചിൽ തറയ്ക്കുന്ന പിശാചിന്റെ വിഷലിപ്തമായ മാരക അസ്ത്രങ്ങളാണ്.

മറ്റുള്ളവരുടെ മാദകത്വവും ആസ്വാദ്യത തോന്നുന്ന അവയവ ഭാഗങ്ങളും മറഞ്ഞിരിക്കേണ്ടതാണെന്ന് ഇസ്‌ലാം പഠിപ്പിക്കുന്ന-ശരീരഭാഗങ്ങളും നമ്മുടെ കണ്ണ് കൊണ്ട് അബദ്ധത്തിൽ അല്ലാതെ കണ്ടു പോകാതിരിക്കുക എന്നത് നമ്മുടെ ഇസ്‌ലാമിന്റെ പൂർണ്ണതയാണ്. അന്യരുടെ ഔറത് കാണാതിരിക്കുന്നത് നമ്മുടെ കടമയാണെന്നെതുപോലെ നമ്മുടെ ഔറത് മറ്റുള്ളവർ കാണാൻ അവസരവും സാഹചര്യവും സൃഷ്ടിക്കാതിരിക്കാനുള്ള ഉത്തരവാദിത്വവും വിശുദ്ധ ദീൻ നമ്മെ ഏൽക്കുന്നുണ്ട്.

ശിലായുഗമെന്നും അപരിഷ്കൃത കാലമെന്നുമൊക്കെ പറഞ്ഞ് മനുഷ്യരെയും അവരുടെ നാഗരികതയെയും സംസ്കാരത്തെയും കയ്യേറ്റത്തിന് വിധേയമാക്കുക എന്നത് വർത്തമാനകാല അൽപജ്ഞാനത്തിന്റെ ഇഷ്ട വിനോദങ്ങളിൽ ഒന്നാണ്.

ഒന്നാമത്തെ മനുഷ്യൻ ആദം (അ) ആണെന്നും അദ്ദേഹം വസ്ത്രധാരിയായിരുന്നുവെന്നും മനുഷ്യ പ്രപഞ്ചത്തിലെ പ്രഥമ മഹിളാരത്നം ഹവ്വാഅ് (റ) ആയിരുന്നുവെന്നും അവർ വസ്ത്രം ധരിച്ചവരായിരുന്നുവെന്നും വസ്ത്രാക്ഷേപത്തിനും നഗ്നതാപ്രദർശനത്തിനും തക്കം പാർത്തു നടന്നിരുന്നത് ശപിക്കപ്പെട്ട പിശാച് ആയിരുന്നുവെന്നും അല്ലാഹുവിന്റെ ഖുർആൻ പറഞ്ഞു തരുന്നുണ്ട്. ഒരുപാട് അത്ഭുതകരമാണ് മൂസാ നബി (സ്വ)യുടെ ജീവിതം. അദ്ദേഹം കടന്നുപോകുന്ന നിരവധി വഴിത്താരകളിൽ ഉദ്വേഗത്തിന്റെ മുൾമുനയിൽ അക്ഷരാർത്ഥത്തിൽ തന്നെ അസ്തപ്രജ്ഞരായി നാം നിന്നു പോകും. ഒരു പെണ്ണും ഗർഭിണിയായിക്കൂടെന്ന് മഹാരാജാവിന്റെ തിട്ടൂരം നില നിൽക്കുന്ന കാലത്തെ ഗർഭധാരണം. അന്നത്തെ ഫാഷിസ്റ്റ് തേർവാഴ്ചയിൽ ഏറ്റവും വലിയ അപരാധം ഇണചേരലും ഗർഭധാരണവും ആയിരുന്നു. നിഷ്കളങ്കമായ നവജാത ശിശുവിന്റെ കുഞ്ഞിളം ശിരസ്സ് അറുത്തുമാറ്റാൻ രാജ്യത്താകെ സൈനിക വിന്യാസം നടത്തപ്പെട്ടിരുന്ന രാഷ്ട്രീയ സാഹചര്യത്തിലെ ശൈശവം. അപരാധം ചിന്തിക്കാൻ പോലുമാവാത്ത എഴുപതിനായിരം നിഷ്കളങ്ക ശൈശവങ്ങളെ ഫറോവയുടെ ക്രൂര സൈന്യം അറുകൊല ചെയ്തിട്ടുണ്ടെന്ന് മുഫസ്സിറുകൾ രേഖപ്പെടുത്തുന്നത് കാണാം. ജനങ്ങളുടെ ജീവനും ജീവിതത്തിനും ജീവിത വിഭവങ്ങൾക്കും സുരക്ഷിതത്വം നൽകേണ്ട ഭരണ നിർവഹണ സംവിധാനങ്ങളൊക്കെ പച്ചമനുഷ്യ ജീവിതത്തിന്റെ നിറം മങ്ങിയ നിലനിൽപ്പിനുമേൽ പരാക്രമങ്ങൾ നടത്തി നാമാവശേഷമാക്കാൻ എണ്ണയിട്ട യന്ത്രം കണക്കെ പ്രവർത്തിച്ചുകൊണ്ടിരുന്നു. മനുഷ്യജീവിതത്തിന് കാവൽ നിൽക്കേണ്ട സൈന്യം ആഞ്ഞോങ്ങിച്ചുഴറ്റി വീശുന്ന ആയുധങ്ങളുമായി നാട്ടിലാകെ തേർവാഴ്ച്ച നടത്തുന്ന ഭീതിതമായ അസുര കാലം. അതിനിടയ്ക്കാണ് മൂസാ ജനിക്കുന്നതും അതിജീവിക്കുന്നതും വളരെ നേർത്ത ഞാണിന്മേൽ എന്നവണ്ണം അതീവ സാഹസികമായി ഇളം കുരുന്നിന്റെ ജീവിതം മൊട്ടിടുന്നതും പൂത്തുപുഷ്പിക്കുന്നതും നൈലിന്റെ കൊച്ചോളങ്ങളിൽ തെന്നി മാറി ഒഴുകി നീങ്ങുന്നതും കനൽ പദങ്ങളിൽ യാത്രചെയ്യുന്നതും ശൈശവത്തിൽ തന്നെ ഗജപോക്കിരികളായ ഭരണ വർഗ്ഗത്തിനുമുമ്പിൽ ഏറ്റവും അപകടകാരിയായ പ്രതിസ്ഥാനീയനായി ജീവിക്കേണ്ടി വരുന്ന നിസ്സഹായാവസ്ഥയിൽ അകപ്പെടുന്നതും. കൂനിന്മേൽ കുരുവെന്നവണ്ണം കൊട്ടാരത്തിന്റെ തണലിലും പരിലാളനത്തിലും വളരുന്ന രാക്ഷസ മാനസർക്ക് വേണ്ടപ്പെട്ടവനായ ക്രിമിനലിനെ കൊലപ്പെടുത്തിയെന്ന കേസിലെ പ്രതിയാകേണ്ടിവന്ന ഉദ്വേഗ ഭരിതവും സ്ഫോടനാത്മകവുമായ നിമിഷം. ശൂന്യമായ പോക്കറ്റും കാലിയായ കൈകളും വരണ്ട് കീറിയ നഗ്ന പാദങ്ങളുമായി അറുന്നൂറു കിലോമീറ്റർ അപ്പുറത്തേക്ക് ഏകാകിയായി ആത്മരക്ഷാർത്ഥമുള്ള നടത്തം. ഇവിടെയാണ് ശുദ്ധ ഗ്രാമീണതയുടേയും അസാമാന്യ ലജ്ജാശീലത്തിന്റേയും സഹജ സൗന്ദര്യം ദാനമായി ലഭിച്ച ഒരു മൊഞ്ചത്തിയുടെ സാന്നിധ്യം അനുഭവപ്പെട്ടത്. മണലാരണ്യത്തിൽ വീശിയടിക്കുന്ന വന്യമായ കൊടുങ്കാറ്റിൽ തന്റെ വസ്ത്രങ്ങൾ ഞൊടിയിട നേരത്തേക്ക് പോലും ഒരു മില്ലിമീറ്ററും മാറി പോകാതിരിക്കാൻ നിതാന്ത ജാഗ്രതയോടെ യത്നിക്കുന്ന തരുണി മൂസാ യുടെ കണ്ണിൽപെട്ടു. തന്നെ അല്ലാഹു ഏൽപിച്ചിരിക്കുന്ന സ്ത്രീശരീരം എന്ന നശ്വര പ്രപഞ്ചത്തിലെ ഏറ്റവും വിലയേറിയ സമ്മാനത്തിന്റെ ഒരു മൈക്രോ മില്ലീമീറ്റർ പോലും അർഹതയില്ലാത്ത ഒരാളും നിമിഷാർത്ഥ നേരം പോലും കാണ്ടു പോകാതിരിക്കാൻ കിണഞ്ഞു പരിശ്രമിക്കുന്ന ഒരു യുവതിയും സ്ത്രീ പാദത്തിലേ നേർത്ത ഒരു രോമം പോലും തന്റെ കണ്ണിൽ പെടാതിരിക്കുന്നതിന് അത്യധ്വാനം ചെയ്യുന്ന മൂസയും. ആ കാഴ്ച കണ്ട മദാഇനു ശുഐബിലെ മണൽതരികൾ പോലും രോമാഞ്ചം കൊണ്ടു.

പിന്നീട് അവരിരുവരുമായി നടക്കുന്ന പരമപരിശുദ്ധമായ വിവാഹവും മൂസ നൽകുന്ന നിത്യ മാതൃകാ മഹ്റും അവരുടെ ജീവിതവും മിസ്രായേം ദേശത്തേക്കുള്ള സഹയാത്രയും ഖുർആനിക സൂക്തങ്ങളിൽ കൂടി കടന്നു പോകുന്നുണ്ട്. പ്രാചീന കാലത്തു തന്നെ ലജ്ജാശീലവും ധരിച്ചിരിക്കുന്ന വസ്ത്രങ്ങളുപയോഗിച്ച് ആവുന്നതിന്റെ പരമാവധി ശരീരമാസകലവും മറച്ചു പിടിക്കാനുള്ള കുലീനതയും തറവാടിത്തവും സംസ്കാരമുള്ളവരുടെ ജീവിതത്തിന്റെ ഭാഗമായിരുന്നുവെന്ന സന്ദേശം ഖുർആൻ ആയത്തുകളിൽ പ്രശോഭിതമാണ്. അല്ലാഹുവിന്റെ പ്രവാചകൻ ശുഐബ് നബി(അ)യുടെ ശിക്ഷണത്തിൽ വളർന്ന സഫൂറാ യെന്ന ഹിജാബീ സംസ്കാരത്തിന്റെ അനശ്വര മാതൃകയും കുടില മാനസനായിരുന്ന ഫിർഔന്റെ നാട്ടിലെ ഒരു വെയിലിലും വാടാത്ത കാരിരുമ്പിന്റെ ബലമുള്ള ഉരുക്കു വനിതയോകാബദ് നെരിപ്പോടിൽ വളർത്തിയെടുത്ത മൂസയും തമ്മിലുള്ള വിവാഹം കുലീന സംസ്കാരത്തിന്റെ നിത്യ ഹരിതാഭമായ ഇഴുകിച്ചേരലിന്റെ അനശ്വര മാതൃകയാണെന്ന് ഖുർആൻ വ്യാഖ്യാതാക്കളേതാണ്ടെല്ലാവരും രേഖപ്പെടുത്തുന്നുണ്ട്.

ഹിജാബ് സംസ്കാരത്തിന്റെ ശീതളച്ഛായയിൽ വളർത്തിയെടുക്കപ്പെട്ട ഒരു യുവതി ജീവിത പങ്കാളിയായി മാറുന്നതോടെ മൂസാ നയിക്കുന്നത് ശാന്തിയുടെ തീരത്തുകൂടിയുള്ള പ്രശാന്ത സുന്ദരമായ ജീ

വിതമായിരുന്നു. ആടിയുലയുമെന്ന് തോന്നിയ പരുപരുത്ത യാഥാർത്ഥ്യങ്ങളേ ആ ഇണക്കുരുവികൾ അതിജയിക്കുന്നത് കരളുറപ്പുള്ള ക്ഷമയെന്ന അൽഭുത കവചത്തിന്റെ തണലിലായിരുന്നു.

**ഇനിയൊരൽപം മാറി നടക്കാം**

കൈക്രിയകളുടേയും പൊളിച്ചെഴുത്തിന്റേയും സുനാമിത്തിരകളുടെ തള്ളിക്കയറ്റം മൂലം തനത് ചേരുവകൾ ഏതാണ്ടെല്ലാം ചോർന്നൊലിച്ചു പോയ മതഗ്രന്ഥങ്ങളിലും കടലെടുത്തു പോയിട്ടില്ലാത്ത ഹിജാബെന്ന സാംസ്കാരിക പ്രബുദ്ധതയുടെ കെടാവെളിച്ചം മൺചെരാതിൽ നിന്നെന്നപോലെ മുനിഞ്ഞു കത്തുന്നുണ്ട്.

തന്റെ പത്നി സീതയ്ക്ക് കൊണ്ടുപോയി കൊടുത്തു വരാൻ ശ്രീരാമചന്ദ്രൻ ഏൽപിക്കുന്ന സ്വർണ്ണ മാലയുമായിപ്പോയ സഹോദരൻ ദീർഘ നേരത്തിന് ശേഷം ആ മാലയുമായി തിരികെ വന്ന് ഇതികർത്തവ്യാമൂഢനായി നിൽകുന്നത് കണ്ട ശ്രീരാമൻ സഹോദരൻ ലക്ഷ്മണനോട് കാര്യം അന്വേഷിക്കുമ്പോൾ അന്തപ്പുരത്തിനുള്ളിലെ സ്ത്രീജനങ്ങളെല്ലാവരും ഹിജാബിൽ ആയതുകൊണ്ട് ജേഷ്ഠത്തി അമ്മയെ തിരിച്ചറിയാൻ എനിക്കായില്ലെന്ന് ക്ഷമാപണത്തോടെ വിതുമ്പുന്ന ലക്ഷ്മണൻ അദ്ധ്യാത്മിക രാമായണത്തിൽ കൂടി നമ്മെ നയിക്കാൻ ശ്രമിക്കുന്നത് അക്ഷരാർത്ഥത്തിൽ തന്നെ തിന്മയുടെ സർവ്വ കൂരിരുളുകളും പോയ്മറഞ്ഞ നന്മയുടെ വെളിച്ചം പ്രോജ്ജ്വലപ്രഭ പരത്തുന്ന സംസ്കൃതിയിലേക്കാണ്. അത് തന്നേയാണല്ലോ 'രാമായണം'അർത്ഥമാക്കുന്ന (മി ള്ളുലുമാതി...........).

ദൈവിക ആർഷഭാരത സങ്കൽപം തികച്ചും ഹിജാബെന്ന സംസ്കാരത്തോടൊപ്പമാണെന്നും സംഘിസ്ഥാൻ സ്വപ്നം കാണുന്ന പിശാചാണ് നോക്കത്താ ദൂരത്ത് കണ്ണും നട്ട് ഒരല്പമെങ്കിലും നഗ്നത നുണയാൻ ലഭിക്കുമോയെന്ന് പരതി നടക്കുന്നതെന്നും നാം അറിഞ്ഞേ പറ്റൂ.

ഇന്ത്യയെ കണ്ടെത്താൻ വടക്കേ ഇന്ത്യയിൽ കൂടി നാമൊരു പഠനയാത്രയോ

അല്ലെങ്കിൽ ലോകത്തെ കണ്ടെത്താനൊരു വിശ്വയാത്രയോ നടത്തുന്ന പക്ഷം ലിബറലിസവും കമ്മ്യൂണിസവും നാസ്തികതയും ഫെമിനിസവും ഉഴുതുമറിച്ചിട്ടില്ലാത്ത ഏതാണ്ടെല്ലാ ഊഷര ഭൂപ്രദേശങ്ങളിലും ജാതിമതഭേദമന്യേ സ്ത്രീ വർഗ്ഗം അവരുടെ ശരീരത്തെ അതിവിശിഷ്ടവും

വില മതിക്കാനാവാത്തതുമായ അമൂല്യ രത്നശേഖരം പോലേ ഹിജാബിന്റെ ആഢ്യത്വത്തിലും സുരക്ഷിതത്വത്തിലും ശ്രദ്ധാപൂർവം പൊതിഞ്ഞ് സൂക്ഷിക്കുന്നത് നഗ്നമായ കണ്ണുകൾ കൊണ്ട് നമുക്ക് കാണാൻ സാധിക്കുന്ന പതിവു കാഴ്ചയാണ്.

സാധാ വിശ്വാസികൾക്ക് നിഷേധിക്കുകയോ കുറഞ്ഞ പക്ഷം പ്രോത്സാഹിപ്പിക്കാതിരിക്കുകയോ ചെയ്യുമെങ്കിലും കർത്താവിന്റെ തിരു മണവാട്ടികളാകാൻ ജീവിതം മാറ്റി വെച്ചിരിക്കുന്ന ഞങ്ങൾ കുലീനരും സംസ്കാര സമ്പന്നരും ഒട്ടും മലിനമായിട്ടില്ലാത്ത വിശുദ്ധ ഊട്ടുപുരകൾ തന്നെയാണെന്ന് യേശുക്രിസ്തുവിനെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ ബാദ്ധ്യതയുള്ളവർ സ്വയം എടുത്തണിയുന്ന സഭ സ്പോൺസർ ചെയ്യുന്ന വിചിത്ര തിരുവസ്ത്രം ധരിച്ച അദ്ധ്യാപിക പാഞ്ചാലിയെയെന്നവണ്ണം മുസ്‌ലിം വിദ്യാർത്ഥിനിയുടെ വസ്ത്രാക്ഷേപത്തിന് ഒരുമ്പിട്ടിറങ്ങുന്നതാണ് അപമാനകരമായ വിരോധാഭാസം.

ഏറ്റവും കുറഞ്ഞ പക്ഷം ശരീരമാസകലം മറയുന്ന ഈ വസ്ത്രത്തിൽ ഒരു കാര്യവുമില്ലെന്ന ഉർവരമായ പാഠം അവരെ പഠിപ്പിച്ചിട്ടുണ്ടാവുക ഏതെങ്കിലും ഫ്രാങ്കോ മിഷനറിമാരെങ്കിലും ആയിരിക്കും എന്നൂഹിക്കാനേ തരമുള്ളൂ.

മുസ്‌ലിംകൾ വിശുദ്ധമായഭക്ഷണം കഴിച്ചാൽ ഞങ്ങളതിനേ എതിർക്കും,

മുസ്‌ലിംകൾ അവരുടെ ജന്മനാട്ടിൽ ജിവിക്കുന്നത് ഞങ്ങളെതിർക്കും, ഇസ്‌ലാമിക നാടുകളിലേയും മുസ്‌ലിം കളുടേയും സ്നേഹപൂർവമായ പെരുമാറ്റങ്ങൾ എന്തുമാത്രം ഹൃദ്യമാണെങ്കിലും ഞങ്ങൾ മുസ്‌ലിംകളെ എതിർക്കും, ഭൗതിക ജീവിതത്തിന് താങ്ങും തണലുമായി കടന്നു വരുന്ന ജീവിതപങ്കാളിക്ക് വേണ്ടി ഞങ്ങളുടെ ശരീരം അന്യരുടെ കണ്ണുകൊണ്ടൊരു പോറൽ പോലും ഏൽക്കാതെ ഞങ്ങൾ സൂക്ഷിക്കുമെന്ന് പറയുന്നതും പറയാതെ പറയുന്നതും ഞങ്ങൾ എതിർക്കും .കാരണം, ശാഖകളിൽ നിന്ന് ഞങ്ങൾക്ക് ലഭിച്ച് മനസ്സിൽ ഉറച്ചുപോയ ഞങ്ങളുടെ നിലപാട് മുസ്‌ലിം സ്പർശ്യമയ സർവ്വതിനേയും വിവേചന രഹിതമായി എതിർക്കുക എന്നാണ് വിശദീകരണമെങ്കിൽ നമുക്ക് നിശ്ശബ്ദരാകാം.

ഇനി അതിനുമപ്പുറത്ത് കലാലയത്തിൽ എത്തുന്ന വിദ്യാർത്ഥിനികൾ ഉൾപ്പെടെ അവരുടെ വശ്യമായ ശരീരസൗന്ദര്യം മറച്ചുവയ്ക്കുന്നത് അനുവദിക്കാൻ ഞങ്ങൾക്ക് മനസ്സില്ല എന്നതാണ് നിങ്ങളുടെ നിലപാടെങ്കിൽ ലളിതമായി പറയുന്നു. നിങ്ങളുടെ മനസ്സിൽ ബലിഷ്ഠമായി തറച്ചിരിക്കുന്നത് അറു വഷളായ കാമാറിപ്പുരകളാണ്. ആദ്യന്തികമായി അത് നല്ലതല്ല. അത് തീരെത്തന്നെ ശുഭപര്യവസായിയായിരിക്കില്ലെന്ന് ഓർമ്മപ്പടുത്താം.എന്നാൽ, ഇതിനെല്ലാത്തിനുമപ്പുറം ലളിതമായ ഒരു സ്വകാര്യ ചോദ്യമുണ്ട്. മനസ്സാക്ഷിയെ സ്പർശിക്കേണ്ട സത്യാന്വേഷണ തൃഷ്ണ നിരന്തരം നമ്മുടേ വിശ്വാസ മനസ്സിനെ അലോസരപ്പെടുത്തേണ്ടുന്ന മർമ്മത്തിൽ തറക്കേണ്ട ഒരു ചോദ്യം.

ഇരുന്നൂറ്റമ്പത് ദശ ലക്ഷത്തോളമുണ്ട് നാം ഇന്ത്യൻ മുസ്‌ലിംകൾ ! ഇന്ത്യൻ പള്ളിക്കൂടത്തിലെ സർവ്വ വാധ്യാന്മാരും കർണാടക സർക്കാരും മുഴുവൻ ബിജെപി ഭരണകൂടവും അല്ല,ഇന്ത്യയിലെ സർവ്വ സ്റ്റേറ്റിലേയും ഭരണാധികാരികളും സാക്ഷാൽ ഇന്ത്യൻ ഭരണാധികാരികൾ തന്നെയും ഒരുപക്ഷേ വിനാശകാലെ ഹൈക്കോടതികളും സുപ്രീംകോടതിയും കൂടി ഓർഡർ ഇട്ടാൽ തന്നെ എത്ര പേരുടെ ഹിജാബ് അഴിച്ചുമാറ്റിക്കാൻ അവർക്ക് സാധിച്ചേക്കും ?

അതിനേക്കാൾ എത്രയോ അധികം ശത ഗുണിതമാണ് ഹിജാബ് ഇല്ലാത്ത ഇന്ത്യൻ മുസ്‌ലിമതുകൾ അതിന് കാരണം അവരും നന്നേ കവിഞ്ഞാൽ അവരുടെ പിതാവും മാതാവും മാത്രമാണ്. അത് ചോദ്യം ചെയ്യാനും ശിക്ഷവിധിക്കാനും ഒരേ ഒരാൾ മാത്രമാണുള്ളത്. നമ്മുടെ മഅ്ബൂദായ സർവ്വശക്തനായ അല്ലാഹു. അവനെ നാം ഗൗരവത്തിലെടുക്കുന്നില്ലെങ്കിൽ പിന്നെ ആരെങ്കിലും നമ്മെ പരിഗണിക്കാൻ പോകുന്നുവോ ആവോ അല്ലാഹു തന്നെ അഅ്ലം !

വളരെ ഗൗരവകരമായ രണ്ടാമതൊരു വിഷയമുണ്ട്. ലജ്ജയോ, ലജ്ജ എന്ന സംസ്കാരമോ, വിശ്വാസമോ, ഇസ്‌ലാമിക ബോധമോ,പാരത്രിക ചിന്തയോ ലവലേശം ഇല്ലാത്ത ഒരു ന്യൂജനറേഷൻ. അവർക്ക് ഹിജാബ് എന്നാൽ വെറുമൊരു കഷ്ണം തുണിയാണ്. തലയിൽനിന്ന് താടിയിലേക്ക് വലിച്ചു കെട്ടിയ ഈ ഹിജാബീ പരിണാമ കോലങ്ങളെ ധാരാളമായി നാം കാണുന്നു. ടൂറിസ്റ്റ് കേന്ദ്രമായ വാഗമണ്ണിലേക്കുള്ള വഴിവക്കിലെ താമസക്കാരനായ ലേഖകൻ, വളരെ ധാരാളമായി അത്തരം ഹിജാബികളെ കാണാറുണ്ട്. ഹൈസ്പീഡിൽ പാഞ്ഞു പറന്നു പോകുന്ന ന്യൂജൻ സ്പോർട്സ് ബൈക്കുകളുടെ പുറകിൽ അവരുടെ ബോയ്ഫ്രണ്ടിനോട് ഒട്ടിച്ചേർന്ന് കെട്ടിപ്പിടിച്ചു അവർ യാത്ര ചെയ്യുമ്പോഴും ബാക്ക് സീറ്റ് കാലിയായി കിടക്കുന്നുണ്ടാകും. കാമ്പസിന്റെ ശബ്ദാനമായ വിസ്തൃതിയിൽ തോളിൽ കയ്യിട്ടും മടിയിൽ തല വെച്ചും ഇവിടെ ആൾക്കൂട്ടത്തിൽ ഞങ്ങൾ രണ്ടാളും മാത്രം തനിച്ചാണ് എന്ന ഭാവേന അവരെ കാണാം. കോളേജ് ലൈബ്രറികളിലും യൂണിവേഴ്സിറ്റി കാന്റീനുകളിലുമൊക്കെ ഇത്തരം ജോഡികളുടെ ഹിജാബി പൂരണം സർവ്വസാധാരണമാണ്. നിർബന്ധിത ടിസി കൊടുത്ത് ഒരു പെൺകുട്ടിയെ കലാലയത്തിൽ നിന്ന് പുറത്താക്കിയതിനെ കുറിച്ച് അന്വേഷിക്കാൻ ചെന്നവരുടെ മനസ്സിൽ വിജ്രുംഭിച്ച് നിന്ന ചോദ്യം അവൾ മുസ്‌ലിമായതു കൊണ്ടാണോ ഈ ക്രൂരത എന്നതായിരുന്നു!. പ്രിൻസിപ്പാളിന്റെ ഉത്തരം ; മൂന്നു തവണ അബോർഷൻ കഴിഞ്ഞ അവൾക്ക് ഇനി ഒരു അബോർഷനും കൂടി താങ്ങാനുള്ള ആരോഗ്യം ഇല്ല എന്നതായിരുന്നു. ചോദ്യം ചെയ്യാൻ പോയപുരുഷന്മാർ തലയിൽ ഹിജാബുമിട്ടാണ് പ്രിൻസിപ്പലിന്റെ റൂമിൽ നിന്ന് പുറത്തിറങ്ങിയതെന്നാണ് കൂട്ടത്തിൽ ഉണ്ടായിരുന്ന ഇമാം പറഞ്ഞത്. സുരക്ഷിതത്വത്തെ കരുതി ബസ്സിൽ കയറ്റി സീറ്റിൽ ഇരുത്തി ടിക്കറ്റും വാങ്ങി പിതാവ് ഇറങ്ങിയതിന്റെ തൊട്ടടുത്ത സ്റ്റോപ്പിൽ ബൈക്കുമായി കാത്തുനിൽക്കുന്ന പൂവാലനോടൊപ്പം കോളേജിലേക്ക് യാത്രചെയ്യുന്നവൾ ഒരു ദിവസം കോളജിൽ നിന്ന് തിരിച്ചു വരുന്ന വഴി ഇടയ്ക്ക് ഇറങ്ങാതെ ബൈക്കിന്റെ ഫിനിഷിംഗ് പോയിന്റിൽ എത്തിയാണ് ഇറങ്ങിയത്. ഇരുത്തവും പഴക്കവും വന്ന ഭാര്യാഭർത്താക്കന്മാരെപ്പോലെ അപ്പർ പ്രൈമറി സ്കൂൾ മുതൽ പഠിച്ചു വളരുന്ന ചില പെൺകുട്ടികളെങ്കിലും ഹിജാബ് ദാരിണി ആണെന്ന് ഇന്ത്യാ റ്റുഡെ ആണ്ടുകൾക്ക് മുമ്പ് ചെയ്ത ഫീച്ചർ വായിച്ചാൽ മനസ്സിലാകും. പാർലറിൽ നാലു സോഡാ–നാരങ്ങാ ഓർഡർ ചെയ്ത വെയിറ്റിംഗിൽ കാശുണ്ടായിരുന്നെങ്കിൽ ഓരോ സ്മോളടിക്കാമായിരുന്നുവെന്ന് പറഞ്ഞത് കേട്ട അനസ്, സ്ത്രീകൾ ഈ നിലക്കായോ എന്ന് ആത്മഗതം ചെയ്തു. തിരുവനന്തപുരത്തുനിന്നും പോകുന്ന കെ എസ് ആർ ടി സി ബസ്സിൽ അബദ്ധവശാൽ അവർക്കൊപ്പം അനസും ഉണ്ടായിരുന്നു. പത്തനംതിട്ട കഴിഞ്ഞപ്പോൾ ബാഗുകളിൽ നിന്ന് കറുത്ത തുണി വലിച്ചെടുത്തു തലയിൽ കെട്ടി അവർ ഹിജാബ് അണിഞ്ഞപ്പോൾ അവർ പ്രതിനിധീകരിച്ചത് പ്രതീക്ഷാനിർഭരമായ സംസ്കാരത്തെ ആയിരുന്നേയില്ല. അസാധാരണമായി ഒരു വെള്ളിയാഴ്ച ബേങ്കിൽ കയറേണ്ടി വന്നു .പരിചിതയായ ഒരു ലേഡീസ് സ്റ്റാഫ് അന്ന് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നതിനാൽ ഇടപാടുകൾ സമയ വിളംബം കൂടാതെ സാധ്യമായി. ഹദീസിൽ പരാമർശിത തുണിയുടുത്ത നഗ്നയായിരുന്ന (അൽ കാസിയാതുൽ ആരിയാ) അവരെ ഫുൾ ബോഡി ഹിജാബിൽ കണ്ടതിൽ ആശ്ചര്യപ്പെട്ടു. മറ്റൊരു സുഹൃത്തിനോട് അന്വേഷിച്ചപ്പോഴാണ് അത് അവരുടെ ഫ്രൈഡേ ഡ്രസ്സാണെന്ന് അറിഞ്ഞത്.

ഇന്ത്യൻ ഭരണഘടന അനുവദിക്കുന്ന വ്യക്തി സ്വാതന്ത്ര്യം ഞങ്ങൾക്ക് തടയരുതെന്നത് മാത്രമാണ് ഹിജാബിനുവേണ്ടി അലമുറയിടാൻ നമ്മെ പ്രേരിപ്പിക്കുന്നതെങ്കിൽ അത് ദീനുൽ ഇസ്‌ലാമിന്റെ പറ്റുബുക്കിൽ നിന്നും മാറ്റിയെഴുതിയാലും തരക്കേടില്ല. എന്നാണ് എന്റെ അഭിപ്രായം. നാണം എന്ന ഈമാനിക വികാരത്തേ നെഞ്ചിലേറ്റി ഹിജാബ് എന്ന സംസ്കാരം കൊണ്ട് അതിനെ പ്രഘോഷിക്കുന്നവർക്ക് ഭാവുകങ്ങൾ !

അവർക്കെന്റെ ഊഷ്മളമായ ധന്യ വാദം! ■

കവർ സ്റ്റോറി

ആഷിഖ് ഹുസ്നി ചുനക്കര

# ഹിജാബ്: ഇസ്‌ലാമിലും മതങ്ങളിലും

ഇസ്‌ലാം വിഭാവനം ചെയ്യുന്ന സ്ത്രീ, മാന്യയും കുലീനയുമാണ്. ചാരിത്രവതിയും സദ് വൃത്തയുമാണ്. അവളുടെയടുത്തേക്ക് ലൈംഗികദാഹം പൂണ്ട ചെന്നായ്ക്കൾ ഓടിയടുക്കേണ്ടതില്ല. കാമാഭ്യർഥനയുമായി അവളെ ആരും സമീപിക്കേണ്ടതില്ല.

ഇത് അവളുടെ വസ്ത്രത്തിൽ നിന്നുതന്നെ തിരിച്ചറിയപ്പെടാനാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്.

അതിനാൽ തന്നെ ഇസ്‌ലാം സ്ത്രീക്ക് വസ്ത്രധാരണത്തിന്റെ വ്യക്തമായ രൂപരേഖ വരച്ചു നൽകുകയുണ്ടായി.

പെണ്ണിനെ പോലെ ആണിനും പ്രകൃതത്തെ മാനിച്ച് ഔറത്തും വസ്ത്ര രീതിയും നിശ്ചയിച്ചു.

മറഞ്ഞു കിടക്കേണ്ട ഭാഗങ്ങൾ മറഞ്ഞു കിടക്കുന്നത് തന്നെയാണ് ഭംഗി. കഴിഞ്ഞു പോയ പതിനാല് നൂറ്റാണ്ടിന്റെ ഇസ്‌ലാമിക ചരിത്രം അത് അടിവരയിട്ട് വ്യക്തമാക്കുന്നതുമാണ്.

വിവേക ശൂന്യരായ പുരോഗമന വാദികൾ വിളിച്ചു കൂകുന്നത് പോലെ അവയവങ്ങൾ തുറന്നു കാട്ടലാണ് പുരോഗതിയെങ്കിൽ മൃഗങ്ങളെക്കാൾ പുരോഗതി പ്രാപിച്ച ഒരു സമൂഹത്തെയും കാണാൻ കഴിയില്ല.

ശരീരവടിവും നഗ്നതയും പുറത്തു കാണിക്കുന്ന തരത്തിലുള്ള ആധുനിക പർദ്ദകൾ കച്ചവട ബുദ്ധിയും ഇസ്‌ലാമിക വിരുദ്ധവുമാണെന്നത് സാന്ദർഭികമായി ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്.

ആണിന്റെ വേഷം പെണ്ണ് ധരിച്ചാലോ, അവയവങ്ങൾ തുറന്നു കിട്ടിയാലോ ആത്മ വിശ്വാസം കൂടുമെന്ന ലിബറൽ ചിന്ത സ്വന്തം ശരീരത്തിന്റെ മാന്യതയും പവിത്രതയും സ്ത്രീ മനസ്സിലാക്കാതെ പോകുമ്പോൾ ഉണ്ടാകുന്നതാണ്.

വിദ്യാർത്ഥിയെ തിരിച്ചറിയാൻ ഹിജാബ് തടസ്സമാകുന്നുവെന്നാണ് വിമർശനമെങ്കിൽ, ഇതര പുരോഗമന രാജ്യങ്ങളിൽ ഇതേ വേഷത്തിൽ വിദ്യനുകരുന്ന വിദ്യാർത്ഥിനികളെ എന്തുകൊണ്ട് നിങ്ങൾക്ക് കാണാൻ കഴിയുന്നില്ല. അവിടെയൊന്നുമില്ലാത്ത പ്രശ്നം എന്ന് മുതൽ നമ്മുടെ രാജ്യത്ത് ഉദിച്ചുവന്നു.

ഇനി അത് വളരെ നിർബന്ധമെങ്കിൽ മതത്തിന് കോട്ടം വരാത്ത മറ്റ് സാധ്യതകൾ കണ്ട് പിടിക്കേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്.

ഇരട്ട സഹോദരങ്ങളെ പോലെ മുഖം പലരിലും സാദൃശ്യമായേക്കാം.എന്നാൽ, ലോകത്ത് ഒരാൾക്കും സാമ്യത വരാത്ത നിലയിലുള്ള വിരലടയാളം പോലുള്ളവ സ്കാൻ ചെയ്യലും മറ്റും വ്യക്തിയെ തിരിച്ചറിയാൻ എത്രയോ പര്യാപ്തമാണ്.

കടന്നു പോയ രണ്ട് വർഷങ്ങളിൽ കോവിഡ് ഭയന്ന് മുഖം മൂടിയ ആളുകളാണ് ഇന്ന് തിരിച്ചറിയലിന്റെ പേരിൽ പോർമുഖത്തിറങ്ങുന്നതെന്നതാണ് രസകരമായ മറ്റൊരു കാര്യം.!

ഇനി ഗവണ്മെന്റിന് കുട്ടികൾ പർദ്ദ ഇട്ട് സ്കൂളിൽ വരുന്നത് അത്ര അലോസരപ്പെടുത്തുന്നുവെങ്കിൽ ഗേൾസ് സ്കൂളുകൾ വർധിപ്പിക്കട്ടെ.. അവിടെ സ്ത്രീകൾ മാത്രം അധ്യാപകരായും, ഉദ്യോഗസ്ഥരായും സേവനം ചെയ്യട്ടെ.'

ഇങ്ങനെ എത്രയോ പോംവഴികൾ നിലനിൽക്കുന്നു.

സ്വന്തം രക്തവും ജീവനും സമർപ്പിച്ച് ഞങ്ങളുടെ പൂർവ്വികർ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതി വീണത്, മതം അനുസരിച്ച് ജീവിക്കുവാൻ വേണ്ടി തന്നെയാണ്.

പ്രസ്തുത അവകാശം ഈ രാജ്യത്തിന്റെ ഭരണഘടന അനുവദിച്ചതുമാണ്.

സ്വാതന്ത്ര്യം നേടിയിട്ട് കാലമിത്ര കഴിയുമ്പോൾ പറയാൻ പറ്റിയ പാരമ്പര്യമില്ലാത്ത ആർക്കെങ്കിലും ഉണ്ടായ ചൊറിച്ചിലിനനുസരിച്ച് വേഷം മാറ്റാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടാണ്.

വിദ്യാലയങ്ങൾ ഇസ്ലാമിക വേഷം ധരിച്ച ഞങ്ങളുടെ സഹോദരിമാർക്ക് മുന്നിൽ തടയപ്പെടുകയാണെങ്കിൽ അതിനെ നിയമത്തിന്റെ വഴിയിൽ നേരിടാൻ ഞങ്ങളിൽ നിയമജ്ഞരുണ്ട്.

ഇനി അവിടെ നീതി ലഭിച്ചില്ലെങ്കിൽ അടുത്ത മാർഗ്ഗം കണ്ട് പിടിക്കാൻ ഈ സമുദായത്തിന് ഉന്നതമായ നേതൃത്വമുണ്ട്.ഇതിലെല്ലാമുപരിയായി ഞങ്ങളുടെ നാഥൻ ഞങ്ങൾക്കൊപ്പമാണെന്ന വിശ്വാസമുണ്ട്.ഉറപ്പായും നീതി പുലരും, പൊടിപടലങ്ങൾ അടങ്ങും, വിജയം വിശ്വാസികൾക്ക് തന്നെയാകും.

## ഹിജാബ് ഖുർആനിക സൂക്തങ്ങളിൽ

'സത്യവിശ്വാസിനികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും താങ്കൾ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കന്മാർ, അവരുടെ പിതാക്കൾ, അവരുടെ ഭർതൃപിതാക്കൾ, അവരുടെ പുത്രന്മാർ, അവരുടെ ഭർതൃപുത്രന്മാർ, അവരുടെ സഹോദരന്മാർ, അവരുടെ സഹോദരപുത്രന്മാർ, അവരുടെ സഹോദരീ പുത്രന്മാർ, മുസ്ലിംകളിൽ നിന്നുള്ള സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷന്മാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്. തങ്ങൾ മറച്ചു വെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക.നിങ്ങൾ വിജയം പ്രാപിച്ചേക്കാം.' (സൂറത്തുന്നൂർ : 31)

ഈ ആയത്തിൽ പ്രത്യക്ഷത്തിൽ തന്നെ പൂർണ്ണ ഹിജാബിന്റെ പരാമർശം നമ്മുക്ക് കാണാൻ സാധിക്കുന്നതാണ്.

ഉപരിസൂചിത സൂക്തത്തിൽ വന്ന 'അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് ' എന്ന വാക്കിനെ കുറിച്ച് പ്രസിദ്ധ ഖുർആൻ വിശാരദനായ ഇമാം ബൈളാവി (റഹ്) യുടെ ഒരു വാക്ക് വളരെ ശ്രദ്ധേയമാണ്.

അദ്ദേഹം പറഞ്ഞു : ഇത് കൊണ്ടുള്ള ഏറ്റവും സൂക്ഷമമായ വ്യാഖ്യാനം ഈ ഇളവ് നമസ്കാരത്തിലാണെന്നതാണ്.കാരണം, സ്വതന്ത്ര സ്ത്രീയുടെ ശരീരം മുഴുവൻ ഔറത്താണ്. (തഫ്സീർ മുനീർ)

**“ 'നബിയേ.., താങ്കളുടെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.'(സൂറത്തുൽ അഹ്സാബ് :59) ”**

വിശുദ്ധ ഖുർആനിലെ മറ്റൊരു ആയത്തിലെ അധ്യാപനം കൂടി നോക്കുക.

'നബിയേ.., താങ്കളുടെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.'(സൂറത്തുൽ അഹ്സാബ് :59)

ഈ ആയത്തിലും വളരെ വ്യക്തമായി തന്നെ മൂടുപടങ്ങൾ താഴ്ത്തണമെന്ന് അതിന്റെ ഗുണവശങ്ങൾ ഊന്നിപ്പറഞ്ഞ് തന്നെ അല്ലാഹു പറയുന്നുണ്ട്.

ഇതേ നിലയിൽ മുഖവും ശരീരവും പൂർണ്ണമായും മറക്കണമെന്ന ആശയത്തിന് പിന്തുണ നൽകുന്ന മറ്റൊരു ഖുർആനിക സൂക്തം കൂടി നമ്മുക്ക് ശ്രദ്ധിക്കാം. 'വിവാഹ ജീവിതം പ്രതീക്ഷിക്കാത്ത കിഴവികളെ സംബന്ധിച്ചടത്തോളം സൗന്ദര്യം പ്രദർശിപ്പിക്കാത്തവരായി തങ്ങളുടെ മേൽവസ്ത്രങ്ങൽ മാറ്റിവെക്കുന്നതിൽ അവർക്ക് കുറ്റമില്ല.അവർമാന്യത കാത്തുസൂക്ഷിക്കുന്നതാണ് അവർക്ക് കൂടുതലൽ നല്ലത്. അല്ലാഹു എല്ലാം കേൾക്കുന്നവനും, എല്ലാം അറിയുന്നവനുമാകുന്നു.' (സൂറത്തുന്നൂർ :60)

ഇവിടെ പ്രായമായി വിവാഹ മോഹങ്ങളൊക്കെ അറ്റുപോയ സ്ത്രീകൾ അവരുടെ മുഖം മറക്കുന്ന

മേൽ വസ്ത്രങ്ങൾ മാറ്റി വെക്കുന്നതിൽ തെറ്റില്ല എന്ന് പടച്ചവൻ പറയുമ്പോൾ, മറ്റുള്ളവർ അത് നിർബന്ധമായും ധരിക്കണം എന്നാണ് വ്യക്തമാകുന്നത്.

വാർദ്ധക്യം ബാധിച്ച സ്ത്രീകൾക്ക് ഇങ്ങനെ ഇളവ് നൽകിയിട്ട് പോലും സൂക്ഷ്മത മുറുകെ പിടിക്കുവാനാണ് പടച്ചവൻ ഉപദേശിക്കുന്നത്.

പ്രസിദ്ധ സ്വഹാബിവര്യൻ ഇബ്നു അബ്ബാസ് (റ) ഉബാദ(റ) എന്നിവർ സ്ത്രീ തനിക്ക് കാണാനുള്ള കണ്ണ് ഒഴികെ മറ്റ് മുഴുവൻ അവയവങ്ങളും മറക്കണമെന്ന് ഈ ആയത്തുകളുടെ അടിസ്ഥാനത്തിൽ പറഞ്ഞതായി നമ്മുക്ക് കാണാൻ സാധിക്കും.

(തഫ്സീർ ഖുർതുബി)

പ്രമുഖ താബിഇയായ ഇമാം ഇബ്നു സീരീൻ പറയുന്നു:

ഉബാദതു സൽമനി (റ)യോട് ആയത്തിനെ വിശദീകരണം ഞാൻ ചോദിച്ചു.

അദ്ദേഹം തലയും മുഖവും മറക്കുകയും ഇടത്തെ കണ്ണ് പുറത്തു കാണിക്കുകയും ചെയ്തു.

(തഫ്സീർ ഇബ്നു കസീർ)

ഇബ്നു അബ്ബാസ് (റ) അബൂ ഉബൈദ (റ) എന്നിവർ പറയുന്നു :

സ്ത്രീകൾ തലയും മുഖവും മുഖാവരണം കൊണ്ട് മറയ്ക്കണം കണ്ണു മാത്രം പുറത്തു കാണിക്കാം.

(തഫ്സീർ ബഗവി)

ഇമാം ത്വബ് രി (റഹ്) യെ പോലുള്ള നിരവധി മുഫസ്സിറുകൾ അവരുടെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ ഈ വിഷയം വളരെ വിശാലമായി പ്രതിബാധിച്ചിട്ടുണ്ട്.

തുറന്ന വായനക്ക് അവകൾ പ്രയോജനപ്പെടുത്തുക.

## ഹിജാബ് ഹദീസുകളിൽ

ആയിഷ (റ)പറയുന്നു ഞങ്ങൾ നബി (സ) യോടൊപ്പം ഇഹ്റാമിൽ ആയിരുന്നു.

ഞങ്ങളുടെ നേരെ വാഹന സംഘം മുന്നിട്ടു വരുമ്പോൾ തലയിൽനിന്ന് വസ്ത്രം എടുത്ത് താഴ്ത്തി മുഖത്തേക്ക് ഇടുമായിരുന്നു' അവർ പോയി കഴിഞ്ഞാൽ മുഖം തുറന്നിരുന്നു. (അബൂദാവൂദ് 1833, 'ഇബ്നു മാജാ. 2935,അഹ്മദ്-24021)

സഫിയ്യ ബിൻത് ഷൈബ (റ) നിവേദനം, ആഇശ (റ) പറഞ്ഞു :

'അവരുടെ മുഖമക്കനകൾ കുപ്പായമാറുകൾക്ക് മീതെ താഴ്ത്തിയിട്ട് കൊള്ളട്ടെ' ഈ ആയത്ത് ഇറങ്ങിയപ്പോൾ സ്ത്രീകൾ അവരുടെ വസ്ത്രം രണ്ടായി മുറിച്ച് ഒരു കഷ്ണം കൊണ്ട് മുഖം മറച്ചു. (ബുഖാരി : 3759)

അബൂഹുറൈറ (റ) നിവേദനം :

നബി (സ) അരുളി : രണ്ട് വിഭാഗം നരകത്തിലാണ്. ഞാൻ അവരെ കണ്ടിട്ടില്ല അതിൽ ഒരു വിഭാഗം, പശുവിന്റെ വാൽ പോലുള്ള ചാട്ട കൊണ്ട് ജനങ്ങളെ ഉപദ്രവിക്കുന്നവരാണ്.

മറ്റേ വിഭാഗം ചില സ്ത്രീകളാണ്, അവർ വസ്ത്രം ധരിച്ചിട്ടുണ്ടാകും.

എന്നാൽ, അവർ നഗ്നരാണ്. അവർ ആളുകളെ ആകർഷിക്കുന്നതിനു വേണ്ടി കൊഞ്ചിക്കുഴയും. ഒട്ടകത്തിന്റെ പൂഞ്ഞ പോലെ അവർ തലമുടി പൊക്കി വെച്ചിട്ടുണ്ടാകും.

അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. സ്വർഗത്തിന്റെ പരിമളവും അവർക്കെത്തുകയില്ല. *(മുസ്ലിം : 2128)*

നിരവധി ഹദീസുകൾ ഈ വിഷയത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദൈർഘ്യത ഭയന്ന് ചുരുക്കുന്നു.

## ഹിജാബ് മദ്ഹബുകളുടെ വീക്ഷണത്തിൽ

### ഹനഫി മദ്ഹബ്

'സ്ത്രീകൾ അന്യരുടെ മുന്നിൽ നിർബന്ധിതാവസ്ഥയിലല്ലാതെ മുഖം തുറക്കരുത്' (ബഹ്ർ : 2/381)

'സ്ത്രീകൾ അവരുടെ മുഖം മറയ്ക്കണം. കാരണം, അത് നാശത്തിലേക്ക് അടിപ്പിക്കും. നമ്മുടെ കാലഘട്ടത്തിൽ ഫിത്ന അധികരിച്ചതിനാൽ അത് വളരെ നിർബന്ധമാണ്'. (മജ്മഉൽ അൻഹർ : 1/81)

### ശാഫിഈ മദ്ഹബ്

ഇമാം റംലി (റ)പറയുന്നു : സ്ത്രീകൾ അന്യ പുരുഷന്മാരുടെ മുന്നിൽ മുഖം മറയ്ക്കൽ നിർബന്ധമാണ് (ഫതാവ: 3/169)

അന്യ പുരുഷന്മാരുടെ മുന്നിൽ സ്ത്രീകളുടെ ശരീരം മുഴുവനും ഔറത്താണ് മുഖവും, മുൻകൈയും ഉൾപ്പെടെ. (തുഹ്ഫ 2/ 212 ശറഹുൽ മുഹർററോട് കൂടി)

അന്യ പുരുഷന്മാരുടെ മുന്നിൽ മുഖവും, മുൻകൈയും ഉൾപ്പെടെ ശരീരം മുഴുവനും ഔറത്താണ്.

(അശ്ബാഹു വനളാഹിർ: 240)

'ഇമാം സാവി (റ) പറയുന്നു മദ്ഹബിലെ പ്രസിദ്ധ അഭിപ്രായം മുഖവും കൈകളും മറക്കൽ അവൾക്ക് നിർബന്ധമാകുന്നു എന്നാണ്.' (ഹാശിയതു സാവി)

ഇമാമുൽ ഹറമൈനി(റ) പറയുന്നു:

'മുഖം വെളിവാക്കിയ നിലയിൽ (വീട്ടിൽനിന്ന്) പുറത്തുപോകുന്നതിനെ തൊട്ടു സ്ത്രീകളെ വിലക്കണമെന്ന വിഷയം മുസ്ലിം സമൂഹം ഒന്നടങ്കം ഏകോപിതമായ കാര്യമാണ്.' (റൗളത്തു ത്വാലിബീൻ ഇമാം നവവി)

ഇമാം ഗസ്സാലി (റഹ്) പറയുന്നു:-

കഴിഞ്ഞുപോയ കാലങ്ങളിൽ മുസ്ലിം പുരുഷന്മാർ മുഖം മറക്കാതെയും സ്ത്രീകൾ മുഖം മറച്ച വരുമായിട്ടാണ് (വീട്ടിൽനിന്നും) പുറത്തിറങ്ങിയി

രുന്നത്... (ഫത്ഹുൽ ബാരി അസ്ഖലാനി: 9/337)

ഇമാം സുയൂത്വി(റഹ്)പറയുന്നു :-

'സ്ത്രീകളുടെ ഔറത്തിന് പല അവസ്ഥകളുണ്ട്.

**1-ഭർത്താവിന്റെ മുന്നിൽ**

അവർക്കിടയിൽ പ്രത്യേകമായ ഔറത്ത് ഇല്ല.

**2-അന്യ പുരുഷന്മാർക്ക് മുന്നിൽ**

മുഖവും മുൻകൈയും അടക്കം

ശരീരം മുഴുവനും ഔറത്താണ്.

**3-വിവാഹബന്ധം ഹറാമായ ആളുകൾക്കും (മുസ്ലിം) സ്ത്രീകൾക്കും മുന്നിൽ**

മുട്ട് പൊക്കിൾ ഇടയിലുള്ളത് ഔറത്താണ്.

**4-നിസ്കാരത്തിൽ,**

മുഖവും മുൻകൈയ്യും ഒഴിച്ചുള്ളത് മുഴുവനും ഔറത്ത് ആണ്.

## മാലികി മദ്ഹബ്

'സ്ത്രീയുടെ ഔറത്ത് ശരീരം മുഴുവനുമാണ്.

മുഖവും മുൻകൈയും ഒഴികെ എങ്കിലും അവ മറയ്ക്കൽ നിർബന്ധമാണ്. (ശറഹു സഗീർ)

## ഹമ്പലി മദ്ഹബ്

നമസ്കാരത്തിൽ മുഖം ഒഴികെ എല്ലാം ഓറത്താണ് നമസ്കാരത്തിന് പുറത്ത് അന്യപുരുഷൻമാരുടെ സാന്നിധ്യത്തിൽ മുഖം ഉൾപ്പെടെ ശരീരം മുഴുവനും ഔറത്താണ്. (ശറഹുൽ മുൻതഹാ :1/316)

ഇമാം ഇബ്നു തൈമിയ്യ(റഹ്) പറയുന്നു.

'ഹജ്ജിന് ഇഹ്റാം കെട്ടാത്ത സ്ത്രീകൾ കൈ ഉറകളും മുഖം മറക്കുന്ന വസ്ത്രങ്ങളും പതിവാക്കിയിരുന്നു. രണ്ടും സ്ത്രീകൾക്ക് നിർബന്ധമാണ്'. (ഹിജാബുൽ മർഅ:14)

ഇബ്നു തൈമിയ്യ (റഹ്) പറയുന്നു:

ആരാണെന്ന് അറിയപ്പെടാതിരിക്കാൻ വേണ്ടി സ്ത്രീകൾ മുഖം മറക്കാൻ കല്പിക്കപ്പെട്ടവരായതിനാൽ, അന്യപുരുഷന്മാർക്ക് മുമ്പിൽ വെളിവാക്കരുതെന്ന് കൽപ്പിക്കപ്പെട്ട സൗന്ദര്യത്തിന്റെ കൂട്ടത്തിൽ മുഖവും മുൻകൈയും പെട്ടിരിക്കുന്നു.

അപ്പോൾ സ്ത്രീകളുടെ ബാഹ്യ വസ്ത്രമൊഴികെയുള്ളതിലേക്ക് നോക്കൽ പുരുഷന് അനുവദനീയമല്ല. (മജ്മൂഉൽ ഫത്താവ :22/109111)

മറ്റൊരു ഭാഗത്ത് ഇമാം ഇബ്നു തൈമിയ്യ (റഹ്) പറയുന്നു:

അന്യപുരുഷന്മാർ കാണുന്ന രൂപത്തിൽ സ്ത്രീകൾ മുഖം വെളിവാക്കൽ അനുവദനീയമല്ല.

ഭരണാധികാരികൾ ഇത്തരം തിന്മകളെ വിരോധിക്കുകയും നന്മകൊണ്ട് കൽപിക്കുകയും ചെയ്യൽ നിർബന്ധമാണ്.

എന്നിട്ടും, ഈ തിൻമയിൽനിന്ന് മാറിനിൽക്കാൻ വിസമ്മതിക്കുന്നവരെ അതിൽ നിന്ന് തടയിടാൻ ഉതകുന്ന രൂപത്തിൽ ശിക്ഷിക്കുകയും ചെയ്യണം. (മജ്മൂഉൽ ഫത്താവ :24/382)

## ജമാഅതെ ഇസ്ലാമിയുടെ വീക്ഷണം

ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനായ അബുൽ അഅ്ലാ മൗദൂദി പറയുന്നു: ഖുർആനിലെ ആയത്തുകളും, അതിന് ഇമാമീങ്ങൾ നൽകിയ വ്യാഖ്യാനങ്ങളും നബി(സ)യുടെ കാലഘട്ടം മുതലുള്ള മുൻഗാമികളുടെ ജീവിതവും പരിശോധിച്ചാൽ സ്ത്രീ, അന്യപുരുഷന്മാരുടെ മുന്നിൽ മുഖം മറയ്ക്കൽ നിർബന്ധമാണെന്ന വസ്തുത ശരീഅത്തി

**"ആരാണെന്ന് അറിയപ്പെടാതിരിക്കാൻ വേണ്ടി സ്ത്രീകൾ മുഖം മറക്കാൻ കല്പിക്കപ്പെട്ടവരായതിനാൽ, അന്യപുരുഷന്മാർക്ക് മുമ്പിൽ വെളിവാക്കരുതെന്ന് കൽപ്പിക്കപ്പെട്ട സൗന്ദര്യത്തിന്റെ കൂട്ടത്തിൽ മുഖവും മുൻകൈയും പെട്ടിരിക്കുന്നു."**

ലെ നിയമമാണ് എന്നതിനെ നിഷേധിക്കാനാകില്ല. (ഹിജാബ് : 326-330)

'ഹിജാബ്' എന്ന തലക്കെട്ടിൽ ഇദ്ദേഹത്തിന് ഒരു ഗ്രന്ഥം തന്നെയുണ്ട്. വളരെ വിശാലമായി ഈ വിഷയം അതിൽ വന്നിട്ടുണ്ട്. പ്രിയ അനുവാചകർ ഉപയോഗപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു.

## ഹിജാബ് മറ്റു മതങ്ങളിൽ

സ്ത്രീകളുടെ വസ്ത്ര ധാരണ രീതി മനസ്സിലാക്കുമ്പോൾ എന്താണ് ഈ വിഷയത്തിൽ മറ്റ് മതങ്ങളുടെ കാഴ്ചപ്പാടെന്ന് കൂടി അറിയൽ നല്ലതാണ്.

ഈ വിഷയത്തിൽ ക്രൈസ്തവ വേദഗ്രന്ഥങ്ങളിൽ നമ്മുക്ക് കാണാൻ കഴിയും.

ശിരോവസ്ത്രം ഉപയോഗിക്കുന്നില്ലെങ്കിൽ മുടി ക്ഷൗരം ചെയ്ത് കളയാനാണ് ബൈബിൾ കൽപ്പിക്കുന്നത്.

'സ്ത്രീ മൂടുപടം ഇടുന്നില്ലെങ്കിൽ (അവളുടെ) മുടി കത്രിച്ചുകളയട്ടെ. കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്കു ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ.

പുരുഷന് ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാല് മൂടുപടം ഇടേണ്ടതില്ല.

സ്ത്രീയോ പുരുഷന്റെ തേജസ്സ് ആകുന്നു.

പുരുഷന് സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽ നിന്നത്രേ ഉണ്ടായത്.

പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷന്നായിട്ടാണല്ലോ സൃഷ്ടിക്കപ്പെട്ടത്.

ആകയാൽ സ്ത്രീക്ക് ദൂതന്മാർ നിമിത്തം തലമേൽ അധീനതാലക്ഷ്യം ഉണ്ടായിരിക്കേണം'. (കൊരിന്ത്യർ : 611:6-11)

'സ്ത്രീ പുരുഷന്റെയൊ പുരുഷൻ സ്ത്രീയുടെയൊ വസ്ത്രം ധരിക്കരുത്. അപ്രകാരം ചെയ്യുന്നവൻ നിന്റെ ദൈവമായ കർത്താവിനു നിന്ദ്യരാണ്. (ആവർത്തന പുസ്തകം 22:5)

'അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ചു ലജ്ജാ ശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, സ്വർണ്ണം, മുത്ത്, വിലയേറിയ വസ്ത്രം എന്നിവ കൊണ്ടല്ല, ദൈവഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതമാകും വണ്ണം സത്പ്രവൃത്തികളെക്കാണ്ടത്രേ അലങ്കരിക്കേണ്ടത്.

സ്ത്രീ മൗനമായിരുന്നു പൂർണാനുസരണയോടുകൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെമേല് അധികാരം നടത്തുവാനോ ഞാന് സ്ത്രീയെ അനുവദിക്കുന്നില്ല. (തിമൊഥെയൊസ് 2:9-12)

ഇപ്രകാരം ഹൈന്ദവ വേദഗ്രന്ഥങ്ങളിലും ഇതുമായി ബന്ധപ്പെട്ട പരാമർശങ്ങൾ നമുക്ക് കാണാൻ കഴിയുന്നതാണ്.

'ദൈവം നിന്നെ സ്ത്രീയായി സൃഷ്ടിച്ചിരിക്കുന്നു. നീ നിന്റെ ദൃഷ്ടി താഴ്ത്തുകയും, മനുഷ്യരുടെ നേർക്ക് നോക്കാതിരിക്കുകയും, കാലുകൾ അടുപ്പിച്ച് വെക്കുകയും, വസ്ത്രം വെളിപ്പെടുത്താതി രിക്കുകയും, മൂടുപടം ഉപയോഗിക്കുകയും ചെയ്യുക' (ഋഗ്വേദം 8:33:19-20)

രാമൻ, പരശ്ശുരാമനെ കണ്ടപ്പോൾ സീതയോടായി പറയുന്നു:

'സീതേ.., നീ മൂടുപടം ഉപയോഗിക്കുകയും നിന്റെ ദൃഷ്ടി താഴ്ത്തുകയും ചെയ്യുക. (മഹാവീർ ചരിത ആക്റ്റ് :2-71)

'പുരുഷന്മാർ സ്ത്രീകളുടെ വസ്ത്രം ധരിക്കരുത്'. (ഋഗ്വേദം: 10:85,30)

ഉത്തരേന്ത്യൻ യാത്രകളിൽ ഇന്നും മൂടുപടം ഉപയോഗിച്ച് മതം നിർദ്ദേശിച്ച വസ്ത്ര രീതി സ്വീകരിച്ചു ജീവിക്കുന്ന ഹൈന്ദവ സഹോദരിമാരെ നമുക്ക് കാണാൻ കഴിയുന്നതാണ്.

## ഹിജാബ് വശീകരിക്കുന്നുവോ.?

ഹിജാബ്, പർദ്ദ പോലുള്ളവ ആളുകളെ കൂടുതൽ ആകർഷിക്കുന്നുവെന്നാണ് ഈ വിഷയത്തിൽ ചിലരുടെ അഭിപ്രായം.

ഇത് കേട്ടപ്പോൾ മുമ്പ് കിതാബിൽ വായിച്ച, ഇത്തരം അസുഖമുള്ള ഒരു വ്യക്തിയുടെ രസകരമായ അനുഭവമാണ് ഓർമ്മ വന്നത്.

ഒരു മനുഷ്യന്റെ രണ്ട് കഴുതകൾ കയറ് പൊട്ടിച്ച് ഓടി രക്ഷപെട്ടു. അയാൾ അവകളെ അന്വേഷിച്ച് മരുഭൂമിയിലൂടെ സഞ്ചരിക്കവേ പൂർണ്ണ പർദ്ദാദാരിയായ ഒരു സ്ത്രീയെ മുന്നിൽ കണ്ടു. അയാൾ ഹിജാബിന്റെ സൗന്ദര്യത്തിൽ കാടു കയറി ചിന്തിച്ച് അവളുടെ പിന്നാലെ പോയി.

കുറേ ദൂരം കഴിഞ്ഞപ്പോൾ മണൽകാറ്റിൽ അവളുടെ മുഖത്തെ വസ്ത്രം മാറുകയുണ്ടായി. അപ്പോളാണ് അവളുടെ മുച്ചിറിയും, വികൃതമായ പല്ലുകളും വ്യക്തമായി.

ഉടനെ അയാൾ ഇപ്രകാരം പാടി..

'അവളുടെ വായ എന്നിൽ എന്റെ വീട്ടിലെ കഴുതകളെ കുറിച്ചുള്ള ഓർമയേകി...'

ഇത്തരത്തിൽ എന്തെങ്കിലും ദുർവിധിയിൽ ആയിരിക്കും അത്തരക്കാരുടെ അവസാനം.

ആയതിനാൽ ഈ അസുഖം എത്രയും വേഗം ചികിത്സയിലൂടെ ഭേദമാക്കുന്നത് നന്നായിരിക്കും.

## മുസ്‌ലിം സഹോദരിമാരോട്.

ഇസ്‌ലാം നിർദ്ദേശിക്കുന്ന വസ്ത്രധാരണം എത്രമേൽ നിങ്ങൾ ജീവിതത്തിൽ മുറുകെ പിടിക്കുന്നുവോ അത്രയേറെ സുരക്ഷയാണ് നിങ്ങൾക്കത്.

തന്റെ സൗന്ദര്യം തന്റെ ഇണയുടെ മുന്നിൽ പ്രദർശിപ്പിക്കുക.പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിൽ എന്ത് അന്തസ്സാണ് നിലകൊള്ളുന്നത്..? അറിയുക, വിലപിടിപ്പുള്ള സ്വർണ്ണവും, വൈഡൂര്യവും മുത്തുകളുമെല്ലാം അറകളുടെ ഉള്ളിൽ തന്നെയാണ് ഉള്ളത്.ഇതേ സ്ഥാനമാണ് ഓരോ സ്ത്രീക്കും ഇസ്‌ലാം നൽകുന്നത്.

പർദ്ദയുടെയും, ഹിജാബിന്റെയും, നിഖാബിന്റെയും, ബുർഖയുടെയും അറകൾക്കുള്ളിൽ സ്വർണ്ണമായി, വജ്രമായി, മുത്തുകളായി വാഴാൻ. നാഥൻ അതിനുള്ള ഭാഗ്യം നൽകട്ടെ..!

.. മുസ്‌ലിം സഹോദരീ,

സ്വത്വം സംരക്ഷിച്ചു നീങ്ങുക. വിശ്വാസം ആർജ്ജിച്ചെടുക്കുക..

വർത്തമാന കാലത്ത് ആഇശയായി, ഹഫ്സയായി ഫാത്തിമയായി (റ) ജീവിക്കുക..പ്രലോഭനങ്ങൾക്ക് മുന്നിൽ പർവ്വതം പോലെ ഉറച്ചു നിൽക്കുക.. പ്രതിസന്ധികളിൽ സഹാബീവനിതകളെപോലെ സഹിക്കുക.. അവരാണ് നമ്മുക്ക് മാതൃക... അതിലാണ് നമ്മുടെ അന്തസ്സ്... നിങ്ങൾക്കുള്ള പ്രതിഫലംസ്വർഗ്ഗമാണ്...സ്വർഗ്ഗം. ■

ലേഖനം

**ഉസ്താദ് മുഫ്തി ഇ.എം സുലൈമാൻ കൗസരി**
ചിലവ്

# മൾട്ടി ലെവൽ മാർക്കറ്റിംഗ് (MLM)

*ചോദ്യം: Modicare, RCM, Indusviva, Vestige, Phygicart തുടങ്ങി നിരവധി ഡയറക്ട് സെല്ലിംഗ് കമ്പനികൾ നമ്മുടെ നാട്ടിൽ പ്രവൃത്തിച്ചു വരുന്നു. ഓരോ കമ്പനിയുടെയും പേരും അവർ വിപണനം ചെയ്യുന്ന വസ്തുക്കളും വ്യത്യസ്തമാണ് എന്നതൊഴിച്ചാൽ ഇവയിലെല്ലാം പൊതുവായി കാണുന്ന ഒരു രീതിയാണ് മൾട്ടി ലെവൽ മാർക്കറ്റിംഗ് (MLM). അതായത് നിലവിൽ കമ്പനിയിൽ അംഗമായിട്ടുള്ള ഒരാൾ മുഖേന മാത്രമേ നമുക്ക് കമ്പനിയിൽ ചേരാനും സാധനങ്ങൾ വാങ്ങാനും സാധിക്കൂ. അങ്ങനെ ഒരാൾ കമ്പനിയിൽ അംഗമായി ചേർന്നാൽ അയാൾക്ക് കമ്പനി ഒരു ID നല്കും. B ID ഉപയോഗിച്ച്:*

*1- അയാൾക്ക് നിശ്ചിത ഡിസ്കൗണ്ടിൽ സാധനങ്ങൾ ലഭ്യമാകും.*

*2- താൻ വാങ്ങിയ സാധനങ്ങൾ ഞഞജ വിലക്ക് വിറ്റ് ലാഭം കരസ്ഥമാക്കാം.*

*3- MLM ചെയ്ത് ലാഭം കരസ്ഥമാക്കാം.*

*ഉദാഹരണത്തിന് ഞാൻ ഏതെങ്കിലും ഒരു കമ്പനിയിൽ അതിൽ അംഗത്വമുള്ള ഒരാൾ മുഖേന ചേരുന്നു എന്ന് വിചാരിക്കുക, എങ്കിൽ ഞാൻ മറ്റൊരാളുടെ കീഴിൽ ചേർന്നത് പോലെ എന്റെ താഴെയും കമ്പനി അനുവദിച്ചിട്ടുള്ളതു പ്രകാരം രണ്ടോ അതിലധികമോ ആളുകളെ ചേർക്കാം. തുടർന്ന് അവർ കമ്പനിയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോഴെല്ലാം അതിന്റെ നിശ്ചിത ശതമാനം എനിക്ക് വരുമാനമായി ലഭിക്കും. ഞാൻ ചേർത്തവർക്കും ഇപ്രകാരം അവരുടെ താഴെ ആളുകളെ ചേർത്ത് വരുമാനം കരസ്ഥമാക്കാവുന്നതാണ്. അവരുടെയും പർച്ചേസിന്റെ നിശ്ചിത ശതമാനം എനിക്ക് ലഭിക്കും. ഇപ്രകാരം ഈ ശൃംഖല എത്ര താഴേക്ക് പോയാലും അതിന്റെയെല്ലാം നിശ്ചിത ശതമാനം മുകൾത്തട്ടുകളിലേക്ക് വന്നുകൊണ്ടിരിക്കും. അഥവാ ശൃംഖല വളരുന്നതിനനുസരിച്ച് മുകളിലുള്ളവരുടെ വരുമാനവും വർദ്ധിച്ചു കൊണ്ടിരിക്കും.*

*ഇത്തരം കമ്പനികളിൽ ചേരുന്നതിന്റെയും ലാഭം കരസ്ഥമാക്കുന്നതിന്റെയും ഇസ് ലാമിക വിധി എന്താണ്?*

ഉത്തരം: ഇസ്‌ലാമിക ദൃഷ്ട്യാ ഏറെ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണ് സാമ്പത്തിക വിശുദ്ധി. സൽക്കർമ്മങ്ങൾക്ക് സൗഭാഗ്യം ലഭിക്കുന്നതിനും, നമ്മുടെ ദുആകൾ സ്വീകരിക്കപ്പെടുന്നതിനും സാമ്പത്തിക വിശുദ്ധി വളരെ അത്യന്താപേക്ഷിതമാണ്. ഒരു മുസ് ലിമായി ജീവിക്കൽ ഏറെ ദുർഘടമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് പ്രത്യേകിച്ചും. പടച്ചവന്റെ സഹായം നമുക്ക് നഷ്ടമാകാനും ശത്രുക്കൾ നമുക്ക് മേൽ ആധിപത്യം ഉറപ്പിക്കാനും മാത്രമേ സാമ്പത്തിക വിശുദ്ധിയില്ലായ്മ ഉപകരിക്കൂ.

നബി(സ) അരുളി: അല്ലയോ ജനങ്ങളേ! നിശ്ചയം അല്ലാഹു പരിശുദ്ധനാകുന്നു, പരിശുദ്ധമായതല്ലാതെ അവൻ സ്വീകരിക്കുകയില്ല. നിശ്ചയം അവൻ തന്റെ പ്രവാചകന്മാരോട് കല്പിച്ച കാര്യം തന്നെ സത്യവിശ്വാസികളോടും കല്പിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു: 'അല്ലയോ പ്രവാചകന്മാരേ! നിങ്ങൾ പരിശുദ്ധമായത് ഭക്ഷിക്കുകയും നന്മകൾ പ്രവൃത്തിക്കുകയും ചെയ്യുക. നിശ്ചയം ഞാൻ നിങ്ങളുടെ കർമ്മങ്ങൾ അറിയുന്നവനാകുന്നു' (അൽ-മുഅമിനൂൻ 51) അല്ലാഹു പറയുന്നു: 'അല്ലയോ സത്യവിശ്വാസികളേ! നാം നിങ്ങൾക്ക് നല്കിയതിൽ നിന്നും പരിശുദ്ധമായത് നിങ്ങൾ ഭക്ഷിക്കുക' (അൽ-ബഖറ 172) ശേഷം തങ്ങൾ ദീർഘയാത്ര ചെയ്ത് മുടികൾ പാറിപ്പറന്ന് അഴുക്ക് പിടിച്ച നിസ്സഹായനായ ഒരാളെ പറ്റി പറഞ്ഞു: 'അയാൾ കൈകൾ ആകാശത്തിലേക്കുയർത്തി എന്റെ രക്ഷിതാവേ! എന്റെ രക്ഷിതാവേ! എന്ന് നിലവിളിക്കുന്നു. പക്ഷേ അവന് എങ്ങനെ ഉത്തരം

നല്കപ്പെടാനാണ്? അവന്റെ ഭക്ഷണം ഹറാമാണ്, അവന്റെ പാനീയം ഹറാമാണ്, അവന്റെ വസ്ത്രം ഹറാമാണ്, അവൻ ഹറാമിനാൽ ഊട്ടപ്പെട്ടവനാണ്. പിന്നെങ്ങനെ അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിരക്കാൻ..?' (മുസ് ലിം)

നബി(സ) അരുളി: ഹറാമിൽ വളർന്ന ശരീരം നരകത്തോട് ഏറ്റവും ബന്ധപ്പെട്ടതാകുന്നു. (അഹ്മദ്)

എങ്ങനെയും കച്ചവടം ചെയ്യാനും സമ്പാദിക്കാനും ഇസ്‌ലാം അനുവദിക്കുന്നില്ല. കച്ചവട വസ്തുക്കൾ ഹലാലായത് കൊണ്ട് മാത്രം കച്ചവടം ഹലാലാവുകയുമില്ല, മറിച്ച് കച്ചവട രീതി കൂടി ഇസ്‌ലാം അനുവദിച്ചതാകുമ്പോഴേ കച്ചവടവും അതിലൂടെ ലഭിക്കുന്ന വരുമാനവും ഹലാലാവുകയുള്ളൂ.

അതിനാൽ മേൽ ചോദ്യത്തിലെ മൂന്നാമത്തെ കാര്യം അഥവാ ങഘങ നടത്തി പണം സമ്പാദിക്കൽ (1) ഇസ് ലാം നിശ്ചയിച്ചിട്ടുള്ള കച്ചവട നിയമങ്ങൾക്ക് വിരുദ്ധമാണ്, (2) ഇസ് ലാം അംഗീകരിച്ചിട്ടുള്ള കൂലി വ്യവസ്ഥകൾക്ക് വിരുദ്ധമാണ് എന്നീ കാരണങ്ങളാൽ അനുവദനീയമല്ല, ഹറാമാണ്. വളരെ വർഷങ്ങൾക്ക് മുമ്പ് തന്നെ ഇക്കാര്യം ബലാഗ് വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ദാറുൽ ഉലൂം ദയൂബന്ദ്, ഇസ് ലാമിക് ഫിഖ്ഹ് അക്കാദമി ഓഫ് ഇന്ത്യ, ഫത്'വ കൗൺസിൽ - സൗദി അറേബ്യ, ഫത്'വ കൗൺസിൽ - ഈജിപ്ത്, ഫത്'വ കൗൺസിൽ - ജോർദ്ദാൻ തുടങ്ങി ആഗോളാംഗീകൃത പണ്ഡിത സഭകളെല്ലാം തന്നെ ഇത് (MLM) ഹറാമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മാത്രവുമല്ല ഇത്തരം കമ്പനികൾ മുകൾ തട്ടുകളിലുള്ളവർക്ക് ലഭിക്കുന്ന ഭീമമായ വരുമാനങ്ങൾ കാണിച്ച് പ്രലോഭിപ്പിച്ചാണ് താഴെ തട്ടുകളിൽ ആളെ ചേർക്കുന്നത്, എന്നാൽ നിശ്ചിത എണ്ണം ശൃംഖലകൾ താഴേക്ക് വന്ന് കഴിയുമ്പോൾ അവസാന തട്ടുകളിലുള്ളവർക്ക് ചേർക്കാൻ ആളില്ലാത്ത അവസ്ഥ സംജാതമാകുകയും അങ്ങനെ അവർ വഞ്ചിതരാവുകയും ചെയ്യും. ഉദാഹരണമായി പറഞ്ഞാൽ ഒരാൾക്ക് രണ്ട് പേർ എന്ന് കണക്കാക്കിയാൽ പോലും ഈ ശൃംഖല 25ൽ എത്തുമ്പോൾ 3, 35, 54, 432 ആകും. സ്ത്രീകളും കുഞ്ഞുങ്ങളും അടക്കമുള്ള കേരളത്തിന്റെ മൊത്തം ജനസംഖ്യക്ക് തുല്യം.

ഇത്തരത്തിൽ അസാധ്യമായ കാര്യങ്ങളെ പറ്റി സാധ്യമെന്ന് മറ്റുള്ളവരെ പറഞ്ഞ് വിശ്വസിപ്പിക്കലും നേടാൻ കഴിയാത്ത പൊളിവാഗ്ദാങ്ങൾ നല്കലും കപടമായ പ്രലോഭനങ്ങൾ സൃഷ്ടിച്ച് പണം സമ്പാദിക്കലും ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ള സൽസ്വഭാവത്തിനും കച്ചവട മര്യാദകൾക്കും വിരുദ്ധവും കപട വിശ്വാസത്തിന്റെ ലക്ഷണങ്ങളുമാണ്.

മേൽ ചോദ്യത്തിൽ വിവരിച്ചിട്ടുള്ളതിൽ ഒന്നും രണ്ടും കാര്യങ്ങൾ അഥവാ കമ്പനിയിൽ ചേർന്ന് ഡിസ്കൗണ്ട് നിരക്കിൽ സാധനങ്ങൾ വാങ്ങലും അവങ്ങജ വിലക്ക് വിറ്റ് ലാഭം കരസ്ഥമാക്കലും, അംഗത്വമെടുക്കുന്നതിന് ഫീസോ കമ്പനി നിശ്ചയിക്കുന്ന പ്രത്യേക പാക്കേജോ വാങ്ങൽ നിബന്ധനയില്ലാതിരിക്കുകയും, തത്തുല്യ ഗുണമേന്മയുള്ള ചരക്ക് ലഭിക്കാൻ മറ്റ് മാർഗ്ഗങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന പക്ഷം അനുവദിക്കപ്പെടാവുന്നതാണ്. എങ്കിലും തനിക്ക് തൊട്ട് മുകളിൽ വരെ കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായും ഹറാമായ രൂപത്തിലുള്ളതാണ് എന്നതിനാൽ കഴിവിന്റെ പരമാവധി ഒഴിഞ്ഞ് നിൽക്കേണ്ടതാണ്. അല്ലാഹു പറയുന്നു: 'നിങ്ങൾ നന്മയിലും സൂക്ഷ്മതയിലും പരസ്പരം സഹകരിക്കുക, തിന്മയിലും ശത്രുതയിലും പരസ്പരം സഹകാരികളാകരുത്, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുന്നവരാവുക, നിശ്ചയം അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു' (അൽ-മാഇദ - 2)

ചുരുക്കത്തിൽ -അംഗത്വമെടുത്ത ഒരാൾക്ക് തന്നിലേക്ക് ഹറാമായ വരുമാനം വന്ന് ചേരാതെ സ്വന്തം നിലക്ക് ശ്രദ്ധിക്കാമെന്നതൊഴിച്ചാൽ- ഇത്തരം കമ്പനികളുടെ പ്രവർത്തനങ്ങളും വ്യവസ്ഥകളും പൂർണ്ണമായും ഇസ്‌ലാമിക വ്യവഹാര നിയമങ്ങൾക്ക് നിരക്കാത്തതും ഹറാമായ രൂപത്തിലുള്ളതുമാണ്, അതിനാൽ അവയുമായി ചേർന്ന് പ്രവൃത്തിക്കുന്നതിൽ ഒഴിഞ്ഞ് നിൽക്കേണ്ടത് ഓരോ മുസ്‌ലിമിന്റെയും ധാർമ്മികമായ ബാധ്യതയാണ്. അല്ലാഹു പറയുന്നു: 'അല്ലയോ സത്യവിശ്വാസികളേ! നാം നിങ്ങൾക്ക് നല്കിയതിൽ നിന്നും പരിശുദ്ധമായത് നിങ്ങൾ ഭക്ഷിക്കുക, നിങ്ങൾ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുകയും ചെയ്യുക, നിങ്ങൾ അവനെ ആരാധിക്കുന്നവരാണെങ്കിൽ' (അൽ-ബഖറ 172).

നബി(സ) അരുളി: നിശ്ചയം ഹലാലുകൾ സുവ്യക്തമാണ്, ഹറാമുകളും സുവ്യക്തമാണ്, അവക്കിടയിൽ സംശയാസ്പദമായ ധാരാളം കാര്യങ്ങളുണ്ട്, ജനങ്ങളിൽ അധികവും അവയെ പറ്റി വിവരമില്ലാത്തവരാണ്. ആര് ഹറാമോ ഹലാലോ എന്ന് സംശയമുള്ള കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞ് നിൽക്കുന്നുവോ അവൻ തന്റെ ദീനും അഭിമാനവും സുരക്ഷിതമാക്കിയിരിക്കുന്നു. ആര് ഹറാമോ ഹലാലോ എന്ന് സംശയമുള്ള കാര്യങ്ങളിൽ അകപ്പെടുന്നുവോ അവൻ ഹറാമിൽ അകപ്പെട്ടിരിക്കുന്നു. -അഥവാ ക്രമേണ അവനറിയാതെ തന്നെ അവൻ ഹറാമിൽ ചെന്ന് ചേരുന്നതാണ്- (ബുഖാരി) ■

കവർ സ്റ്റോറി

**നജീം കശ്ശാഫി, കരുനാഗപ്പള്ളി**

# മദീനത്തുൽ മുനവ്വറ അഥവാ സുരക്ഷിത നാട്

യു.കെ ആസ്ഥാനമായുള്ള 'ഇൻഷുർ മൈ ട്രിപ്' ട്രാവൽ എന്ന ഇൻഷുറൻസ് കമ്പനി ലോകവ്യാപകമായി നടത്തിയ പഠനത്തിൽ സ്ത്രീകൾക്ക് ഏറ്റവും സുരക്ഷിതമായ നഗരമായി മദീനയെ തെരഞ്ഞെടുത്തിരിക്കുകയാണ്. 10 ൽ 10 പോയിന്റുകളും നൽകിയാണ് മദീനയെ ഒന്നാം സ്ഥാനത്ത് തെരെഞ്ഞെടുത്തത്. ഏതാനം മാസങ്ങൾക്ക് മുമ്പ് ലോകത്തിലെ ഏറ്റവും ആരോഗ്യമുള്ള നഗരമായി സൗദിയിലെ മദീനയെ ലോകാരോഗ്യ സംഘടന തിരഞ്ഞെടുത്തിരുന്നു.

ഇത്തരം വാർത്തകൾ വിശ്വാസി സമൂഹത്തിന് ഒട്ടും അത്ഭുതകരമായതല്ല. ഇസ്‌ലാം സ്ത്രീകൾക്ക് ഉറപ്പ് നൽകുന്ന സാമൂഹിക സുരക്ഷിതത്വത്തിന്റെ ഒരു നേർചിത്രം മാത്രമാണിത്. പഴഞ്ചനെന്നും, പ്രാകൃതമെന്നും, അടിച്ചമർത്തലെന്നും ചാപ്പകുത്തുന്നവർക്ക് മുന്നിൽ ഇലാഹീ മതത്തിത്തിന്റെ സൗന്ദര്യം ഒരിക്കൽക്കൂടി വെളിപ്പെടുന്നു എന്ന് മാത്രം.

ഒരു കാലത്ത് പെൺകുഞ്ഞാണ് ജനിച്ചതെന്നറിഞ്ഞാൽ ജീവനോടെ കുഴിച്ചു മൂടിയിരുന്ന ഒരു അറേബ്യൻ ഗ്രാമം. പെണ്ണിന് വേണ്ടി ഗോത്രങ്ങൾ തമ്മിൽ ഏറ്റുമുട്ടിയിരുന്ന ഒരു ഒരു നാട്. പ്രബല ഗോത്രങ്ങളായ ഔസും ഖസ്റജും തമ്മിലുള്ള കുടിപ്പക കൊണ്ട് രക്തച്ചാലുകൾ തീർത്ത ഒരു ഭൂപ്രദേശം.

പൂർവ്വികരിൽ നിന്നും സ്ത്രീകളെ അനന്തര സ്വത്തു പോലെ ഏറ്റെടുത്ത് ഭാര്യമാരാക്കിയിരുന്ന ജനങ്ങൾ ജീവിച്ചിരുന്ന കാലഘട്ടം, അതായിരുന്നു മദീനയുടെ പഴയകാല ചരിത്രം. എന്നാൽ വിശ്വമാകെ വസന്തം വിരിയിച്ച ഒരു പുണ്യ പുരുഷന്റെ നിയോഗം കൊണ്ട്, ലോകത്താകമാനം പ്രകാശം പരത്തിയ ഒരു ആദർശത്തിന്റെ ഗരിമ കൊണ്ട്, സന്മാർഗദീപമായ വിശുദ്ധ ഖുർആനിന്റെ അദ്ധ്യാപനങ്ങൾ കൊണ്ട് യസ് രിബ് എന്ന 'കുഴപ്പം പിടിച്ച' നാട് 'വിശുദ്ധ പട്ടണം' എന്ന പുതിയ രൂപത്തിലേക്ക് മാറി.

ഇന്ന് മദീന എന്ന നാമം എല്ലാ വിശ്വാസികളേയും പുളകമണിയിക്കുന്നതാണ്. ഒരിക്കലെങ്കിലും ആ പുണ്യ ഭൂമിയിൽ കാല് കുത്താനുള്ള വ്യഗ്രതയിലാണ് വിശ്വാസി ഹൃദയങ്ങൾ. മനസ്സുകളിൽ വസന്തത്തിന്റെ ഉറവകൾ നിറഞ്ഞൊഴുകുന്ന തേനരുവിയാണ് മദീന എന്ന പ്രശോഭിത നഗരമിന്ന്.

മദീന എന്ന പദത്തിന് പട്ടണം എന്നാണ് അർത്ഥം. ഇത് കൂടാതെ നൂറോളം പേരുകൾ ഈ നാടിന് ഉണ്ടെന്ന് ചരിത്രം ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെടുന്നു

സഊദി അറേബ്യയുടെ വടക്കുപടിഞ്ഞാറായി സമുദ്രനിരപ്പിൽ നിന്നും 625 മീറ്റർ ഉയരത്തിൽ മക്കയിൽ നിന്നും 447 കിലോമീറ്ററോളം ദൂരത്തായി 50 കിലോമീറ്റർ വിസ്തൃതിയിലായി രണ്ട് പർവ്വതങ്ങൾക്കിടയിൽ ഈത്തപ്പനകളാലും മുന്തിരിവള്ളികളാലും പച്ചയണിഞ്ഞു നിൽക്കുന്ന ജലസമൃദ്ധവും സമ്പന്നവുമായ ഭൂമിയാണ് മദീന.

എണ്ണമറ്റ മഹത്വങ്ങൾ കൊണ്ട് സമ്പന്നമാണ് മദീന. അഖബാ ഉടമ്പടിയിൽ ഒപ്പു വെച്ചു കൊണ്ട് ഇസ്‌ലാമിനെ ഏറ്റെടുക്കാനുള്ള സന്നദ്ധത അറി

യിച്ചതു മുതൽ പുണ്യ പ്രവാചകന്റെയും സന്തത സഹചാരി അബൂബക്കർ (റ) ന്റെയും ആഗമനത്തെ അത്യാഹ്ലാദത്തോടെ വരവേറ്റ് കൊണ്ടും മദീന ഒരു മാറ്റത്തിന് തയ്യാറെടുക്കുകയായിരുന്നു.

പുണ്യപ്രവാചകന്റെ നിവാസത്തിന് അല്ലാഹു തിരഞ്ഞെടുത്തതും ഇസ്ലാമിന്റെ വർച്ചക്ക് സഹായ കരമായതും ഈ മണ്ണാണ്. ലോകത്തെ ഒന്നാമത്തെ ഇസ്ലാ മിക രാഷ്ട്രം നിലവിൽ വന്നതും, ശരീഅ ത്ത് നിയമങ്ങൾ സമ്പൂർണ്ണമായി പ്രയോഗവൽക്ക രിക്കപ്പെട്ടതും ഇവിടെയാണ്. ദിവ്യ സന്ദേശവുമാ യി ഇസ്ലാമിക പ്രബോധക സംഘങ്ങൾ ലോകരാ ജ്യങ്ങളിലേക്ക് ഇറങ്ങിത്തിരിച്ചതും, വെന്നിക്കൊടി യേന്തിയുള്ള ഇസ്ലാമിന്റെ ജൈത്രയാത്രയ്ക്ക് വി ത്ത് പാകിയതും ഈ മണ്ണിൽ നിന്ന് തന്നെയാണ്.

അഭയാർത്ഥിയായി കടന്ന് വന്ന പുണ്യ പ്രവാച കനും പീഡിത സമൂഹത്തിനും അതുല്യമായ സ്വീക രണം ഒരുക്കി സഹജീവി സ്നേഹത്തിന്റെയും സാ ഹോദര്യത്തിന്റെയും ഉന്നത മാതൃകകൾ കാണിച്ച ഒരു ദേശം കൂടിയാണ് മദീന.

'പാമ്പ് അതിന്റെ മാളത്തിലേക്ക് അഭയം കൊ ള്ളുന്നത് പോലെ, നിശ്ചയം സത്യവിശ്വാസം മദീ നയിലേക്ക് അഭയം പ്രാപിക്കുന്നതാണ്' (ബുഖാ രി) എന്ന വചനത്തിലൂടെ സത്യവിശ്വാസിത്തിന്റെ പ്രഭവകേന്ദ്രം മദീനയായത് പോലെ അഭയസ്ഥാന വും മദീന തന്നെയായിരിക്കുമെന്ന് നബി (സ) വ്യ ക്തമാക്കുന്നു.

'എല്ലാ നാടുകളേയും അതിജയിക്കുന്ന ഒരു നാട്ടി ലേക്ക് പോകാൻ എനിക്ക് കൽപ്പന കിട്ടി. ആളുകൾ അതിനെ യസ്രിബ് എന്നു വിളിക്കുന്നു. അതു മദീന യാണ്. ഉല ഇരുമ്പിന്റെ തുരുമ്പിനെ പുറത്തു കളയും പോലെ മദീന അതിലെ ദുർജ്ജനങ്ങളെ പുറത്തുക ളയും എന്ന് നബി (സ) അരുളിയതായി അബൂഹു റൈറ (റ) നിവേദനം ചെയ്യുന്നു' (ബുഖാരി)

അബൂഹുമൈദ് (റ) പറയുന്നു: ഞങ്ങൾ നബി (സ) യുടെ കൂടെ തബൂക്കിൽ നിന്നും ഞങ്ങൾ മട ങ്ങുമ്പോൾ മദീന ഞങ്ങളുടെ ദൃഷ്ടിയിൽപ്പെട്ടപ്പോൾ നബി (സ) അരുളി ഇതു ത്വയ്യിബ (പവിത്ര ഭൂമി) യാ ണ്. (ബുഖാരി)

സുഫിയാൻ (റ) പറയുന്നു: നബി (സ) ഇപ്രകാരം പറഞ്ഞിരിക്കുന്നു . യമൻ ജയിച്ചടക്കപ്പെടും. അന്നേ രം ഒരു വിഭാഗം ആളുകൾ വാഹനങ്ങളെ വേഗത്തി ലോടിച്ചുകൊണ്ടുവരും. അവർ സ്വകുടുംബക്കാരേ യും അവർക്ക് കീഴ്പ്പെടുന്നവരേയും കൂട്ടി മദീന വി ട്ട് പോകും. അവർ അറിയുന്നവരാണെങ്കിൽ മദീന തന്നെയാണ് അവർക്ക് ഏറ്റവും ഉത്തമം. സിറിയയും ജയിച്ചടക്കപ്പെടും. അപ്പോൾ വാഹനങ്ങളെ വേഗത്തി ലോടിച്ചുകൊണ്ട് ഒരു കൂട്ടം ജനങ്ങൾ വരും. അവർ അവരുടെ കുടുംബക്കാരെയും അവരെ അനുസരി ക്കുന്നവരേയും കൂട്ടി മദീന വിട്ടു പോകും. അവർ ജ്ഞാനികളായിരുന്നുവെങ്കിൽ മദീന തന്നെയായിരി ക്കും അവർക്കുത്തമം. ഇറാഖും ജയിച്ചടക്കപ്പെടും. അപ്പോഴും ഒരു വിഭാഗം മനുഷ്യർ വാഹനങ്ങളെ വേഗത്തിലോടിച്ചുകൊണ്ടുവരും. അവർ അവരുടെ കുടുംബക്കാരേയും അവരെ അനുസരിക്കുന്നവരേ യും കൂട്ടി മദീന ഉപേക്ഷിക്കും. മദീനയാണ് അവർ അറിവുള്ളവരായിരുന്നുവെങ്കിൽ അവർക്ക് ഏറ്റവും ഉത്തമം. (ബുഖാരി)

അബൂബക്കറ (റ) പറയുന്നു : നബി (സ) അരുളി: ലോകത്തെ ചുറ്റി സഞ്ചരിക്കുന്ന ദജ്ജാലിനെ സം ബന്ധിച്ച ഭയം മദീനക്കാരെ ബാധിക്കുകയില്ല. അന്ന് മദീനയ്ക്ക് ഏഴ് കവാടങ്ങളുണ്ടായിരിക്കും. ഓരോ കവാടത്തിലും ഈരണ്ട് മലക്കുകൾ കാവൽക്കാരാ യി ഉണ്ടായിരിക്കും. (ബുഖാരി)

വിശുദ്ധ കഅ്ബയുടെ ചാരത്തു നിന്ന്, പലായ നം ചെയ്യാൻ നിർബന്ധിതനായപ്പോൾ 'അല്ലാഹുവേ, എനിക്കു ഏറ്റം ഇഷ്ടപ്പെട്ട ഒരു നാട്ടിൽ നിന്ന് എന്നെ നീ പുറപ്പെടീച്ചതുപോലെ നിനക്കേറ്റവും ഇഷ്ടപ്പെട്ട ഒരു നാട്ടിൽ എന്നെ അധിവസിപ്പിക്കേണമേ' (ഹാ കിം) നബി (സ) മനം നൊന്തു ഇപ്രകാരം പ്രാർത്ഥി ച്ചതായും ഹദീസിൽ വരുന്നു.

തിരുനബി (സ) ഇപ്രകാരം കൂടി പറയുന്നു; 'നിങ്ങളിൽ ർക്കെങ്കിലും മദീനയിൽ മരിക്കാൻ സൗ കര്യപ്പെടുമെങ്കിൽ അവൻ അവിടെ മരിക്കട്ടെ. മദീ നയിൽ മരിക്കുന്നവന് ഞാൻ ശുപാർശകനായിരി ക്കും' (തുർമുദി)

ഇങ്ങനെ എല്ലാ തരം വിപത്തുകളിൽ നിന്നും സംരക്ഷിക്കപ്പെട്ട, അവിടുത്തെ വിശ്വാസികളുടെ സ്വ ഭാവ സവിശേഷതകൾ കൊണ്ട് ചരിത്രത്തിൽ ഇടം പിടിച്ച മദീനയെ കുറിച്ച് ഒരു നൂറ് മഹത്വ കഥകൾ ഉദ്ധരിക്കപ്പെടുന്നു. ഹിറായിൽ നിന്നും തുടങ്ങി സൗ റിലൂടെ വളർന്ന് മദീനയിലൂടെ വികാസം പ്രാപിച്ച ഇസ്ലാമിക സംസ്കാരത്തിന്റെ തലസ്ഥാനമായി ലോകത്തിനഖിലം വെളിച്ചം പകർന്നുനൽകിയ നാട് എന്നതിനെക്കാൾ വലിയ മഹത്വം മറ്റെന്താണുള്ളത്.

നൂഹ് നബി (അ) ന്റെ പുത്രൻ സാമിന്റെ മകൻ അബീലിന്റെ മകൻ 'യസ് രിബ്' കുടുംബസമേതം മദീനയിൽ വന്നു താമസമാക്കിയതോടെയാണ് ഈ പ്രദേശം യസ് രിബ് എന്ന പേരിൽ അറിയപ്പെട്ടത്. പിന്നീട് പല ജൂത കുടുംബങ്ങളും മദീനയിൽ കു ടിയേറിപ്പാർക്കുകയും അവിടെ ആധിപത്യം സ്ഥാ പിക്കുകയും ചെയ്തു. അവരിൽ ബനൂഖുറൈള, ബനൂന്നളീർ, ബനൂ ഖൈനുഖാത് എന്നീ ജൂത ഗോ

ത്രങ്ങളാണ് ഏറ്റവും പ്രസിദ്ധമായത്.

അപ്രകാരം യമനിൽ നിന്നും കുടിയേറിപ്പാർത്ത ബനൂ ഖൈലാ ഗോത്രം യസ്രിബില് താമസിച്ചു. ഔസ്, ഖസ്റജ് എന്നീ അറബിവംശങ്ങളാണ് ബനൂഖൈല. ഔസ് ഗോത്രത്തിൽ പതിമൂന്നും ഖസ്റജ് ഗോത്രത്തിൽ മുപ്പത്തിയാറും വംശങ്ങളുണ്ടായിരുന്നു. കാതങ്ങളോളം ഇവർ പരസ്പര സംഘട്ടനത്തിലായിരുന്നു. പിന്നീട് ഇസ്‌ലാമിന്റെ ആഗമനത്തോടെ ഈ ഔസ്, ഖസ്റജ് ഗോത്രക്കാർ അൻസ്വാറുകൾ എന്ന പേരിൽ പ്രസിദ്ധരായി. പ്രവാചകരെയും ഇസ്‌ലാമിനെയും മുഹാജിറുകളെയും അതുല്യമായ സ്നേഹവായ്പോടെ ഇരുകൈകളും നീട്ടി സ്വീകരിക്കുകയും സഹായിക്കുകയും ചെയ്തത് കൊണ്ടാണ് അവർക്ക് ഈ പേര് വന്നത്.ഒന്നും രണ്ടും അഖബ ഉടമ്പടികളിലൂടെയും മുസ്അബ് ബിൻ ഉമൈർ (റ) എന്ന യുവ സഹാബിയുടെ ശ്രമഫലമായും ഇസ്‌ലാം മദീനയിലേക്ക് കടന്നു.

പ്രവാചകൻ (സ) യുടെ സംഭവബഹുലമായ ഹിജ്റാ കാരണമായി ഇസ്‌ലാമിക നാഗരികതയുടെ തലസ്ഥാനവും പോറ്റില്ലവുമായി മാദീനമാറി. പിന്നീടങ്ങോട്ട് നിരവധി ചരിത്ര മുഹൂർത്തങ്ങൾക്ക് മദീന സാക്ഷിയാവുകയായിരുന്നു. ഹിജ്റാ യാത്രമദ്ധ്യേ ഖുബായിൽ താമസിച്ച നബി (സ) അവിടെ ഒരു പള്ളി സ്ഥാപിച്ചു., ഇതാണ് മദീനയിലെ ആദ്യത്തെ പള്ളി.

പിന്നീട് ഖുബായിൽ നിന്ന് പുറപ്പെട്ട നബി (സ) യും സംഘവും വഴിമദ്ധ്യേ ബനൂസാലിം കുടുംബത്തിന്റെ വാസസ്ഥലത്ത് ജുമുഅഃ നിർവ്വഹിച്ചു. അതായിരുന്നു ഇസ്‌ലാമിലെ ആദ്യത്തെ ജുമുഅഃ.

മദീനയിലെത്തിയ നബി (സ) യുടെ ആദ്യത്തെ പ്രവർത്തനം പള്ളി നിർമ്മാണമായിരുന്നു. മദീനയുടെ മദ്ധ്യത്തിൽ ഒട്ടകം മുട്ടുകുത്തിയ സ്ഥലത്തിനടുത്തുണ്ടായിന്ന രണ്ടു അനാഥ ബാലന്മാരുടെതായിരുന്ന സ്ഥലം പത്തു ദീനാർ വില കൊടുത്തു നബി (സ) വാങ്ങി പള്ളി നിർമാണം ആരംഭിച്ചു. കല്ലുകൾ കൊണ്ട് അസ്തിവാരം പണിയുകയും, ഈന്തപ്പന ത്തടികൾ നാട്ടി തൂണുകൾ സ്ഥാപിച്ച്, ചുമരുകളിൽ ഇഷ്ടികപാകി, ഈത്തപ്പനയോലയും മടലുകളും കൊണ്ട് മൽത്തട്ട് നിർമ്മിക്കുകയും ചെയ്തു. തറയ്ക്കു മൂന്നു മുഴവും ചുമരിനു അഞ്ചുമുഴവും പൊക്കമുണ്ടായിരുന്നു. എഴുപതു മുഴം നീളവും അറുപതു മുഴം വീതിയും നിലവിസ്തർണ്ണം ഉള്ള ഉള്ളിൽ ചരൽ കല്ലുകൾ വിരിച്ച ഒരു ചെറുപള്ളിയായിരുന്നു പ്രവാചക കാലത്തെ മസ്ജിദുന്നബവി. പിന്നീട് മദീനയെ നബി (സ) തങ്ങളുടെ താവളമാക്കി. അന്ത്യം വരെയും അവിടെ തന്നെ താമസിച്ചു.

വിശ്വാസികളുടെ ജീവിതാഭിലാഷങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മദീനാ സന്ദർശനം. മദീനയിലെ ഓരോ പ്രദേശവും ചരിത്രത്തിൽ ഇടംപിടിച്ച പുണ്യഭൂമികളാണ്. മസ്ജിദുന്നബവിയുടെ കിഴക്കുഭാഗത്തുള്ള ഖബറ്സ്ഥാൻ; ബഖീഉം മസ്ജിദുന്നബവിയിൽ നിന്ന് ഏകദേശം 5 കിലോമീറ്റർ ദൂരത്തുള്ള ഉഹദ് പർവ്വതവും, മസ്ജിദുൽ ഖിബ്ലതൈനും, ഖന്ദഖുമെല്ലാം മദീനയുടെ മാറ്റ് കൂട്ടുന്ന പുണ്യസ്ഥലങ്ങളാണ്.

എല്ലാത്തിലുമപരി ലോകത്തിന്റെ നായകൻ അശ്റഫുൽ ഖൽഖ് (സ) യുടെ പരിശുദ്ധ ഖബ്റുശ്ശരീഫ് ഈ മണ്ണിലാണ് എന്നതാണ് മദീനയുടെ ഏറ്റവും വലിയ സവിശേഷത. ഭൂമിയിലെ സ്വർഗ്ഗത്തോപ്പുമാണത്. 'നബി (സ) പറഞ്ഞു. എന്റെ വീടിന്റെയും എന്റെ മിമ്പറിന്റെയും ഇടയിലുള്ള സ്ഥലം സ്വർഗ്ഗത്തോപ്പുകളില് നിന്നുള്ള ഒരു തോപ്പാകുന്നു (ബുഖാരി)

ആധുനിക രാഷ്ട്ര സംവിധാനങ്ങൾക്ക് മാതൃകയായി വിവിധ സാമൂഹിക മതവിഭാഗങ്ങളെ ഏകോപിപ്പിച്ച് ഭരിക്കുന്ന രീതി മദീനയിൽ നിന്നാണ് ദൃശ്യമാകുന്നത്. മദീനയിലെ എട്ട് ജൂത ഗോത്രങ്ങളും, അൻസ്വാറുകളും, മക്കയിലെ മുഹാജിറുകളും, ക്രൈസ്തവ വിഭാഗങ്ങളുമെല്ലാം അടങ്ങിയ ഒരു സമൂഹത്തെ ഒരു രാഷ്ട്രമാക്കി ഭരിക്കുന്ന രീതിയാണ് മദീന വിഭാവനം ചെയ്തതും പ്രയോഗവൽക്കരിച്ച് കാണിച്ച് തന്നതും.

ചുരുക്കത്തിൽ മദീന ചരിത്രമുറങ്ങുന്ന മണ്ണാണ്. ഓരോ വിശ്വാസിയുടെയും അഭയകേന്ദ്രമാണ് മദീന. അവിടെയെത്താൻ ആഗ്രഹിക്കാത്ത ഒരു വിശ്വാസിയുമില്ല. വിശ്വാസിയുടെ കൺതടങ്ങളെ ഈറനണിയിക്കുന്ന, ഹൃദയത്തിൽ തേങ്ങലുണ്ടാക്കുന്ന ഒരുപാട് നല്ല സ്മരണകളുടെ ചരിത്രസ്മാരകം. ഒരുപാട് സ്നേഹത്തിന്റെയും, സാഹോദര്യത്തിന്റെയും സമർപ്പണത്തിന്റെയു ത്യാഗത്തിന്റെയും വീരേതിഹാസ കഥകൾ പറയുന്ന പുണ്യ പ്രദേശം. അനുരാഗ തീഷ്ണയിൽ ബിലാലിന്റെ (റ) ഉറക്കം കെടുത്തിയ അത്യാദരവിന്റെ പേരിൽ ഇമാം മാലിക് ബിന് അനസിനെ (റഹ്) നഗ്നപാദമാക്കിയ പരിശുദ്ധ മണ്ണ്.

ആ നാഗരിക സൗന്ദര്യത്തിന് ലോകജനങ്ങൾ ഇന്നും സാക്ഷിയായിക്കൊണ്ടിരിക്കുന്നു. അത്യാധുനിക യുഗത്തിലും ഈ പ്രവാചകനഗരി തിളങ്ങുകയണ്. മദീനാ മുനവ്വറയായി, വെളിച്ചമായി, സുരക്ഷയായി... ■

ലേഖനം

എഎച്ച്ജവാദ്മൗലവിഅൽ കൗസരി
പേഴുംമൂട്

# അനുഭവങ്ങൾ ഓർമയിൽ തെളിയുമ്പോൾ - 2

ബഹുമാനപ്പെട്ട മൂസാ മൗലാനാ, എടത്തല കൗസരിയ്യയുടെ ബാനീ സുബൈർ ഹാജി, മഞ്ചേരി നജ്മുൽഹുദായുടെ ബാനീ ഇബ്റാഹീം ഹാജി റഹിമഹുമുല്ലാ എന്നിവരുമൊത്തുള്ള ഒരു യാത്രയിലെ ചെറിയൊരു അനുഭവമാണ് കഴിഞ്ഞ പംക്തിയിൽ പങ്കുവച്ചത്. ആ യാത്രയിലെ തന്നെ മറ്റു ചില അനുഭവങ്ങൾ പിന്നാലെ പറയാം - ഇൻ ഷാഅല്ലാഹ്.

അതിനിടയിൽ ഇക്കഴിഞ്ഞ 07 റജബ് (08 ഫെബ്രുവരി) ചൊവ്വാഴ്ച വഫാത്തായ മൗലാനാ മുഹമ്മദ് ഇല്യാസ് ബാരാബങ്കവിയുമായുള്ള ഒരനുഭവം സാന്ദർഭികമായി പറയാൻ ആഗ്രഹിക്കുന്നു. 1403ശവ്വാൽ (1983 ജൂലൈ) മാസം ഡൽഹി ബസ്തി ഹസ്രത് നിസാമുദ്ദീൻ ഔലിയാഇൽ സ്ഥിതിചെയ്യുന്നതും, ദഅവത്ത് തബ്ലീഗ് പരിശ്രമത്തിന്റെ ലോക മർക്കസായ ബംഗ്ലാവാലീ മസ്ജിദിന്റെ കീഴിലുള്ളതുമായ കാഷിഫുൽ ഉലൂം മദ്റസയിൽ ഞാൻ ദവ്റത്തുൽഅഹാദീസിന്റെ കോഴ്സിനു ചേർന്നു. ബഹുമാനപ്പെട്ട മൂസാ മൗലാനായുടെ നിർദേശം സ്വീകരിച്ചാണ് ഞാൻ പോയത്. എടത്തല കൗസരിയ്യയിലെ മുൻ വർഷത്തെ ബിരുദധാരികളായ 5 ഉലമാക്കളും എന്നോടൊപ്പം ഉണ്ടായിരുന്നു.

അന്ന് ഞങ്ങൾക്ക് "സ്വഹീഹു മുസ്ലിം" അടക്കം പല ഹദീസ് കിത്താബുകളും ഓതിത്തന്നത് മേൽപ്പറഞ്ഞ മർഹൂം ഇല്യാസ് മൗലാനാ അവർകൾ ആയിരുന്നു. ആ ഗുരു-ശിഷ്യ ബന്ധം അണയാതെ സൂക്ഷിക്കാൻ അല്ലാഹുവിന്റെ കാരുണ്യത്താൽ സാധിച്ചിട്ടുണ്ട്. ഉസ്താദവർകൾ വഫാത്താകുന്നതിനു ഒരാഴ്ച മുന്പും മൊബൈലിൽ വിളിച്ചിരുന്നു. അവശാവസ്ഥയിൽ ആയതിനാൽ കൂടുതൽ സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. ഉസ്താദുമായി ഒരിക്കൽ ഉണ്ടായ ഒരനുഭവം ആണു ഇപ്പോൾ ഇവിടെ കുറിക്കാൻ പോകുന്നത്. (വിശദമായ ഒരു ലേഖനം ഉസ്താദിനെ സംബന്ധിച്ച് പിന്നീട് എഴുതുന്നുണ്ട് - ഇൻ ഷാഅല്ലാഹ്)

ഡൽഹി നിസാമുദ്ദീൻ മർക്കസിൽ രണ്ടു വർഷം മുന്പ് നടന്ന കേരളക്കാരുടെ മുഷാവറയിൽ പങ്കെടുക്കാൻ ഞാനും ജുബൈലിലെ സജീവ പ്രവർത്തകനായ കരുനാഗപ്പള്ളി ഷിഹാബുദ്ധീൻ ഹാജിയും സൗദി ദമ്മാം ജുബൈലിൽ നിന്നു മുൻകൂട്ടി എത്തിയിരുന്നു. വരുന്ന വിവരം ഉസ്താദിനെ അറിയിച്ചു. എയർപോർട്ടിലേക്ക് മൂത്തമകൻ ഹാറൂൻ മൗലവിയെ അയക്കുമെന്നും ഓഖ്-ലയിലെ വസതിയിൽ വന്നിട്ട് മർക്കസിലേക്ക് പോകാമെന്നും ഉസ്താദ് പറഞ്ഞതിനാൽ അങ്ങിനെ നേരെ അവിടെ പോയി. (ഇപ്പോൾ പത്തനംതിട്ട കഷ്ഷാഫിൽ ഉലൂമിലെ മുദരിപസും എടത്തല കൗസരിയ്യയിലെ ഹിജ്റ 1409 അദ്ധ്യയന വർഷ ബിരുദധാരിയുമായ ആലപ്പുഴ മൗലവി അഷ്റഫ് അൽകൗസരി അവിടെ ഉണ്ടായിരുന്നു. ഉസ്താദിന്റെ അരുമ ശിഷ്യന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഹയാത്തുസ്സഹാബ എന്ന അറബി കിത്താബിന്റെ സ്വരങ്ങൾ ഉൾപ്പെടെ ടൈപ്പ് സെറ്റ് ചെയ്തത് അദ്ദേഹമാണ്. 10 വർഷത്തിൽ അധികം അദ്ദേഹം

ഉസ്താദിന്റെ അടുക്കൽ ഇത്തരം സേവനങ്ങളിൽ ചെലവഴിച്ചു. അല്ലാഹു ഏറ്റവും ഉയർന്ന ഫലം നല്കട്ടെ!) രാത്രി അത്താഴവും പിറ്റേന്ന് രാവിലെ നാഷ്തയും ഉസ്താദുമൊന്നിച്ചായിരുന്നു.

നാഷ്ത കഴിഞ്ഞു മർകസിലേക്ക് മകൻ ഹാറൂൻ മൗലവിയുടെ കൂടെ പുറപ്പെടാൻ ഒരുങ്ങുമ്പോൾ "അടുത്ത തവണ കുടുംബവുമായി വരണം" എന്നു ഉസ്താദ് പറഞ്ഞു. "ഇന്ഷാടഅല്ലാഹവരാം, കുടുംബത്തിനു ഡൽഹിയും പരിസരവും ആഗ്രയും ഒക്കെ സന്ദർശിക്കണം എന്ന ആഗ്രഹമുണ്ട്" എന്നു ഞാൻ അറിയിച്ചു.

ആ സമയത്ത് ഉസ്താദ് പറഞ്ഞ വാക്കുകളാണ് ഈ പംക്തിയിലെ ഹൈലൈറ്റ് അനുഭവം.

"ബേട്ടേ – മോനേ! എന്നാൽപ്പിന്നെ വരണമെന്നുണ്ടോ? ഇല്ല! മൗലാനാ യൂസുഫ് ഹസ്രത്ജി റഹിമഹുല്ലാഹ് മഹാനവർകൽ പറയുമായിരുന്നു "കല്ലും മണ്ണും കാണാൻ ആരും ഡൽഹിയിൽ വരേണ്ടതില്ല. ഇതിലും മനോഹരവും ഹൃദ്യവും ആനന്ദം പകരുന്നതും കുളിരു നൽകുന്നതും ആയ കാഴ്ചകളാണ് അല്ലാഹു നമുക്കായി സ്വർഗത്തിൽ തയാറാക്കി വച്ചിട്ടുള്ളത്. അവയൊക്കെ കണ്ടു, കേട്ടു അനുഭവിക്കാൻ യോഗ്യത ഉണ്ടാക്കിത്തീർക്കാനുള്ള പരിശ്രമങ്ങളിലാണ് ഈമാനുള്ളവർ സമയം ചെലവഴിക്കേണ്ടത്. നബി സല്ലല്ലാഹു അലൈഹി വ സല്ലമിന്റെ തിരുമൊഴികളിൽ യഖീൻ ഉണ്ടാവണം, എല്ലാംനേരിട്ടുകണ്ടാൽ ഉണ്ടാകുന്നതിനേക്കാൾ ഉറപ്പ് തങ്ങളുടെ വാക്കുകളിൽ ഈ ഉമ്മത്തിന് വന്നു ചേരണം. നബി സല്ലല്ലാഹു അലൈഹി വസല്ലം പറഞ്ഞു "അല്ലാഹു പറഞ്ഞു: ഒരു കണ്ണും കാണാത്തതും, ഒരു ചെവിയും കേൾക്കാത്തതും, ഒരൊറ്റ മനുഷ്യന്റെയും സങ്കല്പ ത്തിൽ പോലും ഉദിക്കാത്തതുമാണ് ഞാൻ എന്റെ സജ്ജനങ്ങൾക്കായി ഒരുക്കിവച്ചിട്ടുള്ളത്". ഇത്തരത്തിലുള്ള ഒരു സ്വർഗം ഉള്ളപ്പോൾ ഡൽഹിയും ആഗ്രയും എല്ലാം നമ്മിൽ, ഈമാനിന്റെ അഹ്ലുകാരിൽ കൗതുകം ജനിപ്പിക്കേണ്ടതുണ്ടോ?"

പഠനം നടത്തുന്നവരും ഗവേഷകരും മറ്റും വന്നു കണ്ടോട്ടെ! അതല്ലാതെ വെറും ഒരു ആനന്ദത്തിനു വേണ്ടി കാശും സമയവും നഷ്ടപ്പെടുത്തി ദീർഘ ദൂരവും താണ്ടി വരണമോ? വേണ്ട മോനേ വേണ്ട".

ഉസ്താദിന്റെ വാക്കുകൾ നെഞ്ചിൽ തറച്ചു.ഇതുഏല്ലാവർക്കുംദഹിച്ചുകൊള്ളണമെന്നില്ല.എന്നാൽ,ആഖിറംകൊതിക്കുന്നവർക്ക് ഇത്തരം ചൊല്ലുകൾ വെള്ളി വെളിച്ചമാണ്, ഊർജമാണ്.

മഹാനായ ഉസ്താദവർകൾക്കും ഈയൊരു ഉയർന്ന മനസ്സ് ഉസ്താദിലും മറ്റനേകം പേരിലും രൂപപ്പെടുത്തിയ മൗലാനാ യൂസുഫ് ഹസ്രത്ജിയടക്കമുള്ളഉഖ്റവിയ്യായ പണ്ഡിതന്മാർക്കുംമഹാന്മാർക്കും അല്ലാഹുവിന്റെ റഹ്മത്തു എന്നും എല്ലായ്പോഴും ചൊരിഞ്ഞു കൊണ്ടിരിക്കട്ടെ!

(യൂസുഫ് ഹസ്രത്ജി പറഞ്ഞു ഉണർത്തിയ, മുകളിൽ കൊടുത്ത ഹദീസ് ഒരു ഖുദ്സിയ്യായ ഹദീസാണ്. ഇമാം ബുഖാരി, ഇമാം മുസ്‌ലിം തുടങ്ങിയവർ അബൂഹുറൈറ(റ)യിൽ നിന്നു പ്രസ്തുത ഹദീസ് രിവായത്ത് ചെയ്തിട്ടുണ്ട്). അല്ലാഹു അവരിലെല്ലാം തൃപ്തൻആയിരിക്കട്ടെ.

# ?! ചോദ്യോത്തരങ്ങൾ

**ദാറുൽ ഇഫ്താ അൽ ജാമിഅ കഷ്ഷാഫുൽ ഉലൂം, പത്തനംതിട്ട**

*1-ചോദ്യം:-മദിയ്യ്, വദിയ്യ് പുറപ്പെട്ടാൽ കുളിക്കൽ നിർബന്ധമുണ്ടോ?*

**ഉത്തരം:-** (മദിയ്യ് :-വികാരത്തിന്റെ പേരിൽ പുറപ്പെടുന്ന കട്ടി കുറഞ്ഞ വെളുത്ത നേർത്ത ദ്രവാകം)

(വദിയ്യ്:- മുത്രമൊഴിച്ച ഉടനെയോ അല്ലെങ്കിൽ ചിലപ്പോൾ അതിനു മുമ്പോ പുറപ്പെടുന്ന നേർത്ത ദ്രാവകം)

ഹനഫി, ഷാഫി :- മദിയ്യ്, വദിയ്യ് പുറപ്പെട്ടാൽ കുളിക്കൽ നിർബന്ധമില്ല. അത് കഴുകിക്കളഞ്ഞാൽ മതിയാകും(ദുർറുൽ മുഖ്താർ, തുഹ്ഫ)

*2-കറാഹത്തായ സമയങ്ങളിൽ മയ്യിത്ത് നമസ്കാരം, മറ്റു നമസ്കാരങ്ങൾ ചെയ്യാമോ?*

**ഉത്തരം:-** ഹനഫി :-മക്റൂഹയ സമയത്ത് നമസ്കാരം അനുവദീനിയല്ല. സുന്നത് നമസ്കാരം കറാഹത് തഹരീമോടെ ശരിയാകും. ആ സമയത്ത് ജനാസ ഹാജരാവുകയാണെങ്കിൽ കറാഹതോടെ നമസ്കാരം ശരിയാകും.(ഹിദായ)

ഷാഫി :- ജനാസ കറാഹതായ സമയത്ത് ഹാജരായാൽ നമസ്കരിക്കുന്നത് കൊണ്ട് കുഴപ്പമില്ല (അസ്നൽ മത്വാലിബ്).

*3-ചോദ്യം:- കുട്ടിയുടെ പുറകിൽ പിന്തുടർന്ന് നമസ്കരിക്കൽ അനുവദനീയമാണോ?*

ഷാഫി :- വകതിരിവ് ആയ കുട്ടിയുടെ പിറകിൽ നമസ്കരിക്കൽ അനുവദനീയമാണ്.

(സൂക്ഷ്മത ബലിഗായ കുട്ടിയുടെ

പുറകിൽ നമസ്കരിക്കലാണ്.) (അസ്നൽ മത്വാലിബ്)

ഹനഫി: പ്രായപൂർത്തിയായ കുട്ടിയെ പിൻപറ്റൽ അനുവദനീയമാണ്. പ്രായപൂർത്തിയാകാത്ത കുട്ടിയെ പിൻപറ്റൽ ഫർളിലോ സുന്നത്തിലോ അനുവദനീയമല്ല. (ദുർറുൽ മുഖ്താർ)

*4-ചോദ്യം :- ഒരുവന് ജുംആ നമസ്കാരം ലഭിക്കണമെങ്കിൽ ഇമാമുമായിട്ട് ഉള്ള പിന്തുടരൽ എപ്പോൾ കിട്ടണം?*

ഷാഫി :- രണ്ടാം റകഅത്തിലെ റുകൂഇൽ ഇമാമിന്റെ തുടർച്ച ലഭിച്ചാൽ അവന് ജുമുഅ നമസ്കാരം കിട്ടിയവനാകും. ഇനി അങ്ങനെ കിട്ടിയില്ലായെങ്കിൽ ഇമാം സലാം വീട്ടിയ ശേഷം അതിനെ അവൻ 4 റകഅത് ളുഹർ ആയി നമസ്കാരിക്കേണ്ടതാണ്. (റൗള)

(ഹനഫി):ജുംആയുടെ രണ്ടാം റകഅതിലെ അതഹിയ്യാത്തിലോ അതല്ലായെങ്കിൽ സഹവിന്റെ സുജൂദിലോ ഇമാമിന്റെ തുടർച്ച ലഭിച്ചാൽ അവന് ജുമുഅ നമസ്കാരം ലഭിക്കുന്നതാണ്.(ബഹ്ർ)

*5-ചോദ്യം :-ഷുക്റിന്റെ സുജൂദ് ചെയ്യുന്നതിന്റെ വിധി എന്ത്?*

**ഉത്തരം:** ഷാഫി : സുജുദുഷുക്ർ സുന്നതാണ്.അറിഞ്ഞുകൊണ്ട് സുജുദ് ഷുക്ർ നമസ്കാരത്തിൽ ചെയ്യൽ നമസ്കാരത്തെ ബാഥിൽ ആക്കി കളയും (തുഹ്ഫ, അസ്നൽ മത്വാലിബ്)ഹനഫി : ഷുക്റിന്റെ സുജൂദ് കറാഹതാണ്. കാരണം ഒരു സുജൂദ് മാത്രം ചെയ്യൽ ഇബാദത് അല്ല.(തിലാവത്തിന്റെ സുജൂദ് ഒഴികെ)

*6-ചോദ്യം:-വെള്ളം വിൽക്കൽ അനുവദനീയം ആണോ?*

**ഉത്തരം :** ഷാഫി,ഹനഫി മദ്ഹബ് പ്രകാരം വെള്ളം വിൽപ്പന അനുവദനീയമാണ്.

*7-ചോദ്യം:- വീട് നിർമ്മാണം അതുപോലുള്ള ആവശ്യങ്ങൾക്ക് വേണ്ടി മാറ്റി വച്ചിരിക്കുന്ന തുകയ്ക്ക് സകാത്ത് കൊടുക്കേണ്ടതുണ്ടോ?*

**ഉത്തരം:** ഹനഫി: വീട് നിർമ്മാണം പോലുള്ള അടിസ്ഥാന ആവശ്യങ്ങളായ കാര്യങ്ങൾക്ക് മാറ്റിവെച്ച തുകക്ക് സക്കാത്ത് കൊടുക്കേണ്ടതില്ല.

ഷാഫി : സക്കാത്ത് കൊടുക്കേണ്ടതാണ് (ഹാഷിയത്തു-തഹ്താവി, ഇക്നാഅ്)

*8-ചോദ്യം:- നമസ്കാരത്തിൽ നമസ്കാരത്തിന്റെ പ്രവൃത്തികൾ അല്ലാത്ത കാര്യങ്ങൾ തുടർച്ചയായി ചെയ്താൽ നമസ്കാരം ബാതിലാകുമോ.?*

**ഉത്തരം:** ഷാഫി : തുടർച്ചയായി മൂന്നോ അതിലധികമോ പ്രാവശ്യം നമസ്കാരത്തിന് വിരുദ്ധമായ പ്രവർത്തികൾ തുടരെ തുടരെ ചെയ്താൽ നമസ്കാരം ബാതിലാകുന്നതാണ്.

ഹനഫി : നമസ്കരിക്കുന്നവരുടെ പ്രവർത്തനം വെളിയിൽ നിന്നും കാണുന്ന ഒരാൾക്ക് അത് നമസ ്കാരത്തിൽ പെട്ടതല്ല എന്ന് വ്യക്തമാകുന്ന തരത്തിൽ ഉള്ളതാണെങ്കിൽ ആ പ്രവർത്തനം മുഖേന നമസ്കാരം ബാത്തിൽ ആക്കുന്നതാണ്.(ദുറുൽ മുക്താർ,തുഹ്ഫ)

*9-ചോദ്യം:- ഫർള് നമസ്കാരത്തിന് ശേഷം സുന്നത്ത് നമസ്കരിക്കുന്നതിന് വേണ്ടി മറ്റൊരു സ്ഥലത്തേക്ക് നീങ്ങി നിൽക്കേണ്ടതുണ്ടോ.?*

**ഉത്തരം:** ഷാഫി ഹനഫി മദ്ഹബ് പ്രകാരം സുന്നത്ത് നമസ്കരിക്കുന്നതിന് വേണ്ടി മറ്റൊരു സ്ഥലത്തേക്ക് നീങ്ങൽ സുന്നത്താണ് (നൂറുൽ ഈളാഹ്, അസ്നൽ മതാലിബ്)

*10-ചോദ്യം:- ഒരാൾ റുകൂഅ് മുതൽ ഇമാമിനെ തുടരുകയാണെങ്കിൽ അയാൾക്ക് ആ റക്അത്ത് ലഭിക്കുമോ ഇല്ലയോ?*

**ഉത്തരം:** സമാധാനമായി ഇമാമിനോടൊപ്പം റുകൂഅ് ലഭിക്കുകയാണെങ്കിൽ ആ റക്അത്ത് കിട്ടുന്നതാണ്. (നൂറുൽ ഈളാഹ്,ഉംദ)

കവർ സ്റ്റോറി

**ഹാഫിസ് മുഹമ്മദ് ഹുസൈൻ അൻസാരി ഖാസിമി,**
തളിപ്പറമ്പ

# ഹിജാബ് വിശുദ്ധിയാണ് വ്യക്തിത്വമാണ്

സ്വാതന്ത്ര്യവും സമത്വവും മുദ്രാവാക്യമാക്കിയ ആധുനികകാലത്ത് ഏറ്റവും വലിയ സംവാദവിഷയമായിരിക്കുകയാണു ഹിജാബ് .

സ്വാതന്ത്യത്തിന്റെയും മുന്നേറ്റത്തിന്റെയും ചിഹ്നമായ മഹത്തായ ഹിജാബിലേക്കും അഴുക്ക് പുരണ്ട കരങ്ങൾ നീണ്ടുവന്നിരിക്കുന്നു. പവിത്രതയും ആഭിജാത്യവും ഊരിയെറിയാൻ വ്യവസ്ഥാപിതമായ ശ്രമങ്ങൾ നടന്നു കൊണ്ടിരിക്കുന്നു.

ഇസ്‌ലാം സ്ത്രീകൾക്ക് സൂക്ഷ്മമായ ചില നിയമവ്യവസ്ഥകൾ നിശ്ചയിച്ചു. പ്രസ്തുത വ്യവസ്ഥകളിലൂടെയാണ് അവർക്ക് അന്തസ്സും സുരക്ഷയും അഭിമാനത്തിന്റെ സംരക്ഷണും നേടാനാവുക. ഇസ്‌ലാം സ്ത്രീകളോട് ഹിജാബ് സ്വീകരിക്കുവാൻ കല്പിച്ചു. അനിവാര്യആവശ്യങ്ങൾക്കു മാത്രം വീടിന് പുറത്തിറങ്ങിയാൽ മതി എന്ന് നിഷ്കർഷിച്ചു. സൗന്ദര്യപ്രദർശനത്തിൽ നിന്നും നഗ്നത പ്രകടിപ്പിക്കുന്നതിൽ നിന്നും സുഗന്ധമണിഞ്ഞ് പുറത്തിറങ്ങുന്നതിൽനിന്നും അവരെ വിലക്കി. പരപുരുഷന്മാരോട് കൂടിക്കലരുന്നതിൽ നിന്ന് വിരോധിച്ചു. നാണക്കേടിൽനിന്ന് കാവലും തിന്മകളില്നിന്നും നെറികേടിൽനിന്നും സുരക്ഷയുമായിക്കൊണ്ട് മാത്രമാണ് ഈ നിയമങ്ങൾ പാലിക്കാൻ സ്ത്രീ കല്പിക്കപ്പെട്ടത്. അവളെ പവിത്രതയുടെയും പരിശുദ്ധിയുടെയും ഉടയാടകൾ അണിയിക്കുന്നതിനു വേണ്ടിയുമാണ് ഇത്തരം വ്യവസ്ഥകൾ. സത്രീ ഇസ്‌ലാമിന്റെ തുലാസിൽ അമൂല്യമാണ്. അവർ എല്ലാ ഉപദ്രവങ്ങളിൽനിന്നും സംരക്ഷിക്കപ്പെടണം. അവൾക്ക് എല്ലാ മ്ലേച്ഛതകളിൽ നിന്നും സുരക്ഷ നൽകപ്പെടുകയും വേണം.

സ്ത്രിയും പുരുഷനും അല്ലാഹുവിന്റെ അടിമകൾ എന്ന നിലയില് തുല്യരാണ്. ആരായാലും ഖുർആനിനും സുന്നത്തിനുമൊപ്പം ചരിക്കണം. ഹിജാബ് ധരിക്കണമെന്നത് അല്ലാഹുവിന്റെ കല്പനയാണ്. പരിപാലകനും സ്രഷ്ടാവും അന്നദാതാവുമായവനോടുള്ള അനുസരണത്തിന്റെ ഭാഗമാണ്. അല്ലാഹു പറയുന്നു: 'നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്.' (അൽ അഹ്സാബ്: 33) 'നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്.' (അഹ്സാബ്: 59) ഹിജാബ് ധരിക്കുന്നതോട് കൂടി സ്ത്രീ അല്ലാഹുവിന്റെ കല്പന അനുസരിക്കുന്നു ആഅനുസരണ ആരാധനയാണല്ലോ.

ഹിജാബ് പരിശുദ്ധിയും മാന്യതയും മഹത്വവും നല്കുന്നു. വിഷം വമിക്കുന്ന കണ്ണിന്റെ തുറിച്ചു നോട്ടത്തിൽ നിന്നും സംരക്ഷണമേകുന്നു. ഇസ്‌ലാമിൽ സ്ത്രീക്ക് ഉയർന്ന മൂല്യമാണുള്ളത്. വിശ്വാസികൾക്കിടയില് തന്റേതായ സ്ഥാനം അവർക്കുണ്ട്. സ്ത്രീയെ വിലകുറഞ്ഞ ചരക്കാക്കുന്ന പടിഞ്ഞാറൻ പ്രഭൃതികൾ അവളെ ശാരീരികേച്ഛകളുടെ പൂർത്തീകരണത്തിന് ഉപയോഗിക്കുന്നു. മാത്രമല്ല, കച്ചവടച്ചരക്കുകൾ വിറ്റഴിക്കാനുള്ള പരസ്യപ്പലകയുമാണവൾ. ഇസ്‌ലാമിലെ സ്ത്രീ ഇതിൽ നിന്നും തികച്ചും വ്യത്യസ്തയാണ്. അവൾക്ക് എന്നും സ്ഥാനവും മഹത്വവുമുണ്ട്. ആ മാന്യതയും അന്തസ്സും പവിത്രതയും സംരക്ഷിക്കുന്ന അവകാശങ്ങൾ നിയമം അവൾ

ക്ക് നല്കുന്നു. ഇവിടെ അവൾ ബഹുമാന്യ മാതാവാണ്. കുലീനയായ ഇണയും സഹോദരിയുമാണ്. ഇസ്‌ലാമിക സമൂഹത്തിന്റെ ധ്വജവാഹകരായ പുരുഷാന്തരങ്ങളുടെ ആദ്യ പാഠശാലയുമാണ്.

**ഹിജാബ് ഒരു സുരക്ഷാ കവചമാണ്**

ലൈംഗികമായി പീഡിപ്പിക്കപ്പെടാതിരിക്കുവാനും, പൊതു സമൂഹത്തിൽ അപമാനിക്കപ്പെടാതിരിക്കുവാനും പരസ്യപ്പലകകളില് പ്രദർശിപ്പിക്കപ്പെടാതിരിക്കുവാനും മുസ്‌ലിം സ്ത്രീകൾ അവരുടെ ശാരീരിക സൗന്ദര്യം ഹിജാബിലൂടെ സുരക്ഷിതമായി സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അവർക്കാണ് സമൂഹത്തിൽ നിന്ന് ആദരവുകളും ബഹുമാനങ്ങളും ലഭിക്കുന്നത്.

സ്വഭാവം, വ്യക്തിത്വം, ധിഷണ, ശാലീനത എല്ലാം ഒരു മുസ്‌ലിം സ്ത്രീയിൽ പ്രകടമാകുന്നത് അവർ ധരിക്കുന്ന ഹിജാബിലൂടെയാണ്.

ഹിജാബ് അല്ലാഹുവിനോടുള്ള വിധേയത്വമാണ്

ഒരു മുസ്‌ലിം പെൺകുട്ടി പ്രായപൂർത്തിയാകുന്നതോടെ ഇസ്‌ലാമിക വസ്ത്രധാരണം സ്വീകരിക്കണം എന്നത് അല്ലാഹുവിന്റെ കണിശമായ നിർദ്ദേശമാണ്.

ഒരു സ്ത്രീ ഹിജാബണിയുമ്പോൾ അല്ലാഹുവിന്റെ പ്രസ്തുത നിർദ്ദേശമാണ് വിനയപൂർവം നടപ്പിലാക്കുന്നത്. തന്റെ സ്രഷ്ടാവിനോടുള്ള വിധേയത്വം ജീവിതത്തിൽ എല്ലായിടത്തും പ്രകടിപ്പിക്കുന്നതിൽ ഒരു മുസ്‌ലിം സ്ത്രീക്ക് എപ്പോഴും സന്തോഷമേ ഉണ്ടാകൂ.

**ഹിജാബ് ലജ്ജയുടെ ഭാഗമാണ്**

ഹിജാബ് മുസ്‌ലിം സ്ത്രീയുടെ നിലപാടാണ്. ഹിജാബണിയുക എന്നാൽ തന്റെ ശാലീനത കാത്തുസൂക്ഷിക്കുക എന്നതുമാണ്. അല്ലാഹുവിലേക്ക് അടുക്കാൻ ഏതെല്ലാം പ്രവർത്തനങ്ങൾ ആചരിക്കണമോ അവ മുഴുവനും കഴിയുന്നത്ര പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമാണ് മുസ്‌ലിം സഹോദരിയുടെ ഹിജാബ്. ലജ്ജാശീലം വിശ്വാസത്തിന്റെ ഭാഗമാണ് എന്ന മുഹമ്മദ് നിബി(സ്വ)യുടെ അധ്യാപനം ഹിജാബണിയുന്നതിന് അവൾക്ക് പ്രചോദനമാണ്. അതെ, ശാലീനത മുസ്‌ലിം സ്ത്രീയുടെ കുലീനതയാണ്.

**ഹിജാബ് ഹൃദയ വിശുദ്ധി നല്കുന്നതാണ്**

മനസ്സിന് പവിത്രത പകരുന്നതും ശാന്തിയേകുന്നതുമാണ് ഇസ്‌ലാമിക വസ്ത്ര ധാരണം. അല്ലാഹുവിന്നിഷ്ടമുള്ള വസ്ത്രം ധരിക്കുന്നു എന്ന ബോധം സത്യവിശ്വാസിനികളിൽ കൂടുതൽ ആത്മബോധമുണ്ടാക്കും. ഹിജാബണിയുന്നവള് എന്നതു കൊണ്ടു തന്നെ ജീവിതത്തില് കുടൂതല് സൂക്ഷ്മത കൈവരുകയും ചെയ്യും.

**ഹിജാബ് ജീവിത വിശുദ്ധിക്കും നന്മക്കുമുതകുന്ന കർമ്മമാണ്**

മുസ്‌ലിം സ്ത്രീയുടെ ജീവിത മാതൃകകളിൽ പ്രവാചക പത്നിമാരും സ്വഹാബാ വനിതകളുമാണ് മുൻപന്തിയിൽനില്ക്കുന്നത്. പൂർവികരായ മഹതികളെല്ലാം അവരുടെ ജീവിത വിശുദ്ധിയുടെ ഭാഗമായി ഉൾക്കൊണ്ട നിലപാടാണ് ഹിജാബ്.

> **"തങ്ങളുടെ സൗന്ദര്യം പ്രദർശന വസ്തുവല്ലെന്നും അത് അന്യരിൽ നിന്ന് മറച്ചു പിടിക്കേണ്ടത് ജീവിത സുരക്ഷക്കും സമാധാന ജീവിതത്തിനും സർവോപരി ദൈവപ്രീതിക്കും അനിവാര്യമാണെന്നും അറിവുള്ള ഒരു വിശ്വാസിനി ബോധപൂർവമാണ് സ്വയം ഹിജാബ് സ്വീകരിക്കുന്നത്."**

തങ്ങളുടെ സൗന്ദര്യം പ്രദർശന വസ്തുവല്ലെന്നും അത് അന്യരിൽ നിന്ന് മറച്ചു പിടിക്കേണ്ടത് ജീവിത സുരക്ഷക്കും സമാധാന ജീവിതത്തിനും സർവോപരി ദൈവപ്രീതിക്കും അനിവാര്യമാണെന്നും അറിവുള്ള ഒരു വിശ്വാസിനി ബോധപൂർവമാണ് സ്വയം ഹിജാബ് സ്വീകരിക്കുന്നത്

**ഹിജാബ് അല്ലാഹുവിൽ നിന്ന് പ്രതിഫലം ലഭ്യമാക്കുന്നതാണ്**

സത്യവിശ്വാസിനികൾക്ക് അവരുടെ സല്കർമ്മങ്ങൾക്കനുസൃതമായ പ്രതിഫലം സ്വർഗ്ഗത്തിൽ ദറജ നൽകുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്.

ഒരു മുസ്‌ലിം സ്ത്രീ ഇസ്‌ലാമിക വസ്ത്രധാരണം സ്വീകരിക്കുന്നത് അവളുടെ ജീവിതത്തിലെ സൽകർമ്മമാണ്. തന്റെ വിശ്വാസത്തിന്റെപ്രകടനവുമാണത്. അവൾക്കതിന് അർഹമായ പ്രതിഫലം സ്വർഗ്ഗത്തിൽ ലഭിക്കുക തന്നെ ചെയ്യും.

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമ്മം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നല്കുന്നതാണ്. അവർ പ്രവർത്തിച്ച്കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നല്കുകയും ചെയ്യും." (നഹ്ല്: 97)

മുസ്‌ലിം സ്ത്രീ പ്രതാപമുള്ളവളും ഔന്നത്യമുള്ളവളും സൽസ്വഭാവിയുമായിരിക്കും; സകലമാന വിശാലമനസ്കതയോടെയും വിശ്വാസ്യതയോടെയും മനഃസമധാനത്തോടെയും അവർ അവരുടെ

ആദർശത്തെ മുറുകെ പിടിക്കുകയും അവളുടെ നാഥന്റെ ശാസനകൾ കാത്തുസൂക്ഷിക്കുകയും അവളുടെ പ്രവാചകനെ അനുസരിക്കുകയും അല്ലാഹുവിന്നായി അവളുടെ ജീവിതം സമർപ്പിക്കുകയും അല്ലാഹുവിന്റെ മതനിയമങ്ങൾക്കും മതവിധികൾക്കും അവൾ കീഴൊതുങ്ങുകയും ചെയ്യുന്ന കാലമത്രയുമാണത്. അതിലൂടെ അവൾ ഇഹലോകത്ത് ആശ്വാസവും സൗഭാഗ്യവും പരലോകത്ത് മഹത്തായ പ്രതിഫലവും വമ്പിച്ച കൂലിയും നേടുകയും ചെയ്യുന്നു.

നബി (സ) പറഞ്ഞതായി ഹദീഥിൽ ഇപ്രകാരമുണ്ട്: "ഒരു സ്ത്രീ അവളുടെമേൽ (നിർബന്ധമായ) അഞ്ചുനമസ്കാരങ്ങൾ നമസ്കരിക്കുകയും (റമസാൻ) മാസത്തിൽ നോമ്പെടുക്കുകയും അവളുടെ ഗുഹ്യാവയവം പവിത്രമായി സൂക്ഷിക്കുകയും തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ സ്വർഗീയ കവാടങ്ങളിൽ താനുദ്ദേശിക്കുന്നതിലൂടെ

**"ഒരു സ്ത്രീ അവളുടെമേൽ (നിർബന്ധമായ) അഞ്ചുനമസ്കാരങ്ങൾ നമസ്കരിക്കുകയും, അവളുടെ (റമസാൻ) മാസത്തിൽ നോമ്പെടുക്കുകയും, അവളുടെ ഗുഹ്യാവയവം സൂക്ഷിക്കുകയും തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ. അവളോടു പറയപ്പെടും: സ്വർഗീയ കവാടങ്ങളിൽ നീ ഉദ്ദേശിക്കുന്നതിലൂടെ സ്വർഗത്തിൽ പ്രവേശിക്കുക."**

അവൾ സ്വർഗത്തിൽ പ്രവേശിക്കും."

ഈ ഹദീസ് അബൂഹുറയ്റ(റ)യിൽ നിന്ന് ഇമാം ഇബ്നു ഹിബ്ബാൻ തന്റെ സ്വഹീഹിൽ നിവേദനം ചെയ്തതാണ്.

അബ്ദുർറഹ്മാന് ഇബ്നു ഔഫി(റ)ൽ നിന്ന് ഇമാം അഹ്മദ് നിവേദനം ചെയ്യുന്നു:

"ഒരു സ്ത്രീ അവളുടെമേൽ (നിർബന്ധമായ) അഞ്ചുനമസ്കാരങ്ങൾ നമസ്കരിക്കുകയും, അവളുടെ (റമസാൻ) മാസത്തിൽ നോമ്പെടുക്കുകയും, അവളുടെ ഗുഹ്യാവയവം സൂക്ഷിക്കുകയും തന്റെ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ. അവളോടു പറയപ്പെടും: സ്വർഗീയ കവാടങ്ങളിൽ നീ ഉദ്ദേശിക്കുന്നതിലൂടെ സ്വർഗത്തിൽ പ്രവേശിക്കുക."

നീചവൃത്തികളുടെയും ഫിത്നകളുടെയും പ്രബോധകന്മാരായ പൈശാചികർക്ക് മുഖം കൊടുക്കാതെ, ഇത്തരം ആദരണീയമായ നിർദേശങ്ങളെ പ്രയോഗവൽകരിച്ചു ജീവിച്ചാൽ ഈ അനുഗൃഹീത വാഗ്ദാനവും മഹനീയ പ്രതിഫലവും നേടുന്ന മുസ്‌ലിം സ്ത്രീക്കാകുന്നു മാംഗളാശംസകള്.

''അല്ലാഹു നിങ്ങളുടെ പശ്ചാത്താപം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. എന്നാൽ പിൻപറ്റി ജീവിക്കുന്നവർ ഉദ്ദേശിക്കുന്നത് നിങ്ങള് (നേര്വഴിയില് നിന്ന്) വൻതോതിൽ തെറ്റിപ്പോകണമെന്നാണ്"(ഖുർആൻ 4:27).

മുസ്‌ലിം സഹോദരിമാർ ഉണരുക. . തിന്മകൾ പൊടുന്നനെയല്ല കടന്നു വരുന്നത്. ഹിജാബ് അഴിപ്പിക്കൽ മാത്രമല്ല ശത്രുവിന്റെ ലക്ഷ്യം. ഹിജാബ് അഴിക്കുന്നതോടു കൂടി ലജ്ജയുടെ പളുങ്കുപാത്രമാണ് ഉടഞ്ഞു പോകുന്നത്.

സ്ത്രീയുടെ പവിത്രതയെ വലയിലാക്കുന്ന, അഭിമാനം പിച്ചിച്ചീന്തുന്ന, ആഭിജാത്യം തകർക്കുന്ന, അന്തസ്സ് കുഴിച്ചുമൂടുന്ന, ദീനീനിഷ്ഠയെയും ആദർശത്തെയും ചഞ്ചലിതമാക്കുന്ന, വേശ്യകളുടെയും അധർമകാരികളുടെയും നിരയിൽ അവളെ കൊണ്ടെത്തിക്കുന്ന രൂക്ഷമായ സംഘട്ടനങ്ങൾക്കും ഉൾപകയുള്ള ഗൂഢാലോചനകൾക്കും ഹീനമായ ഗൂഢപദ്ധതികൾക്കും ഈ കാലഘട്ടങ്ങളിൽ മുസ്‌ലിം സ്ത്രീ വിധേയയാകുന്നു എന്നത് വാസ്തവത്തിൽ വേദനാജനകമായ കാര്യമാണ്. സംഹാരാത്മകമായ ചാനലുകളിലൂടെയും തറ സംസ്കാരമുള്ള അശ്ലീല പത്രമാസികകളിലൂടെയും 'നഗ്നതയുടുപ്പിക്കുന്ന' വിവിധ ഉടയാടകളിൽ അവളെ തളച്ചും തെറ്റിനെ തിരുത്തുന്ന വിശ്വാസമോ, തിന്മയെ തടയുന്ന സല്സ്വഭാവമോ കുറ്റത്തിന് മറയിടുന്ന മര്യാദയോ ഒട്ടുമില്ലാതെ ഭൂമിക്കുപരിയിൽ ഉലാത്തുന്ന അവിശ്വാസികളായ സ്ത്രീകളോട് സാദൃശ്യപ്പെടുവാനുള്ള ഭ്രമം അവളുടെ ഹൃദയത്തിൽ ഇളക്കിവിട്ടുമാണ് മുസ്‌ലിം സ്ത്രീയെ ഇതിനെല്ലാം വിധേയയാക്കുന്നത്. ഇസ്‌ലാമിക ശരീഅത്ത് അവർ ദൂരെയെറിയുവാനും നിന്ദ്യതയുടെ ഉടയാടകൾ വലിച്ചു നടക്കുവാനും പരിശുദ്ധിയും ശ്രേഷ്ഠതയും പ്രവഹിക്കുന്ന വേദികളിൽനിന്ന് അവൾ ദൂരപ്പെടുവാനുമാണ് ഇവയിലൂടെ അവർ അവളെ വലിച്ചിഴക്കുന്നത്.

കാട്ടാളത്തത്തിനും തിന്മകൾക്കും എതിരിൽ അടിപതറാതെ ഉറച്ചുനിന്ന് പ്രഖ്യാപിക്കുക. 'പവിത്രമായ കരങ്ങളാണ് എന്റെ ഹിജാബിന്റെ പരിശുദ്ധി

ഞാൻ കാത്തുസൂക്ഷിക്കും, എന്റെ നന്മകളാണ് സമകാലികരേക്കാൾ എന്നെ ഉയരങ്ങളിൽ എത്തിക്കുന്നത്.

പ്രിയ സഹോദരീ, ഹിജാബ്

വിശ്വാസമാണ്... വിശുദ്ധിയാണ്... വ്യക്തിത്വമാണ്... ശാലീനതയാണ്... കുലീനതയാണ്. ■

ലേഖനം

**മൗലാനാ മുഹമ്മദ് മൻളൂർ നുഅ്മാനി**
വിവ: അബൂ ജമീൽ അൽ കൗസരി, തൊടുപുഴ

## മൗലാനാ മൗദൂദിയുമായുള്ള സഹവാസം

# സ്ത്രീകളും നിയമസഭാ അംഗത്വവും

ലാഹോറിൽ നിന്നും പ്രസിദ്ധീകരിക്കുന്ന തർജുമാനുൽ ഖുർആനിൽ ക്രി: 1952 സെപ്റ്റംബർ മാസം എഴുതിയ ഒരു പ്രധാന ലേഖനത്തിലൂടെ മൗദൂദി സാഹിബ് പാകിസ്ഥാനു വേണ്ടി നിയമപരമായ ചില നിർദേശങ്ങൾ സമർപ്പിച്ചിരുന്നു. പ്രസ്തുത നിർദ്ദേശങ്ങളിൽ ചില ഭാഗങ്ങളിൽ നിന്നും ചില വിമർശനങ്ങൾ ഉന്നയിക്കപ്പെട്ടു. സ്ത്രീകൾക്ക് പാർലമെന്റ്, നിയമസഭാ അംഗത്വം പാടില്ലെന്ന നിർദ്ദേശത്തിലാണ് കാര്യമായി വിമർശനങ്ങൾ വന്നത്. അദ്ദേഹം 1952 ഒക്ടോബർ മാസത്തിൽ തന്നെ വിമർശനങ്ങൾക്ക് വിശദമായ ഒരു മറുപടി എഴുതി.

മൗദൂദി സാഹിബ് എഴുതി: പാകിസ്ഥാനു വേണ്ടി ഞാൻ സമർപ്പിച്ച ചില നിയമപരമായ നിർദേശങ്ങളിൽ വലിയ വിമർശനങ്ങൾ വന്നിരിക്കുകയാണ്. ഇസ്ലാമിന്റെ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീകൾക്ക് നിയമസഭാ അംഗത്വം പാടില്ല എന്ന് താങ്കൾ നിർദ്ദേശിച്ചത്? പുരുഷന്മാർക്ക് മാത്രമേ നിയമസഭാംഗത്വം പാടുള്ളൂ എന്ന താങ്കളുടെ നിർദ്ദേശം ഖുർആൻ, ഹദീസികളിൽ എവിടെയാണുള്ളത്? താങ്കളുടെ നിർദ്ദേശങ്ങൾക്ക് പിൻബലം നൽകുന്ന ആയത്തുകളും ഹദീസുകളും ഏതാണ്? എന്നൊക്കെയാണ് ഈ വിഷയത്തിൽ എന്നോട് ചോദിക്കപ്പെടുന്നത്.

ഈ ചോദ്യത്തിന് മറുപടി നൽകുന്നതിന് മുമ്പായി സ്ത്രീകൾക്ക് പ്രാതിനിധ്യം നൽകേണ്ടതാണ് എന്ന് വാദിക്കുന്ന ഈ സഭകളുടെ ശരിയായ നിലവാരം എന്താണെന്ന് എല്ലാവരും ഒന്ന് മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്.

> **“പാകിസ്ഥാനു വേണ്ടി ഞാൻ സമർപ്പിച്ച ചില നിയമപരമായ നിർദേശങ്ങളിൽ വലിയ വിമർശനങ്ങൾ വന്നിരിക്കുകയാണ്. ഇസ്ലാമിന്റെ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് സ്ത്രീകൾക്ക് നിയമസഭാ അംഗത്വം പാടില്ല എന്ന് താങ്കൾ നിർദ്ദേശിച്ചത്? പുരുഷന്മാർക്ക് മാത്രമേ നിയമസഭാംഗത്വം പാടുള്ളൂ എന്ന താങ്കളുടെ നിർദ്ദേശം ഖുർആൻ, ഹദീസികളിൽ എവിടെയാണുള്ളത്?”**

ഈ സഭകളുടെ പേര് നിയമ നിർമ്മാണ സഭ എന്ന വച്ചതിലൂടെ ഈ സഭകളുടെ പ്രവർത്തനം വെറും നിയമനിർമാണം മാത്രമാണ് എന്ന വലിയ ഒരു തെറ്റിദ്ധാരണ പലരുടെയും മനസ്സിൽ ഉണ്ടായിത്തീർന്നിട്ടുണ്ട്. ഈ തെറ്റിദ്ധാരണ മനസ്സിൽ സൂക്ഷിച്ചു കൊണ്ട് നോക്കുമ്പോൾ സഹാബാക്കളുടെ കാലഘട്ടത്തിൽ സ്ത്രീകൾ നിയമപരമായ കാര്യങ്ങൾ ചർച്ച ചെയ്യുകയും, അഭിപ്രായ പ്രകടനം നടത്തുകയും, അവരുടെ അഭിപ്രായങ്ങൾ പലപ്പോഴും സ്വീകരിക്കപ്പെടുകയും ചെയ്തിരുന്നു, ചില സമയങ്ങളിൽ ഖലീഫമാർ അവരുടെ അഭിപ്രായം ആരായുകയും ആ അഭിപ്രായങ്ങളെ മാനിക്കുകയും വരെ ചെയ്തിരുന്നു. ഈ നിലയിൽ ചിന്തിക്കുമ്പോൾ ഇസ്ലാമിക നിയമങ്ങളു

ടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണ സഭകളിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം വേണമെന്നുള്ളത് തെറ്റാണെന്ന് എങ്ങനെ പറയാൻ കഴിയും എന്ന കാര്യത്തിൽ ഇവർക്ക് അത്ഭുതം തോന്നുന്നു.

എന്നാൽ യഥാർത്ഥത്തിൽ ഇക്കാലഘട്ടത്തിൽ ഈ സഭകളുടെ പേര് മാത്രമാണ് ഇപ്രകാരമുള്ളത്. അല്ലാതെ നിയമ നിർമ്മാണം പലപ്പോഴും അവരുടെ ജോലി ആകുന്നില്ല. പ്രാവർത്തികമായി അവർക്ക് ചെയ്യാനുള്ളതാകട്ടെ രാജ്യത്തെ രാഷ്ട്രീയമായി നിയന്ത്രിക്കുക എന്നതാണ്. അവർ ചില മന്ത്രാലയങ്ങൾ ഉണ്ടാകുകയും ഇല്ലാതാക്കുകയും ചെയ്യുന്നു. ചില നിയമങ്ങളുടെ നിയന്ത്രണങ്ങളുടെ ഏർപ്പാടുകൾ ചെയ്യുന്നു. സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്തുന്നു. അവരുടെ കയ്യിലാണ് യു

**“**

**പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു എന്നാണ്. വീട്ടിൽ എന്ന വാക്ക് അല്ലാഹു ഇവിടെ പ്രയോഗിച്ചിട്ടില്ല. വീട്ടിൽ എന്ന വാക്ക് ഇവിടെ ഇല്ലാത്തിടത്തോളം ഇതിനെ വെറും കുടുംബ ജീവിതത്തിൽ മാത്രം ഒതുക്കാൻ കഴിയില്ല. പിന്നീട് നിങ്ങൾ പറഞ്ഞ ഇക്കാര്യം അംഗീകരിച്ചാൽ പോലും നമുക്ക് ചോദിക്കാനുള്ളത്; അല്ലാഹു തആലാ ആരെയാണോ വീട്ടിൽ പോലും നിയന്ത്രിക്കുന്നവരായി നിശ്ചയിക്കാതെ അനുസരണയോടു കൂടി കഴിയാനുള്ളവരായി മാത്രം നിശ്ചയിച്ചത്.**

**”**

ദ്ധങ്ങളും ഉടമ്പടികളും. ഈ നിലയിൽ നോക്കുമ്പൾ ഈ സഭകൾ മുഫ്തികളും, ഫിഖ്ഹ് അറിയുന്നവരും കൈകാര്യം ചെയ്യുന്നതിൽ പ്രത്യേകതയൊന്നുമില്ല. മറിച്ച് ഇവർ (ഖവ്വാം) കൈകാര്യകർത്താക്കൾ മാത്രമാണ്.

ഇനി ഒന്നു നോക്കുക. മനുഷ്യരുടെ സാമൂഹിക ജീവിതത്തിൽ ഖുർആൻ ആർക്കാണ് ഇതിനുള്ള അവകാശം ൽകുന്നത്? ആർക്ക് ഇതിനുള്ള അവകാശം ഖുർആൻ നൽകുന്നില്ല? സൂറത്തുന്നിസാഇൽ അല്ലാഹു പറയുന്നു: പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു. മനുഷ്യരിൽ ഒരു വിഭാഗത്തിന് മറ്റു വിഭാഗത്തേക്കാൾ അല്ലാഹു കൂടുതൽ കഴിവ് നൽകിയത് കൊണ്ടും, (പുരുഷന്മാർ) അവരുടെ ധനം ചെലവഴിച്ചതു കൊണ്ടുമാണത്. അതിനാൽ നല്ലവരായ സ്ത്രീകൾ അനുസരണശീലമുള്ളവരും, അല്ലാഹു സംരക്ഷിച്ച പ്രകാരം (പുരുഷന്മാരുടെ) അഭാവത്തിൽ (സംരക്ഷിക്കേണ്ടതെല്ലാം) സംരക്ഷിക്കുന്നവരുമാണ്. (സൂറത്തുന്നിസാഅ്: 34)

ഈ ആയത്തിൽ അല്ലാഹു തആലാ വ്യക്തമായ വാക്കുകളിലൂടെ (ഖവ്വാം) നിയന്ത്രണാവകാശം പുരുഷന്മാർക്കാണ് നല്കിയത്. സാലിഹത്തുകളായ സ്ത്രീകളുടെ വിശേഷണമായി, പ്രത്യേകതകളായി രണ്ട് കാര്യങ്ങൾ ഈ ആയത്തിൽ അല്ലാഹു പറയുന്നു. ഒന്ന്: അവർ അനുസരണാ ശീലമുള്ളവരായിരിക്കും. രണ്ട്: അവർ പുരുഷന്മാർ അരികിലില്ലാത്തപ്പോൾ അല്ലാഹു സംരക്ഷിക്കാൻ നിർദ്ദേശിച്ച അവരുടെ പുരുഷന്മാരുടെ വസ്തുക്കൾ സംരക്ഷിക്കും. ഇത് കുടുംബ ജീവിതവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളാണല്ലോ, രാഷ്ട്രീയവും ഭരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളല്ലല്ലോ എന്ന് ഒരു പക്ഷേ നിങ്ങൾ പറഞ്ഞേക്കാം.

ഇക്കാര്യത്തിൽ എനിക്ക് പറയാനുള്ളത് ഒന്നാമതായി അല്ലാഹു തആലാ പറഞ്ഞത്: പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു എന്നാണ്. വീട്ടിൽ എന്ന വാക്ക് അല്ലാഹു ഇവിടെ പ്രയോഗിച്ചിട്ടില്ല. വീട്ടിൽ എന്ന വാക്ക് ഇവിടെ ഇല്ലാത്തിടത്തോളം ഇതിനെ വെറും കുടുംബ ജീവിതത്തിൽ മാത്രം ഒതുക്കാൻ കഴിയില്ല. പിന്നീട് നിങ്ങൾ പറഞ്ഞ ഇക്കാര്യം അംഗീകരിച്ചാൽ പോലും നമുക്ക് ചോദിക്കാനുള്ളത്; അല്ലാഹു തആലാ ആരെയാണോ വീട്ടിൽ പോലും നിയന്ത്രിക്കുന്നവരായി നിശ്ചയിക്കാതെ അനുസരണയോടു കൂടി കഴിയാനുള്ളവരായി മാത്രം നിശ്ചയിച്ചത്. അവരെ നിങ്ങൾ എല്ലാ വീടുകളുടെയും കൂട്ടമായ രാഷ്ട്രത്തിൽ അനുസരിക്കുന്ന സ്ഥാനത്തു നിന്നും എടുത്തു മാറ്റി, അധികാര സ്ഥാനത്തേക്ക് കൊണ്ടു വരാൻ ഉദ്ദേശിക്കുകയാണോ? രാഷ്ട്രത്തിന്റെ നിയന്ത്രണം വീടിന്റെ നിയന്ത്രണത്തെക്കാൾ വളരെ കൂടുതൽ ഗൗരവകരവും, വളരെ ഉർന്ന ഭാരിച്ച ഉത്തരവാദിത്വവും ആണല്ലോ. അല്ലാഹു ഒരു വീട്ടിൽ പോലും നിയന്ത്രിക്കുന്നവരായി നിശ്ചയിക്കാത്ത സ്ത്രീയെ ലക്ഷക്കണക്കിന് വീടുകളുടെ കൂട്ടായ്മയായ രാഷ്ട്രത്തെ നിയന്ത്രിക്കുന്നവളും കൈകാര്യകർത്താവും ആക്കി നിശ്ചയിക്കും എന്ന് എന്താ അല്ലാഹുവിനെ കുറിച്ച് നിങ്ങൾ വിചാരിക്കുകയാണോ?

മാത്രമല്ല ഖുർആൻ വ്യക്തമായ വാക്കുകളിലൂടെ സ്ത്രീകളുടെ പ്രവർത്തന മേഖല ഏതാണെന്ന് വ്യക്തമാക്കിത്തരുന്നു: അല്ലാഹു പറയുന്നു: നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുക. പഴയ അജ്ഞാന കാലത്തെ സൗന്ദര്യ പ്രകടനം പോലുള്ള സൗന്ദര്യ പ്രകടനം നിങ്ങൾ നടത്തരുത്. (സൂറത്തുൽ അഹ്സാബ്: 33)

ഇനിയും നബി (സ) യുടെ വീട്ടിലെ സ്ത്രീകൾ

ക്ക് മാത്രമായി നൽകപ്പെട്ട നിർദ്ദേശമാണ് ഇത് എന്ന് നിങ്ങൾ പറയുകയാണെങ്കിൽ എനിക്ക് ചോദിക്കാനുള്ളത്: നിങ്ങളുടെ ചിന്ത അനുസരിച്ച് നബി (സ) യുടെ വീട്ടിലെ സ്ത്രീകൾക്ക് പ്രത്യേകമായ എന്തെങ്കിലും കുറവുകൾ ഉണ്ടായിരുന്നു. അതിനാൽ അവർ വെളിയിലുള്ള ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ യോഗ്യതയില്ലാത്തവർ ആയിരുന്നു. നമ്മുടെ പെണ്ണുങ്ങൾക്ക് ആ സ്ത്രീകളെക്കാൾകൂടുതൽ എന്തോ പ്രത്യേകതയുണ്ട് എന്നാണോ നിങ്ങളുടെ വാദം? പിന്നീട് ഇപ്രകാരമുള്ള എല്ലാ ആയത്തുകളും നബി (സ) യുടെ വീട്ടുകാർക്ക് വേണ്ടി മാത്രം പ്രത്യേകമാണെന്ന് പറയുകയാണെങ്കിൽ ജാഹിലിയ്യ കാലത്തെ പോലെയുള്ള സൗന്ദര്യ പ്രകടനത്തിന് ഖുർആൻ മറ്റു സ്ത്രീകൾക്ക് അനുവാദം നൽകുന്നുണ്ട് എന്നാണോ നിങ്ങളുടെ വാദം? എന്താ നബി (സ) യുടെ വീട്ടുകാരല്ലാത്ത സ്ത്രീകൾക്ക് അന്യ പുരുഷന്മാരുടെ ഹൃദയത്തിൽ ആഗ്രഹമുണ്ടാകുന്ന നിലയിൽ സംസാരിക്കാൻ ഖുർആൻ അനുവാദം നൽകുന്നുണ്ട് എന്നുമാണോ നിങ്ങളുടെ വാദം? എന്താ അല്ലാഹു സുബ്ഹാനഹു വതആലാ നബി (സ) യുടെ വീട്ടുകാരല്ലാത്ത എല്ലാ മുസ്ലിം സ്ത്രീകളെയും മ്ലേച്ഛമായ സ്വഭാവങ്ങളിൽ അഴുക്കു പുരണ്ടവരായി, മുങ്ങിയവരായി കാണാനാണോ ഉദ്ദേശിക്കുന്നത്?

**“**

**നബി (സ) യുടെ വീട്ടിലെ സ്ത്രീകൾക്ക് മാത്രമായി നൽകപ്പെട്ട നിർദ്ദേശമാണ് ഇത് എന്ന് നിങ്ങൾ പറയുകയാണെങ്കിൽ എനിക്ക് ചോദിക്കാനുള്ളത്: നിങ്ങളുടെ ചിന്ത അനുസരിച്ച് നബി (സ) യുടെ വീട്ടിലെ സ്ത്രീകൾക്ക് പ്രത്യേകമായ എന്തെങ്കിലും കുറവുകൾ ഉണ്ടായിരുന്നു. അതിനാൽ അവർ വെളിയിലുള്ള ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ യോഗ്യതയില്ലാത്തവർ ആയിരുന്നു. നമ്മുടെ പെണ്ണുങ്ങൾക്ക് ആ സ്ത്രീകളെക്കാൾകൂടുതൽ എന്തോ പ്രത്യേകതയുണ്ട് എന്നാണോ നിങ്ങളുടെ വാദം?**

**”**

ഇതിനു ശേഷം ഹദീസുകളുടെ ഭാഗത്തേക്ക് നമുക്ക് നോക്കാം. ഇവിടെ റസൂലുല്ലാഹി (സ) വ്യക്തമായി പറഞ്ഞതായി നമുക്ക് കണ്ടെത്താം: മോശമായ ആൾക്കാർ നിങ്ങളുടെ ഭരണാധികാരികൾ ആയിത്തീരുകയുംനിങ്ങളുടെ സമ്പന്നർ പിശുക്കന്മാർ ആവുകയും, നിങ്ങളുടെ കാര്യങ്ങൾ സ്ത്രീകൾ നിയന്ത്രിക്കുന്ന അവസ്ഥയിലേക്ക് എത്തുകയുംചെയ്യുകയാണെങ്കിൽ ഭൂമുഖത്ത് ജീവിക്കുന്നതിനെക്കാൾ നിങ്ങൾക്ക് നല്ലത് ഭൂമിയുടെ ഉൾഭാഗം (ഖബ്ർ) ആണ്.

അബൂബക്ര് (റ) വിവരിക്കുന്നു: പേർഷ്യക്കാർ കിസ്റയുടെ മകളെ അവരുടെ ഭരണാധികാരി ആക്കിയ വിവരം റസൂലുല്ലാഹി (സ) മക്ക് ലഭിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: തങ്ങളുടെ ഭരണം ഒരു സ്ത്രീയെ ഏൽപ്പിച്ച ഒരു ജനത ഒരിക്കലും വിജയിക്കുകയില്ല. (ബുഖാരി, തിർമിദി) ഈ രണ്ട് ഹദീസുകളും പുരുഷന്മാർ സ്ത്രീകളുടെ മേൽ നിയന്ത്രണാധികാരമുള്ളവരാകുന്നു എന്ന ആയത്തിന്റെ കൃത്യമായ വിശദീകരണം ആണ് നൽകുന്നത്. രാഷ്ട്രീയം, രാഷ്ട്ര ഭരണം എന്നിവ സ്ത്രീകളുടെ പ്രവർത്തന മേഖലയുടെ പുറത്തുള്ള കാര്യങ്ങളാണ് എന്നും ഈ രണ്ട് ഹദീസുകളിലൂടെ മനസ്സിലാക്കിത്തരുന്നു.

അപ്പോൾ പിന്നെ സ്ത്രീകളുടെ പ്രവർത്തന മേഖല ഏതാണ് എന്നൊരു ചോദ്യം വരും. അക്കാര്യം റസൂലുല്ലാഹി (സ) ഈ ഹദീസിലൂടെ വളരെ വ്യക്തമായ നിലയിൽ വിവരിക്കുന്നു: ഒരു സ്ത്രീ അവളുടെ ഭർത്താവിന്റെ വീട്ടിന്റെയും, സന്താനങ്ങളുടെയും ഉത്തരവാദിത്വമുള്ളവളാണ്. അവളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് അവളോട് ചോദിക്കപ്പെടും. (അബൂദാവൂദ്) ഈ ഹദീസാണ്: നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുക. പഴയ അജ്ഞാന കാലത്തെ സൗന്ദര്യ പ്രകടനം പോലുള്ള സൗന്ദര്യ പ്രകടനം നിങ്ങൾ നടത്തരുത്. (സൂറത്തുൽ അഹ്സാബ്: 33) എന്ന ആയത്തിന്റ ശരിയായ വിശദീകരണം. രാഷ്ട്രീയം, ഭരണം തുടങ്ങിയ ഗൗരവമുള്ള കാര്യങ്ങളെക്കാൾ ഗൗരവം കുറഞ്ഞ കാര്യങ്ങളായ, വീടിനു പുറത്ത് വെച്ച് നിർവഹിക്കേണ്ട നിർബന്ധ കടമകളിൽ നിന്നുപോലും സ്ത്രീകളെ ഒഴിവാക്കി എന്നറിയിക്കുന്ന ഹദീസുകൾ ഇതിന്റെ കൂടുതൽ വിശദീകരണം ൽകുന്നു.

ഉദാഹരണമായി: ഹദീസിൽ വരുന്നു: ജുമുഅ നമസ്കാരം എല്ലാ മുസ്ലിമീങ്ങളും സംഘമായി നിർവഹിക്കൽ നിർബന്ധമായ കടമയാണ്. നാലു കൂട്ടർ ഒഴികെ: അടിമകൾ, സ്ത്രീകൾ, കുട്ടികൾ, രോഗികൾ. (അബൂദാവൂദ്) ഉമ്മു അതിയ്യ (റ) പറയുന്നു: ജനാസകളെ പിന്തുടരുന്നതിൽ നിന്നും ഞങ്ങളെ തടയപ്പെട്ടിരുന്നു. (ബുഖാരി)

എന്റെ ഈ വാദങ്ങൾക്ക് ശക്തി പകരുന്ന നിലയിലുള്ള ശക്തമായ ബൗദ്ധികമായി തെളിവുകളും എന്റെയടുക്കൽഉണ്ട്. ആരെങ്കിലും വെല്ലുവിളിയുമായി വരികയാണെങ്കിൽ എനിക്ക് സമർപ്പിക്കാനും കഴിയും. എന്നാൽ ബൗദ്ധികമായ തെളിവുകൾ ഇവിടെ ആരും ആവശ്യപ്പെട്ടിട്ടില്ല. ഏതെങ്കിലും ഒരു മുസ്ലിം

ഒരു സ്ത്രീക്ക് നിയമസഭാ അംഗത്വം നൽകുന്നത് ഇസ്‌ലാമിക ശരീഅത്ത് ഒരു നിലയിലും അനുവദിക്കുന്നില്ല എന്ന് വളരെ വ്യക്തമായ നിലയിൽ മൗദൂദി സാഹിബ് വ്യക്തമായി സ്ഥിരപ്പെടുത്തി അതാണ് നമുക്കിവിടെ ആവശ്യമുള്ളത്. അല്ലാഹുവും റസൂലും ഇത്രയും വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയ, ഷരീഅത്ത് ഇത്രയും വ്യക്തമായി പറഞ്ഞ കാര്യം ഒരിക്കലും ഗവേഷണ പരിധിയിൽ വരുന്ന വിഷയമേയല്ല, എന്ന കാരണത്താൽ തന്നെ ഓരോ മുസ്‌ലിമും ഒരു ചർച്ചയില്ലാതെ തന്നെ ഇക്കാര്യം അംഗീകരിക്കൽ നിർബന്ധവുമാണ് ന്നും മൗദൂദി സാഹിബ് തീർത്തു പറഞ്ഞു.

മൗദൂദി സാഹിബ് ഈ ലേഖനം തയ്യാറാക്കുന്നത് 1952 ലാണ്. ആ സമയം പാകിസ്ഥാനിൽ ഒരു ജനാധിപത്യ ഭരണകൂടം ആയിരുന്നു. അതിന്റെ ആറോ ഏഴോ വര്ഷങ്ങൾക്കു ശേഷം അക്കാലത്തെ സൈനിക മേധാവിയായിരുന്ന ജനറൽ അയ്യൂബ് ഖാൻ ഭരണം പിടിച്ചെടുക്കുകയും അദ്ദേഹം പാകിസ്ഥാൻ പ്രസിഡന്റാകുകയും ചെയ്തു. കുറഞ്ഞ വർഷങ്ങൾക്കു ശേഷം അദ്ദേഹം ഒരു തിരഞ്ഞടുപ്പിലൂടെ പാകിസ്ഥാൻ പ്രസിഡന്റ് ആകാനാഗ്രഹിക്കുകയും തിരഞ്ഞടുപ്പ് പ്രഖ്യാപിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ അദ്ദേഹത്തിന് എതിരിൽ പാകിസ്ഥാനിലെ അധിക രാഷ്ട്രീയ പാർന്റ്ടികളുടേയും ഒരു ഐക്യ വേദി നിലവിൽ വന്നു. ജമാഅത്തെ ഇസ്‌ലാമിയും ഈ സംഘത്തിൽ ഉണ്ടായിരുന്നു എന്നല്ല ഈ സംഘം കെട്ടിപ്പടുക്കുന്നതിൽ ജമാഅത്തെ ഇസ്‌ലാമി മുൻനിരയിൽ തന്നെ ഉണ്ടായിരുന്നു. അക്കൂട്ടത്തിൽ ഇസ്‌ലാമുമായി പുലബന്ധമില്ലാത്ത പാർട്ടികളും ഉണ്ടായിരുന്നു. ഉദാഹരണമായി കിഴക്കൻ പാകിസ്ഥാനിലെ അറിയപ്പെട്ട ലീഡർ ആയിരുന്ന പാഷയുടെ പാർട്ടി. അത് തികഞ്ഞ ഒരു കമ്മ്യൂണിസ്റ്റ്പാർട്ടിയായിരുന്നു. മൗദൂദി സാഹിബിന്റെ ദീനിൽ തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക എന്ന നിയമമനുസരിച്ച് ജമാഅത്തെ ഇസ്‌ലാമി ഈ ഘട്ടത്തിൽ ഇവരെ എല്ലാവരെയും കൂട്ടി ഭരണം നേടുന്നതിനുള്ള പരിശ്രമം തുടങ്ങി. ഭരണത്തിൽ പങ്കുപറ്റൽ പ്രതിഫലർഹമായ സൽകർമ്മം ആയി അവർ അക്കാലത്ത് കണക്കാക്കിയിരുന്നു. പ്രസ്തുത സംഘം ജനറൽ അയ്യൂബിനെതിരെ ഒരു പൊതുസമ്മതനായ സ്ഥാനാർഥിയെ നിർത്തുന്നതിനെ കുറിച്ച് ആലോചിച്ചപ്പോൾ ഉയർന്നു വന്ന പേര് മുഹമ്മദലി ജിന്നയുടെ സഹോദരി ഫാത്തിമ ജിന്നയുടെ പേരായിരുന്നു. അതോടെ മൗദൂദി സാഹിബിന്റ മേൽ പറഞ്ഞ ലേഘനം ഒരു സ്ഥലത്തും അത്യാവശ്യ ഘട്ടങ്ങളിൽ ശവം തിന്നുന്നത് അനുവദിച്ചിട്ടുണ്ട് എന്നല്ല പന്നിയിറച്ചി പോലും തിന്നുന്നത് അനുവദിച്ചിട്ടുണ്ട് തുടങ്ങിയ ന്യായങ്ങളുടെ അകമ്പടിയോടെ നിലപാട് മറ്റൊരു നിലയിലുമായിത്തീർന്നു.

അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും വ്യക്തമായ വിധിവിലക്കുകൾ കേട്ട ശേഷം അവൻ അമൽ ചെയ്യുന്നതിന് മുമ്പായി, അല്ലെങ്കിൽ അമൽ ചെയ്യുന്നതിനുള്ള നിബന്ധനയായി ബൗദ്ധികമായ തെളിവുകൾ ആവശ്യപ്പെടാനുള്ള ഏതെങ്കിലും അർഹതയുള്ളതായി ഞാൻ അംഗീകരിക്കാൻതയ്യാറല്ല. മുസ്‌ലിം യഥാർത്ഥ മുസ്‌ലിം ആണെങ്കിൽ അല്ലാഹുവിന്റെയും റസൂലിന്റെയും വിധിവിലക്കുകൾ കേട്ടാൽ ആ കല്പനയനുസരിച്ച് പ്രവർത്തിക്കണം. പിന്നീട് മാനസികമായി ഉറപ്പ് ലഭിക്കുന്നതിനു വേണ്ടി തെളിവുകൾ ആവശ്യപ്പെടുന്നതിൽ പ്രശ്നമില്ല. എന്നാൽ ഒരാൾ പറയുന്നു :എനിക്ക് ആദ്യമായി ബൗദ്ധികമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇത് സ്ഥിരപ്പെടുത്തിത്തരിക. എനിക്ക് ബോധ്യമായാൽ ഞാൻ അല്ലാഹുവിന്റെയും

“

**അല്ലാഹുവിന്റെയും റസൂലിന്റെയും കല്പ്പന അനുസരിക്കുന്നതിനു മുമ്പായി അതിനുള്ള ബൗദ്ധികമായ തെളിവുകൾ ആവശ്യപ്പെടുന്നവരുടെ സ്ഥാനം ഇസ്‌ലാമിന്റ ഉള്ളിലല്ല. മറിച്ച് ഇസ്‌ലാമിന്റെ പുറത്താണ് ഉള്ളത്. പിന്നെങ്ങനെയാണ് ഒരു ഇസ്‌ലാമിക ഭരണകൂടത്തിന്റ നിയമനിർമ്മാണ സഭയിൽ നമ്മുടെ പ്രതിനിധിയായി അവനെ നാം അംഗീകരിക്കുക.**

”

റസൂലിന്റെയും വിധി വിലക്കുകൾ അനുസരിക്കും. അല്ലെങ്കിൽ ഞാൻ അംഗീകരിക്കാൻ തയ്യാറല്ല. എന്ന നിലയിൽ അല്ലാഹുവിന്റെയും റസൂലിന്റെയും കല്പ്പന അനുസരിക്കുന്നതിനു മുമ്പായി അതിനുള്ള ബൗദ്ധികമായ തെളിവുകൾ ആവശ്യപ്പെടുന്നവരുടെ സ്ഥാനം ഇസ്‌ലാമിന്റ ഉള്ളിലല്ല. മറിച്ച് ഇസ്‌ലാമിന്റെ പുറത്താണ് ഉള്ളത്. പിന്നെങ്ങനെയാണ് ഒരു ഇസ്‌ലാമിക ഭരണകൂടത്തിന്റ നിയമനിർമ്മാണ സഭയിൽ നമ്മുടെ പ്രതിനിധിയായി അവനെ നാം അംഗീകരിക്കുക.

ഇതിനു ശേഷവും മൗദൂദി സാഹിബ് പ്രസ്തുത ലേഖനത്തിലൂടെ ഈ വിഷയത്തിൽ വരാവുന്ന മറ്റു ചില സംശയങ്ങള്ക്കും മറുപടി നല്ക്യിരുന്നു. അവയെല്ലാം നല്ല മറുപടികൾ ആയിരുന്നു. നമ്മുടെ ഇവിടുത്തെ വിഷയവുമായി ബന്ധം വരുന്നില്ലാത്തതിനാൽ ആ ചർച്ച ഒഴിവാക്കി നമ്മുടെ ചർച്ചയുമായി ബന്ധമുള്ള വിഷയങ്ങൾ മാത്രം ഇവിടെ ഉദ്ധരിച്ചതാണ്.

മീഡിയ മെസേജ്

എൻ. കെ. അബ്ദുസമദ് മാട്ടൂൽ

# ദുരന്തം

ഒരു വശത്ത് ആൺ അവസ്ഥകളെ മഹത്വവൽക്കരിക്കുകയും വിഗ്രഹവൽക്കരിക്കുകയും ചെയ്യുവാൻ വേണ്ടി ഫെമിനിസം; മറ്റൊരു വശത്ത് സകല വിധ അധാർമ്മികതകൾക്കും ന്യായീകരണം നിർമ്മിച്ച് നൽകുന്ന ലിബറലിസം; പഞ്ചായത്തുകൾ തോറും നിങ്ങൾ ആണാണോ അതല്ല പെണ്ണാണോ എന്ന് തീരുമാനിക്കുന്നത് ജന്മനാ ലഭിച്ച നിങ്ങളുടെ ലിംഗമല്ല, പ്രത്യുത ബോധമുണ്ടായിക്കഴിഞ്ഞശേഷമുള്ള നിങ്ങളുടെ അനുഭവങ്ങൾ മാത്രമാണെന്ന് പഠിപ്പിക്കാനായുള്ള ജെൻഡർ ക്ലബ്ബുകൾ; അതോടൊപ്പം തന്നെ ആൺകുട്ടികളെയും പെൺകുട്ടികളെയും തിരിച്ചറിയാത്ത വസ്ത്രങ്ങളും കൂടി അടിച്ചേല്പിക്കപ്പെടും. സ്വവർഗ്ഗാനുരാഗം എതിർവർഗ്ഗാനുരാഗം പോലെ സ്വാഭാവികമാണെന്നായിരിക്കും ജെൻഡർ ക്ലബ്ബ്കളിൽ വെച്ച് പഠിപ്പിക്കപ്പെടുക. ഇതിന്റെ ഫലമായി ആൺകുട്ടികളിലും പെൺകുട്ടികളിലും സ്വവർഗ്ഗാനുരാഗികൾ വർധിക്കും; ബാധയതയില്ലാത്ത സെക്സ് എന്ന നിലയിൽ പെൺകുട്ടികൾ കൂടുതലായി ലെസ്ബിയനിസത്തിലേക്ക് ആകർഷിക്കപ്പെടും; വിവാഹപ്രായവർദ്ധനവ് കൂടിയാകുമ്പോൾ സ്വവർഗ്ഗാനുരാഗത്തിനുള്ള പരിശീലനം കോളേജ് കാമ്പസുകളിൽ നിന്ന് തന്നെ ലഭിക്കും. ആൺ ആകണമെന്നാഗ്രഹിക്കുന്ന പെൺകുട്ടികളുടെ എണ്ണം കൂടും. നമ്മുടെ നാട്ടിൽ ജെൻഡർ ഡിസ്ഫോറിയാ രോഗികൾ വർധിക്കും; ലിംഗമാറ്റശസ്ത്രക്രിയക്കായുള്ള ആശുപത്രികൾ എല്ലാ പട്ടണങ്ങളിലും ആവശ്യമായിത്തീരും; അവരുടെ മനസികപ്രശ്‌ങ്ങൾ പരിഹരിക്കാനെന്ന രീതിയിലുള്ള മനോരോഗകേന്ദ്രങ്ങൾ നിരവധി വേണ്ടി വരും. ലിംഗം മാറിയവർക്ക് തിരിച്ച് മാറണമെന്ന് തോന്നിയാൽ അതിന് കഴിയുന്നതിന് ലിംഗപുനഃപരിവർത്തനകേന്ദ്രങ്ങളും തുറക്കേണ്ടി വരും. ആരോഗ്യത്തെ കച്ചവടം ചെയ്യുന്നവർക്ക് നല്ല കാലം വരാൻ പോകുന്നുവെന്ന് പറയാം; രാഷ്ട്രീയക്കാർക്ക് മന്ത്രിസഭയിൽ ഒരു വകുപ്പിന് കൂടിയുള്ള സാധ്യതയുണ്ടെന്ന് കരുതി സമാധാനിക്കാം. സമൂഹത്തെ നേരായ മാർഗ്ഗത്തിലൂടെ നയിക്കാൻ ബാധ്യസ്ഥരായ പണ്ഡിതന്മാർക്കും പ്രബോധകർക്കും ബാധ്യതകൾ കൂട്ടുകയാണ്. ഉമ്മത്തിന് ഇതിന്നെതിരെ ക്രിയാത്മകമായി എന്ത് ചെയ്യാനാകുമെന്ന് എല്ലാവരും ചിന്തിക്കുക. കേവലമായ പ്രതിഷേധ സമരങ്ങൾ കൊണ്ട് കാര്യമെന്തെങ്കിലും ഉണ്ടാകുമെന്ന് തോന്നുന്നില്ല. സമുദായത്തെ ഈ വിഷയങ്ങളിൽ ബോധവൽക്കരിക്കുകയും യുവതീയുവാക്കളെയും വിദ്യാർത്ഥികളെയും വിഷയാധിഷ്ഠിതമായി ശാക്തീകരിക്കുകയും വേണം. അല്ലെങ്കിൽ നമ്മുടെയെല്ലാം മക്കളിൽ നിന്ന് തന്നെ സ്വവർഗ്ഗാനുരാഗികളും വിവാഹനിഷേധികളും ജെൻഡർ ഡിസ്ഫോറിയ രോഗികളുമെല്ലാം ഉണ്ടായിവരുന്നത് നമുക്ക് കാണേണ്ടി വന്നേക്കും. അല്ലാഹു കാക്കട്ടെ, ആമീൻ. ■

ജെ. കെ

# അംഗീകാരം

കുട്ടികളായ നമുക്ക് അംഗീകാരം വലിയൊരു പ്രോത്സാഹനമാണ് . ചെറുപ്രായത്തിൽ മാതാപിതാക്കൾ കൊച്ചുകൊച്ചു സന്തോഷിപ്പിക്കലുകളിലൂടെ നമ്മെ അംഗീകരിക്കുന്നു .

സ്കൂളുകളിൽ പഠിക്കുമ്പോൾ അധ്യാപകർ കുട്ടികൾക്ക് നൽകുന്ന പ്രചോദനങ്ങൾ അവർക്ക് വലിയൊരു അംഗീകാരം കൂടിയാണ് .

അംഗീകാരം തലച്ചോറിൽ നടക്കുന്ന പ്രവർത്തനങ്ങളെ സ്വാധീനിച്ച് നിരന്തര പരിശ്രമങ്ങൾക്ക് വഴിയൊരുക്കും. അതിനാൽ തന്നെ മാതാപിതാക്കളോ അധ്യാപകരോ കുട്ടികൾക്ക് വാക്കുകളാലോ സമ്മാനങ്ങളാലോ നൽകുന്ന അംഗീകാരങ്ങൾ അവരെ സ്നേഹവും കടപ്പാടുമുള്ളവരാക്കി മാറ്റുകയും ചെയ്യും

വീട്ടിൽ നിന്നോ അധ്യാപകരിൽ നിന്നോ അംഗീകാരം കിട്ടാതെ വന്നാൽ കുട്ടികൾ അംഗീകാരം ലഭിക്കുന്ന ഇടങ്ങൾ തേടിപ്പോകുകയും, അതവരെ വഴിതെറ്റിക്കുകയും ദുർമാർഗ്ഗികളുടെ താവളങ്ങളിൽ അകപ്പെടുത്തുകയും ചെയ്യും .

നമുക്കൊരു സ്രഷ്ടാവ് ഉണ്ട് എന്നംഗീകരിക്കലാണ് നമ്മൾ നേടുന്ന ആദ്യത്തെ അംഗീകാരം .

നമ്മുടെ ജീവിതത്തിനൊരു ലക്ഷ്യമുണ്ടെന്ന് അംഗീകരിക്കലാണ് രണ്ടാമത്തെ അംഗീകാരം . ഈ രണ്ട് അംഗീകാരവുമില്ലെങ്കിൽ ഒരു സന്തോഷവും ജീവിതത്തിൽ നേടാൻ കഴിയില്ല എന്ന് മാത്രമല്ല ഭൌതിക സുഖങ്ങൾ മാത്രമന്വേഷിച്ച് നമ്മെ തന്നെ നാം സ്വയം നാശത്തിലേക്ക് തള്ളിവിടുകയും ചെയ്യും.

നമ്മൾ നമ്മെ തന്നെ അംഗീകരിക്കലാണ് മൂന്നാമത്തെ അംഗീകാരം . നമ്മുടെ തന്നെ കുറവുകൾ നമ്മൾ തന്നെ കണ്ടെത്തുകയും ജീവിത വിജയമോ ലക്ഷ്യമോ നേടുന്നതിൽ അതൊന്നും ഒരു തടസ്സമല്ലെന്നും എല്ലാം സർവ്വശക്തനായ അല്ലാഹുവിൽ ഭരമേല്പിച്ച് പരിശ്രമിക്കലാണ് തന്റെ കർത്തവ്യം എന്നു നാം മനസ്സിലാക്കണം.

ജീവിതത്തിൽ പല പ്രശ്നങ്ങളേയും അഭിമുഖീകരിക്കേണ്ടി വരുമെന്നും അവിടെയെല്ലാം ക്ഷമ കൈക്കൊള്ളണമെന്ന് നമ്മെ ബോധ്യപ്പെടുത്തലാണ് നാലാമത്തെ അംഗീകാരം .

നമ്മുടെ പ്രാർത്ഥനകൾ ഇല്ലെങ്കിൽ സർവ്വശക്തനായ അല്ലാഹു നമ്മെ എങ്ങനെ പരിഗണിക്കും ?

അതിനാൽ അല്ലാഹുവിൻറെ പരിഗണന നേടാൻ സമയങ്ങൾ കണ്ടെത്തുക ഒപ്പം നമ്മോടൊപ്പം ജീവിക്കുന്ന സഹജീവികൾക്ക് ഉപകാരങ്ങൾ ചെയ്ത് അവരുടെ അംഗീകാരവും നേടുക.

മനുഷ്യരെ കൊണ്ടും നല്ലത് പറയിപ്പിക്കുന്നത് അല്ലാഹുവിന് ഇഷ്ടപ്പെട്ട കാര്യമാണ്. ■